1247

വിദേശീയരുടെ ആധിപത്യത്തിനു മുമ്പിൽ തല കുനിയ്ക്കാതെ അവസാനനിമിഷം വരെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടി വീരസ്വർഗ്ഗം വരിച്ച പഴശ്ശി കേരളവർമ്മരാജയുടെ ചരിത്രം നമുക്കു വളരെ കുറച്ചു മാത്രമേ കിട്ടീട്ടുള്ളു. വെള്ളക്കാരായ ചരിത്രകാരന്മാർ കൂടി പഴശ്ശിയെ ബഹുമാനിച്ചിരുന്നുവെന്നു് അവരുടെ ഡയറിക്കുറിപ്പുകളിൽ നിന്നും, കത്തിടപാടുകളിൽനിന്നും തെളിയുന്നുണ്ടു്. പുരളിമലയിലെ ഗുഹാകൾക്കും വയനാടൻകുന്നുകളിലെ ശിലാതലങ്ങൾക്കും സംസാരിയ്ക്കാനുള്ള കഴിവുണ്ടായിരുന്നുവെങ്കിൽ പഴശ്ശിയുടെ വീരകഥകൾ പലതും അവ നമുക്കു പറഞ്ഞുതരുമായിരുന്നു!!

അന്നു വിദേശീയർക്കെതിരായി പഴശ്ശിത്തമ്പുരാൻ നടത്തിയ നിരവധി ധീരസമരങ്ങളിലൊന്നിന്റെ ചെറിയയൊരംശമെടുത്തു് ഇവിടെ വിവരിയ്ക്കാനേ ശ്രമിച്ചിട്ടുള്ളു. നാം നേടിയ സ്വാതന്ത്ര്യത്തിന്റെ വില നമ്മുടെ കുട്ടികൾക്കു വേണ്ടപോലെ മനസ്സിലാവേണമെങ്കിൽ അതിനുവേണ്ടി ആത്മാർപ്പണമനുഷ്ഠിച്ച വീരാത്മാക്കളുടെ ചരിത്രങ്ങൾ അവർ വായിച്ചറിയുകയും പഠിയ്ക്കുകയും വേണം. ജിജ്ഞാസുക്കളായ ഇന്നാട്ടിലെ കുട്ടികൾക്കു ചരിത്രപരമായ ഒരു ചെറിയകഥ കൊടുക്കാൻ കഴിഞ്ഞതിൽ ഇതെഴുതിയ ആൾക്കു സന്തോഷമുണ്ടു്. കുപ്പുകൈ.

---

KERALA EDITION

കേരള ബുക്ക് ഡിപ്പോ : കോഴിക്കോട്-1

# പഴശ്ശിയുടെ
# പടവാൾ

വി. കെ. നായർ

The Kerala Book Depot

Huzur Road : CALICUT-1

# 1958

വില:

ഒരുറുപ്പിക

അച്ചടി: എസ്. ആർ. പി. കുന്നംകുളം

# പഴശ്ശിയുടെ പടവാൾ

## ഒന്നു്

നേരം അസ്തമിയ്ക്കാൻ തുടങ്ങുകയാണു്. പടിഞ്ഞാറൻ ചക്രവാളത്തിൻെറ വിരിമാറിൽ ഒരു പൊൻപതക്കം പോലെ തൂങ്ങിനില്ക്കുന്ന ചരമസൂര്യനെ ചാടിപ്പിടിയ്ക്കാൻവേണ്ടി കടൽത്തിരകൾ കയ്യേന്തുകയാണു്. അറബികളുടെയും ലന്തക്കാരുടെയും നൌകകൾകൊണ്ടു നിറഞ്ഞ തലശ്ശേരിത്തുറമുഖത്തിന്നു് അന്നു് അഭൂതപൂർവ്വമായ ഒരു തിരക്കും തകൃതിയുമുള്ളതുപോലെ തോന്നി. കാൽമടമ്പു വരെ നീണ്ടിറങ്ങുന്ന മേലങ്കിയും, കനത്ത തലക്കെട്ടും, കൈയിലെ ജപമാലകളുടെ മണികൾക്കൊപ്പം ചലിച്ചുകൊണ്ടിരിയ്ക്കുന്ന ചുണ്ടുകളും, തുടുത്ത മുഖവും, കടഞ്ഞെടുത്ത ശരീരവുമുള്ള അറബിവ്യാപാരികൾ കടൽത്തീരത്തു പൂഴിയിൽ അവിടവിടെ വലിച്ചുകേററിയിട്ട തോണിക്കൊമ്പുകളിലിരുന്നു സായന്തനാകാശത്തിൻെറ ഭംഗി നുകരുകയും മനുഷ്യരുടെ ഭാഗ്യനിർഭാഗ്യങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിയ്ക്കുന്ന അള്ളാഹുവിൻെറ അപാരമായ കൃപയ്ക്കുവേണ്ടി നിശ്ശബ്ദമായി പ്രാർത്ഥിയ്ക്കുകയും ചെയ്യുന്നു. പല തരത്തിലും വേഷത്തിലുമുള്ള വിദേശവ്യാപാരികളും, അവരുടെ സിൽബന്തികളും, ദ്വിഭാഷികളും, മദ്ധ്യവർത്തികളും, തൊഴിലാളികളും, മുതലാളികളുമായി ഒരു വമ്പിച്ച പുരുഷാരം പലതും പറഞ്ഞും, പിറുപിറുത്തും, വാദിച്ചും, കല്പിച്ചും, വഴക്കടിച്ചും; വില പേശി

യും, ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നും തലശ്ശേരി കടപ്പുറത്തിന്നു് അന്നു് എന്നുമില്ലാത്ത വിധത്തിൽ ഒരു നവജീവൻ നല്കി.

കഴിഞ്ഞ മൂന്നു മാസക്കാലമായി മലയാളക്കര കാലവഷ്ത്തിന്റെ ഊക്കോറ മയങ്ങിക്കിടക്കുകയായിരുന്നു. തൊഴിലും വ്യാപാരവുമൊക്കെ മുടങ്ങി ജീവിതത്തിന്റെ എല്ലാം തുറകളിലും ഏതാണ്ടൊരു സ്തംഭനാവസ്ഥയാണു് അനുഭവപ്പെട്ടുകൊണ്ടിരുന്നതു്. മലബാറിനെസ്സംബന്ധിച്ചേടത്തോളം മഴക്കാലം അങ്ങിനെയൊരവസ്ഥ സൃഷ്ടിയ്ക്കാറുണ്ടു്. കടൽ വഴിയ്ക്കുള്ള വ്യാപാരം തീരെ നിലയ്ക്കും. കാലവഷ്ത്തിന്റെ പ്രഥമസന്ദേശവുംകൊണ്ടു് ആദ്യമായി വീശിയണയുന്ന തെക്കുപടിഞ്ഞാറൻ കാററിന്റെ അതിലോലമായൊരു തലോടൽ എല്ലമ്പോഴേയ്ക്കും അറബിക്കടലിന്നു പുളകം മുളയ്ക്കും. പിന്നെ തുടങ്ങുന്നതു് അതിരു കവിഞ്ഞ ആവേശത്തിന്റെ കാലമാണു്. മലയാചലശൃംഗങ്ങളെ വെല്ലുവിളിയ്ക്കുന്ന അത്യുഗ്രങ്ങളായ തിരമാലകഠം അനുനിമിഷം ഇളകിമറിഞ്ഞുകൊണ്ടിരിയ്ക്കുന്ന ആ സമുദ്രജലത്തിൽ പ്രാണഭയമുള്ളവരാരും നൌകകളിറക്കാറില്ല. പറയത്തക്ക വ്യാപാരങ്ങഠം മുഴുവനും വിദേശികളുമായിട്ടു കടൽവഴിയ്ക്കു നടക്കുന്നതുകൊണ്ടു് കാലവഷ്ത്തിന്റെ ശക്തി കുറയുന്നതുവരെ എല്ലാവക്കും കയ്യുംകെട്ടി നോക്കിയിരിയ്ക്കേണ്ടിവരും.

എടവപ്പാതിയോടുകൂടി ആകാശം പിളക്കുന്ന ഇടിയും മലമറിയ്ക്കുന്ന കാററും ജലപ്രളയമിളക്കുന്ന മഴയുമായി കാലവഷം കടന്നുവരുന്നു. പിന്നീടു ചൂളിപ്പിടിച്ചിരുന്നു് തിരുവാതിര, പുണർതം എന്നിങ്ങനെ ഞാ

റവേലകളും മിഥുനം, കക്കിടകമെന്നിങ്ങിനെ മാസങ്ങളുമെണ്ണി വ്യാപാരികളൊക്കെ അക്ഷമരായി കഴിച്ചുകൂട്ടുകയാണു പതിവു്. 'കക്കിടകവാവും', 'ആടിപതിന്നാലും' കഴിഞ്ഞാൽ കടലിലെ കോളൊന്നു ശമിച്ചു കിട്ടുമെന്നു മലയാളികഠം പരക്കെ വിശ്വസിയ്ക്കുന്നു. പക്ഷെ ചില കാലങ്ങളിൽ ചിങ്ങപ്പകുതി വരെ രൂക്ഷമായ നിലയിൽ കാലവഷം തുടൎന്നെന്നു വരും.

കാലവഷത്തിൻെറ ആയുസ്സിനു നീളംകൂടിയ ഒരു കാലമായിരുന്നു അതു്. മഴയുടെ ശക്തിയും കാററും കോളും ഇന്നു-നാളെ അവസാനിച്ചു് അന്തരീക്ഷം തെളിയുമെന്നു കരുതിയവൎക്കൊക്കെ വല്ലാത്ത അസ്വാസ്ഥ്യവും ക്ഷമകേടും വൎദ്ധിയ്ക്കാൻ തുടങ്ങി. പൊന്നിൻചിങ്ങം പിറന്നിട്ടും പ്രകൃതിയുടെ മുഖത്തിൻെറ കറുപ്പു വിട്ടില്ല. മഴയ്ക്കു ശക്തി കൂടിവരികയാണു്. പിന്നേയും കഴിഞ്ഞു ഒന്നുരണ്ടാഴ്ചകഠം. ഓണം അടുത്തു വരുന്നു. ഇങ്ങിനെ പ്രകൃതിക്ഷോഭമുള്ള മലയാളക്കരയിൽ ഏതു നിലയിൽ ഓണമാഘോഷിയ്ക്കും? വിദേശികളെയും സ്വദേശികളെയും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ക്ലേശിപ്പിച്ചുകൊണ്ടിരുന്ന മഴ അത്തംനാഠം രാവിലെ ഒരു മുന്നറിയിപ്പും നൽകാതെ അണിയറയിലേയ്ക്കു പിൻവാങ്ങി.

മൂന്നര മാസത്തോളം നീണ്ടുനിന്ന കഠിനവഷത്തിൻെറ അവസാനത്തിൽ സൂര്യവെളിച്ചവും ഉന്മേഷവും വീണ്ടുകിട്ടിയ ദിവസമാണന്നു്. പാണ്ടികശാലകളിൽ അതു വരെ കെട്ടിക്കിടന്ന ചരക്കുകഠം നിമിഷംകൊണ്ടു കടൽത്തീരത്തെത്തിക്കഴിഞ്ഞു. ചെറിയചെറിയ തോണികളിൽ അവ പത്തേമ്മാരികളിലേയ്ക്കും പായക്കപ്പലു

കളിലേയ്ക്കും നീണ്ടിക്കഴിഞ്ഞു. വലിയ വ്യാപാരികൾക്കും മദ്ധ്യവർത്തികൾക്കും തൊഴിലാളികൾക്കും ചുമട്ടുകാർക്കും എല്ലാം അതിരുകവിഞ്ഞ ഉന്മേഷം കാണാനുണ്ട്. അതു വരെ ചത്തുകിടന്ന തലശ്ശേരിക്കടപ്പുറം പെട്ടെന്നു ശബ്ദായമാനമായിത്തീർന്നു. അവിടത്തെ ഓരോ പൂഴിത്തരിപോലും അന്ന് ആവേശപൂർവ്വം എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ടെന്നു തോന്നും.......

കടൽത്തിരകൾ പല തവണ കയ്യേന്തിയിട്ടും പിടി കിട്ടാത്ത ആ സ്വർണ്ണപ്പതക്കം ഒടുവിൽ ചരടോടുകൂടി അററ അതാ സമുദ്രജലത്തിൻെറ അഗാധതയിലേയ്ക്ക് ആണ്ടുപോകുന്നു. ക്രമേണ എങ്ങും ഇരുട്ടു വ്യാപിയ്ക്കാൻ തുടങ്ങി. നൌകകളിൽ മുഴുവൻ ദീപജാലങ്ങൾ പ്രകാശിച്ചു. ഓളത്തട്ടിൽ കിടന്നാടുന്ന പത്തേമ്മാരികളിലെ വിളക്കുകൾ ഇരുട്ടിൽ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിത്തുടങ്ങി. ദീപജാലങ്ങൾ നിറഞ്ഞ സമുദ്രം ഒരു കൊച്ചുഗന്ധർവ്വലോകം പോലെ കാണപ്പെട്ടു. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും, നൌകകളിലെ ദീപപ്രകാശം പ്രതിബിംബിയ്ക്കുന്ന സമുദ്രവും ഒന്നു മറെറാന്നിനെ അനുകരിയ്ക്കാൻ പരിശ്രമിയ്ക്കുകയായിരുന്നുവോ?

നേരം ഇരുട്ടിയിട്ടും തുറമുഖത്തെ തിരക്കുകൾ ഒഴിയാനുള്ള വട്ടമല്ല. വലിയ പന്തവും ചൂട്ടും കൊളുത്തി പുതിയപുതിയ ചുമട്ടുസംഘങ്ങൾ വ്യാപാരവസ്തുക്കളും ചുമന്നുകൊണ്ടു കടൽപ്പുറത്തേയ്ക്കു പ്രവഹിയ്ക്കുകയാണ്. അറബി, മലയാളം പരന്ത്രീസ്, ഇംഗ്ലീഷ് എന്നിങ്ങിനെ വിവിധഭാഷകളിലുള്ള ആജ്ഞാവചനങ്ങളും, അനുസരണവാക്യങ്ങളും അവിടവിടെ മുഴങ്ങി കേൾക്കാനുണ്ട്.

ചുരുക്കത്തിൽ ഈ പ്രപഞ്ചത്തിൻെറ ഒരു ചെറിയ പതി പ്പാണ് തലശ്ശേരികടൽപ്പുറമെന്നു തോന്നും, കണ്ടാൽ.

നേരം സന്ധ്യ കഴിഞ്ഞ് ഇരുട്ടിത്തുടങ്ങി. പരിഷ്കൃതരീതിയിൽ ചുമർച്ചിത്രങ്ങളും ഭൂപടങ്ങളുംകൊണ്ടലങ്കരിച്ച് തറയിൽ ചിത്രകംബളം വിരിച്ചു മോടിപിടിപ്പിച്ച, തൻെറ കാര്യാലോചനമുറിയിൽ കണ്ണൽ വെല്ലസ്ലി ആലോചനാമഗ്നനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. തുറന്നിട്ട ജാലകത്തിലൂടെ അകത്തേയ്ക്കു അടിച്ചുകയറുന്ന തണുത്ത കടൽക്കാററ സുലഭമായിരുന്നിട്ടും മധുരനാരങ്ങത്തൊണ്ടുപോലുള്ള സായ്പിൻെറ കവിൾത്തടം സ്വേദകണങ്ങൾകൊണ്ടു നനഞ്ഞിരിയ്ക്കുന്നു. കാഴ്ചയിൽ ബുദ്ധിശക്തിയും നയോപായങ്ങളും ധീരതയും സ്ഫുരിയ്ക്കുന്ന മുഖം ഉൽക്കണ്ഠയുടെ കേരളീരംഗമായി മാറിയത് ആക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. അകത്തു ജ്വലിച്ചുകൊണ്ടിരിയ്ക്കുന്ന വിചാരത്തിൻെറ ശക്തികൊണ്ടാവണം അത്രമേൽ ശീതളമായ ആ അന്തരീക്ഷത്തിലും സായ്പിനു വിയക്കാൻ കാരണം.

നേരിയ എന്തെങ്കിലും ശബ്ദം കേട്ടാൽ ഉടനെ ഒരു ചോദ്യരൂപത്തിൽ കണ്ണലിൻെറ കണ്ണുകൾ രണ്ടും വാതിൽപ്പഴുതിലൂടെ പുറംതളത്തിലേയ്ക്കു പായും. ഒരു നിമിഷം നിശ്ചലനായി അദ്ദേഹം അവിടെ നില്ക്കും. പുറത്താരും വന്നില്ലെന്നു മനസ്സിലായാൽ പുരികം വളച്ചു നൊറി ചുളിച്ച് തൻെറ അസംതൃപ്തി തികച്ചും പുറത്തുകാട്ടി വീണ്ടും നടക്കാൻ തുടങ്ങും. കനത്ത ബൂട്സിൻെറ മടമ്പുകൾ അപ്രതീക്ഷിതമായി നിലത്തിട്ടടിയ്ക്കും. അതിരു കവിഞ്ഞ പ്രുരാന്തേയ്ക്കു ചാടാൻ തുടങ്ങുന്ന ഏതോ

വികാരത്തെ അമർത്താനെന്നവണ്ണം കണ്ഠംകൊണ്ട് ഒരു പ്രത്യേകതരത്തിലുള്ള ശബ്ദമുണ്ടാക്കും. അതു കേട്ടാൽ അതുവരെയുള്ള ചിന്തകൾക്കു കണ്ണൽ ഒരു പൂർണ്ണവിരാമം ഇട്ടതാണെന്നാണു് തോന്നുക.

തൻെറ മുറിയിലുള്ള ഏകാന്തതയെ ഭഞ്ജിയ്ക്കുമാറ് ഏതോ വിദൂരതയിൽനിന്നു നേരിയൊരു മുഴക്കം കേൾക്കുന്നതുപോലെ കണ്ണലിന്നു തോന്നി. അത് അനുനിമിഷം അടുത്തടുത്തു വരികയാണു്. ഒരു ഹാർമ്മോണിയത്തിൽനിന്നു പുറപ്പെടുന്ന ശ്രുതിയുടെ ശബ്ദംതന്നെ. മുറിയ്ക്കകത്തോ, തളത്തിലോ, തോട്ടത്തിലോ എവിടെയാണതിൻെറ ഉത്ഭവസ്ഥാനമെന്നു മനസ്സിലാവുന്നില്ല. കൂടുതൽ ഉച്ചത്തിലും വ്യക്തമായും അതു കേൾക്കുന്നു. തൻെറ ഏകാന്തചിന്തയെ സൈ്വരംകെടുത്തുന്ന ആ പുതിയ ശബ്ദം കണ്ണകഠോരമല്ലെങ്കിലും കണ്ണലിന്നത് ആ പ്രത്യേകസന്ദർഭത്തിൽ വലിയ ശല്യമായിത്തീൻ.

"എന്താണതു്?" വെല്ലസ്ലി മുറിയുടെ നടുവിൽനിന്നു നാലുഭാഗത്തും കണ്ണോടിച്ചു. ആ ശബ്ദം അടുത്തടുത്തു വരുന്നു. തുറന്നിട്ട ജാലകത്തിലൂടെ ആ ശബ്ദത്തിൻെറ ഉടമസ്ഥൻ, ആരാലും തികച്ചും അപ്രാപ്യമെന്നു കരുതപ്പെട്ട ആ മുറിയിൽ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാൻ പോലും കാത്തുനില്ക്കാതെ കടന്നുചെന്നു. ഒരു കൂററൻ കരിവണ്ട്! ഓണക്കാലത്തു വിരിയുന്ന രാപ്പൂക്കളിൽനിന്നു മതിവരുവോളം തേൻ കുടിച്ചു മദോന്മത്തനായി ഓണനിലാവിൽ ഉലാത്താനിറങ്ങിയ ആ വണ്ട് പുതിയൊരു സംസ്കാരത്തിൻെറയും അധികാരത്തിൻെറയും സന്ദേശം വഹിച്ചുകൊണ്ടു മലനാട്ടിലെത്തിയ സാക്ഷി

ഒന്ന ഒന്നു സന്ദർശിച്ചുകളയാമെന്നു വിചാരിച്ചാവണം തൻെറ പ്രയാണപഥം ആ വഴിയ്ക്കു തിരിച്ചുവിട്ടതു്.

വെല്ലസ്ലിയ്ക്കു കാര്യം മനസ്സിലായി. ഒരു വണ്ടത്തിൻെറ ശബ്ദം തന്നെ ഇത്രമേൽ അസ്വാസ്ഥനാക്കിയതിൽ അദ്ദേഹം അല്പമൊന്നു ലജ്ജിച്ചു. വീണ്ടും തൻെറ ചിന്താലോകസഞ്ചാരം തുടൎന്നു. മലനാട്ടിൻെറ അധീശാധികാരം നാട്ടുകോയ്മകളിൽനിന്നും ഭരണാധികാരികളിൽനിന്നും ബലം പ്രയോഗിച്ചു വെട്ടിപ്പിടിച്ചു് ഇംഗ്ലീഷുകാൎക്കു സമ്മാനിയ്ക്കാൻവേണ്ടി പട്ടാളമേധാവിയുടെ പദവിയും വഹിച്ചു മലനാട്ടിലെത്തിയ കൎണ്ണൽ വെല്ലസ്ലിയെ തരിമ്പും കൂസാതെ, അദ്ദേഹത്തിൻെറ സാന്നിദ്ധ്യമുണ്ടെന്നു ഭാവിയ്ക്കകൂടിച്ചെയ്യാതെ, ആ കരിവണ്ടു് കാര്യാലോചനാമുറിയുടെ ഓരോ മുക്കും മൂലയും, തട്ടിൻപുറവും അലമാറയും എല്ലാംതന്നെ തൻെറ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കി. ഒടുവിൽ, ഉഗ്രപ്രഭാവനായി പ്രകാശപ്രചുരിമ ചൊരിഞ്ഞുകൊണ്ടു് മേശപ്പുറത്തു നിന്നെരിയുന്ന വലിയ വിളക്കിൻെറ നേൎക്കു ഒരു ആക്രമണത്തിനുള്ള വട്ടമായി. തോക്കിൽനിന്നു കാരിരുമ്പുണ്ടയെന്നവണ്ണം കടുത്ത ശക്തിയോടുകൂടി ആ വണ്ടു് മേശവിളക്കിനെ ലക്ഷ്യമാക്കി ആദ്യത്തെ കയ്യേററം നടത്തി; അതു വിജയകരമായില്ല. ചിറകുകളുടെ ചലനമേററ വിളക്കിൻനാളം ഒന്നു ശക്തിയായിട്ടു കലുങ്ങി; പളുങ്കുകുഴൽ ഇളകി; അക്രമി പിന്നോട്ടാഞ്ഞു നിലത്തു വീണു.

ആ സംഭവത്തോടുകൂടി വീണ്ടും വണ്ടു് കൎണ്ണലിൻെറ ശ്രദ്ധയിൽപ്പെട്ടു. ആദ്യത്തെ പരാജയംകൊണ്ടു മനസ്സു

മടുത്തു പിൻമാറാൻമാത്രം ഭീരുത്വം മലനാടിൻെറ മണ്ണിൽ പിറന്ന ആ വണ്ടിനുണ്ടായിരുന്നില്ല. അതു വീണ്ടും വീണ്ടും മുരണ്ടുകൊണ്ടു മേശവിളക്കിനെ ലക്ഷ്യം വെച്ചു തൻെറ ആക്രമണം തുടൎന്നു. പല തവണ വിളക്കു കെട്ടെന്നും മുറിയിൽ ഇരുട്ടു വ്യാപിച്ചെന്നും ധരിച്ച് കണ്ണലിന്നു മേശയുടെ സമീപത്തേയ്ക്ക് ഓടിയെത്തേണ്ടി വന്നു. ഒരു തവണ ആ വണ്ട് വിളക്കിൻകുഴലിലൂടെ, എരിഞ്ഞുകൊണ്ടിരിയ്ക്കുന്ന തീനാളത്തെ തച്ചുകെടുത്താൻ അതിനകത്തു ചാടിവീണു. അതിഭയങ്കരമായ ഒരു സംഘട്ടനംതന്നെ നടത്തി. ഇന്ത്യയുടെ മണ്ണിൽ ആവേശകരമായ പല ആക്രമണങ്ങളും നടത്തി വെള്ളക്കാരുടെ വിജയപതാക പറപ്പിച്ച കൎണ്ണൽ വെല്ലസ്ലി ആ കരിവണ്ടിൻെറ മുമ്പിൽ കൎത്തവ്യവാമൂഢനായി കയ്യുംകെട്ടി നില്ക്കേണ്ടിവന്നു! തൻെറ വിളക്കിൻെറ ശക്തിയെക്കുറിച്ചും, അതിൽ എരിഞ്ഞുകൊണ്ടിരിയ്ക്കുന്ന തീനാളത്തിൻെറ ചൂടിനെക്കുറിച്ചും അതിരുകവിഞ്ഞ മതിപ്പുണ്ടായിട്ടുകൂടി "കൎത്താവേ! വിളക്കു കെട്ടു" എന്നൊരു തോന്നൽ സായ്വിൻെറ ഉള്ളിൽ സൃഷ്ടിക്കാൻമാത്രം കരുത്തുള്ളതായിരുന്നു ഇത്തവണ വണ്ടിൻെറ ആക്രമണം. വിളക്കു കെട്ടാലും ആ പൊള്ളുന്ന കുഴലിൽനിന്നു വണ്ടിനു പ്രാണനോടുകൂടി തിരിച്ചുപോകാൻ കഴിയില്ലെന്നു കണ്ണൽ ധരിച്ചു. വിളക്കു കെട്ടാൽ വീണ്ടും കൊളുത്താം, സാരമില്ല. അതോടെ വണ്ടിൻെറ നാശംവരുമല്ലോ എന്നോൎത്തു അദ്ദേഹം സമാധാനിച്ചു പക്ഷേ, പ്രതീക്ഷിച്ച നിലയിലല്ല കാൎയ്യമുണ്ടായതു്. വണ്ട് ഒരു വലിയ സമരത്തിനു ശേഷം വീണ്ടും ആകാശത്തിലേയ്ക്കു മൂളിക്കൊണ്ടുയൎന്നു.

വിളക്കു കെട്ടു—കെട്ടില്ലെന്ന നിലയിൽ എത്തിയതല്ലാ
തെ തീരെ കെട്ടുപോയില്ല. ഈ നില ഇനിയും തുടരാനനു
വദിച്ചുകൂടെന്നു മനസ്സിലാക്കിയ കണ്ണൽ വണ്ടിനെ അ
കറ്റാനുള്ള പരിശ്രമമായി. എത്രതന്നെ പരിശ്രമിച്ചി
ട്ടും ഫലമുണ്ടായില്ല. തോർക്ക പിടിച്ചു തഴമ്പിച്ച തന്റെ
കരുത്തേറിയ കൈകൊണ്ടു് ഒന്നുരണ്ടു തവണ വണ്ടിയെ
ലക്ഷ്യംവെച്ചു സാഞ്ഞു തല്ലിനോക്കി. ഒന്നും ഏശിയില്ല.
ഒടുവിൽ വന്ന വഴി അതേ മട്ടിൽ ഒരു കൂസലും കലുക്കാ
വുമില്ലാതെ മൂളിപ്പാട്ടോടുകൂടി ആ വണ്ടു് പറന്നു ജാലക
പ്പഴുതിലൂടെ ഇരുട്ടിൽ മറഞ്ഞു.

തന്റെ പ്രകാശംകൂടിയ മേശവിളക്കിന്റെ ചുററും
കരിഞ്ഞുവീണു കിടക്കുന്ന നിരവധി പ്രാണികളെ നോ
ക്കി ആവേശംകൊണ്ടിരുന്ന കണ്ണലിനു ധിക്കാരിയായ
ആ കരിവണ്ടു പോയവഴിയ്ക്കുതന്നെ കുറേ നേരം നിശ്ചല
നായി നോക്കിനില്ക്കേണ്ടിവന്നു. അകലത്തകലത്തു് എ
വിടെയോ അതിന്റെ മൂളിപ്പാട്ടു കേൾക്കാനുണ്ടു്......

എങ്ങും ഇരുട്ടാണു്........എന്തും അവ്യക്തമാണു്.

---

# രണ്ടു്

കണ്ണൽ വെല്ലസ്ലി വാതിലിന്നടുത്തു് ഒരു കാൽപെരുമാററം കേട്ടു തിരിഞ്ഞുനോക്കി. തന്റെ ദ്വിഭാഷി മുറിയിലേയ്ക്കു കടക്കാൻ അനുവാദമൎത്ഥിച്ചുകൊണ്ടു പുറത്തു നില്ക്കുകയാണു്. കണ്ണലിന്റെ നോട്ടം പിന്നേയും പുറത്തേയ്ക്കാണു് നീളുന്നതു്. ദ്വിഭാഷിയോടൊപ്പം മററൊരാളെക്കൂടി സായ്വ പ്രതീക്ഷിയ്ക്കുന്നുണ്ടെന്നു് ആ നോട്ടം കണ്ടാൽ തോന്നും. ദ്വിഭാഷിയല്ലാതെ രണ്ടാമതൊരാളുകൂടി ഇല്ലെന്നു മനസ്സിലാക്കിയ സായ്വ് തന്നിമിത്തമുണ്ടായ നിരാശ ഒട്ടും പുറത്തു പ്രകാശിപ്പിയ്ക്കാതെ നേത്രസംജ്ഞകൊണ്ടു ദ്വിഭാഷിയെ അകത്തേയ്ക്കു വിളിച്ചു.

കണ്ണൽ വെല്ലസ്ലി മേശയ്ക്കരികിലുള്ള തന്റെ കസേലയിൽ ചെന്നിരുന്നു. മററുള്ളവരുമായി സംഭാഷണത്തിലേൎപ്പെടുമ്പോഴൊക്കെ കണ്ണൽ ആ കസേലയിലാണു് ഇരിയ്ക്കാറ പതിവുള്ളതു്. സംഭാഷണം, പഠനം, വിശ്രമം, ചിന്ത ഇങ്ങിനെ പല കാര്യങ്ങൾക്കും ആ മുറിയിൽ പ്രത്യേകം പ്രത്യേകം ഇരിപ്പടങ്ങളുണ്ടു്. അതുപോലെ ഒന്നോ രണ്ടോ ആളുകളുമായി ഇരുന്നു സംസാരിയ്ക്കാനും, ഉയൎന്ന നിലവാരത്തിലുള്ള കാര്യാലോചനകളും ചൎച്ചകളും നടത്താനും അതേ മുറിയിൽത്തന്നെ പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളുണ്ടു്. ആ മുറി അത്ര വിശാലമാണു്. ഭിത്തിയിൽ തൂങ്ങിക്കിടക്കുന്ന കേരളക്കരയുടെ പടത്തിൽ അൎത്ഥഗൎഭമായൊന്നു നോക്കി നെടുവീൎപ്പയച്ചുകൊണ്ടാണു് കണ്ണൽ തന്റെ ദ്വിഭാഷിയുമായി സംഭാഷണമാരംഭിച്ചതു്.

"എവിടെ നായർ?" കണ്ണൻ കനത്ത ശബ്ദത്തിൽ ചോദിച്ചു.

"ഇനിയും വന്നില്ല" ഭീരുഷി വിനയസ്വരത്തിൽ മറുപടി പറഞ്ഞു. "സന്ധ്യയ്ക്കു വരാമെന്നാണു് പറഞ്ഞതു്. ഇതുവരെ കാത്തു നിന്നു."

"ഞാനപ്പോഴേ പറഞ്ഞില്ലേ അതു നടപ്പുള്ള കാര്യമല്ലെന്നു്?" കണ്ണനിലിൻെറ കണ്ണുകൾ വീണ്ടും പടത്തിലേക്കു നീങ്ങി. "നമുക്കു തെററുപററിയാലും പഴശ്ശിക്കു തെററുപററില്ല. പഴശ്ശിയുടെ കൂട്ടത്തിൽനിന്നു ഒരാളെ കൂറുമാററിയെടുക്കാൻ പ്രയത്നിക്കുന്നതു് വിഡ്ഢിത്തമാണു്."

"പക്ഷെ, ഈ പരിശ്രമം വിജയിച്ചു കഴിഞ്ഞതാണു്. ഇതിലിനി ആശങ്കയ്ക്കവകാശമില്ല. ആ നായർ തികച്ചും പഴശ്ശിയുടെ ചേരിയിൽനിന്നു വിട്ടുപോന്നു കഴിഞ്ഞു. കൂറില്ലെന്നുമാത്രമല്ല, വൈരം കൂടുതലായിട്ടുമുണ്ടു്. ഈ സന്ദർഭം നമ്മളുപയോഗപ്പെടുത്തണം."

"നീ പറയുന്നതു ശരിയാണു്," പടത്തിൽനിന്നു കണ്ണു പറിയ്ക്കാതെ ആലോചനാപൂർവ്വം കണ്ണൻ തുടർന്നു: "ഈ സന്ദർഭം നമ്മൾ ഉപയോഗപ്പെടുത്തേണ്ടതാണു്. സംശയമില്ല. പക്ഷേ ഏതു സന്ദർഭം? അങ്ങിനെയൊരു സന്ദർഭമുണ്ടോ? ഉണ്ടാവാൻ വഴിയുണ്ടോ? ഉണ്ടെങ്കിൽ അതിനെ വിശ്വസിയ്ക്കാമോ?"

സന്ദർഭം തീർച്ചയായും ഉണ്ടായിട്ടുണ്ടു്. ഇനി അതു് ഉപയോഗപ്പെടുത്തുകയേ വേണ്ടു. ഇന്നല്ലെങ്കിൽ നാളെ ആ നായർ നമ്മുടെ പാളയത്തിലാണു്. നാം നയിയ്ക്കുന്ന ഓരോ യുദ്ധത്തിൻെറ മുന്നണിയിലും ആ നായരുണ്ടാവും; നമുക്കു വഴി കാട്ടാൻ, ശത്രുവിൻെറ താവള

ങ്ങോം കാണിച്ചുതരാൻ. എന്റെ ഈ അഭിപ്രായം അവിടുന്ന് വിശ്വസിയ്ക്കണം. ഇരുപത്തിനാലു മണിക്കൂറിന്നുള്ളിൽ ഇതു ഞാൻ തെളിയിയ്ക്കും."

ദ്വിഭാഷി കുറഞ്ഞൊരു ആവേശത്തോടെ കണ്ണലിയോട് പറഞ്ഞു. കണ്ണലാവട്ടെ എല്ലാം കേട്ട സംതൃപ്തനായെങ്കിലും അതൊന്നും പുറത്തു കാട്ടാതെ വീണ്ടും കനത്ത സ്വരത്തിൽത്തന്നെ പറഞ്ഞു:

"ഇരുപത്തിനാലു മണിക്കൂർ! സാരമില്ല. അതൊരു വലിയ കാലമായിട്ട ഞാൻ കണക്കാക്കുന്നില്ല. കഴിഞ്ഞ നാലഞ്ചു മാസം പ്രത്യേകിച്ചൊരു പരിപാടിയുമില്ലാതെ കടന്നുപോയി. കാലവർഷം എന്റെ വരവു കാത്തിരിയ്ക്കും പോലെയായിരുന്നു. ഈ മലയാളക്കരയിൽ ഞാനെത്തിയതും കാലവർഷം തുടങ്ങി. അതിഭയങ്കരമായ ഈ കാലാവസ്ഥയിൽ ഇന്നാട്ടുകാർതന്നെ വളരെ അപൂർവ്വമായേ പുറത്തിറങ്ങാറുള്ളു. പിന്നെ വിദേശീയരുടെ കഥ എന്തു പറയാൻ? അങ്ങിനെ, പലതും സംഭവിയ്ക്കാവുന്ന, പലതും സംഭവിയ്ക്കേണ്ടിയിരുന്ന നാലു നീണ്ട മാസങ്ങളും പാഴായികഴിഞ്ഞു. ഇനി ഇരുപത്തിനാലു മണിക്കൂറല്ലേ? അതു ഞാൻ ദ്വിഭാഷിയ്ക്കുവേണ്ടിയും ചെലവഴിച്ചുകളയാം." ഇത്രയും പറഞ്ഞു കണ്ണൽ ദ്വിഭാഷിയുടെ മുഖത്തൊന്നു നോക്കി.

"അടുത്ത ഇരുപത്തിനാലു മണിക്കൂർ നേട്ടങ്ങളുടെ മണിക്കൂറുകളായിരിയ്ക്കും. മലയാളത്തെക്കുറിച്ച് അവിടത്തേയ്ക്കുള്ള വിശ്വാസങ്ങളും മാററിയേയ്ക്കും." ദ്വിഭാഷി ചാഞ്ചല്യപ്പെടാതെയാണ് ഇത്രയും പറഞ്ഞത്. "ആ നായർ വരും. കമ്പനിയ്ക്കു വിജയവും കണ്ണലിന്നു കീർത്തിയുംകൊണ്ട് ആ നായർ താമസിയ്ക്കാതെ നമ്മുടെ ചേരി

യിൽ വന്നെത്തും." ഈ വാക്കുകഠം പറഞ്ഞു പൂത്തിയാ വുന്നതിനുമുമ്പു ബട്ളരുടെ വേഷം ആ മുറിയ്ക്കുള്ളിൽ പ്രത്യക്ഷപ്പെട്ടു.

"എന്തു വേണം?" കണ്ണൽ ചോദിച്ചു.

"സാർ, ഒരാഠം കാണ്മാൻ വന്നിരിയ്ക്കുന്നു."

"ആരാണു്?"

"കോട്ടയത്തുനിന്നു് ഒരു നായർ."

ബട്ളരുടെ ഈ വാക്കു്, കേട്ടപാതി കേഠക്കാത്ത പാതി ദ്വിഭാഷി ചാടിയെണീററു പുറത്തേയ്ക്കോടി. കണ്ണലിൻെറ കണ്ണുകളിൽ ഒരു പുതിയ പ്രകാശം നൃത്തമാടി.

"ഉം! പൊയ്ക്കോളൂ" കണ്ണൽ ബട്ളരെ തിരിച്ചയച്ചു് തൻെറ ഇരിപ്പിടത്തിൽ ചാരിയിരുന്നു വരാൻപോകുന്ന കാര്യത്തെ ഏതു നിലയിൽ സ്വീകരിയ്ക്കണമെന്നും അതിൻെറ പര്യവസാനമെന്തായിരിയ്ക്കുമെന്നും തിരക്കു പിടിച്ചു ചിന്തിയ്ക്കാൻ തുടങ്ങി.

ഞൊടിയിടകൊണ്ടു ദ്വിഭാഷിയും പിന്നാലെ ആനവാഗതനും കണ്ണലിൻെറ മുമ്പിലെത്തി. ഔപചാരികമായ പരിചയപ്പെടുത്തലുകളും അഭിവന്ദനപ്രത്യഭിവന്ദനങ്ങളും കഴിഞ്ഞു രണ്ടു പേരും സായ്പിൻെറ മുമ്പിൽ ഇരുന്നു. ആഗതനിൽ ഒരു നല്ല പോരാളിയായ നായരുടെ സർവ്വലക്ഷണങ്ങളും തികഞ്ഞിരുന്നു. വിരിഞ്ഞ മാറു്, കാൽമുട്ടോളം നീണ്ടിറങ്ങിയ ഇരുമ്പുലക്കപോലുള്ള കൈകഠം, കൃശമായ മദ്ധ്യം, മാംസപേശികഠം മുഴച്ചുനില്ക്കുന്ന തോഠം, നീട്ടിവളർത്തി വലതു വശം പക്ഷിക്കൊക്കിൻെറ ആകൃതിയിൽ കെട്ടിവെച്ച തലമുടി. നോട്ടം മാത്രം പകൽവെളിച്ചത്തിൽ പുറത്തിറങ്ങിയ ഒരു കുറ

ക്കൻേറതുപോലുണ്ട്. കണ്ണൻ അല്പനിമിഷം ഒന്നും മിണ്ടാതെ ആ നായരെത്തന്നെ നോക്കികൊണ്ടിരുന്നു. എന്നിട്ട് ദ്വിഭാഷി മുഖേന ആഗതനോട് കണ്ണൻ സംഭാഷണമാരംഭിച്ചു.

"കണ്ടതു വളരെ സന്തോഷം" കണ്ണൻ പറഞ്ഞു.

"എനിയ്ക്കും വളരെ സന്തോഷമായി" ആഗതൻ ഉടനെ മറുപടി കൊടുത്തു.

"ഞങ്ങറം വിദേശികളാണ്. ഇന്നാട്ടുകാർ ഞങ്ങളെ ഭയപ്പെടുന്നു."

"അതു പരിചയം പോരാഞ്ഞിട്ടാണ്."

"ഞങ്ങറം ഇന്നാട്ടുകാരെ പരിചയിയ്ക്കാനും സഹായിയ്ക്കാനും ആഗ്രഹിയ്ക്കുന്നു. പക്ഷേ നിങ്ങറം ഞങ്ങളുടെ ആത്മാർത്ഥതയെ സംശയിയ്ക്കുന്നു. ഞങ്ങറം ദ്രോഹം ചെയ്യാൻവേണ്ടി വന്നവരല്ല. അങ്ങിനെ ധരിയ്ക്കുന്നതു വിഡ്ഢിത്തമാണ്. ആയിരമായിരം നാഴിക കടലും നീന്തിക്കടന്നു് ഈ നാട്ടിൽ വന്നു ഞങ്ങറം ബുദ്ധിമുട്ടുന്നതു നിങ്ങളെ ഉപദ്രവിയ്ക്കാനാണെന്നു പറഞ്ഞാൽ ആരു് വിശ്വസിയ്ക്കും?"

"ആരും വിശ്വസിയ്ക്കില്ല."

"ഞങ്ങളെ വെറുക്കുകയും ഞങ്ങളെ ഓടിയ്ക്കാൻ ശ്രമിയ്ക്കുകയും ചെയ്യുന്നവർ തങ്ങളുടെ നാട്ടിനോടു തന്നെ അപരാധം പ്രവർത്തിയ്ക്കുകയാണ്."

"അതെ."

"ഞങ്ങറം നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി യുദ്ധംചെയ്യുന്നു. ഞങ്ങളുടെ സഹോദരന്മാർ നിങ്ങളുടെ സുഖത്തിനു വേണ്ടി യുദ്ധംചെയ്തു മരിയ്ക്കുന്നു. ഞങ്ങളുടെ അമ്മമാർ

നിങ്ങൾക്കുവേണ്ടി കഠിനദുഃഖം സഹിക്കുന്നു. ഞാൻ ചോദിക്കട്ടെ, ടിപ്പുവിന്റെ വാഴ്ചക്കാലത്തു നിങ്ങൾ സുഖമായിരുന്നോ?"

"അല്ല" ആഗതൻ ദൃഢസ്വരത്തിൽ പറഞ്ഞു.

"ടിപ്പു നിങ്ങളെ ദ്രോഹിച്ചു. നിങ്ങളുടെ നാട്ടുകാരെ നായാടിപ്പിടിച്ചു കൊന്നു. നിങ്ങളുടെ സമ്പത്തു കൊള്ളയടിച്ചു. നിങ്ങളിൽ പലരേയും ബലം പ്രയോഗിച്ചു മതം മാററി. ഞങ്ങൾ ടിപ്പുവിനെ തോല്പിച്ച് നിങ്ങളെ രക്ഷിച്ചു. ഞങ്ങൾക്ക മതഭ്രാന്തില്ല. ആക്കും ഏതു മതവും സ്വീകരിക്കാം. ഞങ്ങൾ തക്ക സമയത്തു സഹായത്തിനെത്തിയില്ലെങ്കിൽ ഇന്നു നീങ്ങളുടെ സ്ഥിതിയെന്തായിരിക്കും?"

"വളരെ കഷ്ടമായിരിക്കും."

"അതെ. നിങ്ങൾ ഒരാളെങ്കിലും ഞങ്ങളുടെ ആത്മാത്ഥതയിൽ വിശ്വസിക്കുന്നുണ്ടല്ലൊ. അതു മതി. ആട്ടെ. ഞങ്ങളെ ഈ മണ്ണിൽനിന്ന് ഓടിക്കാനുള്ള ശ്രമം ന്യായമാണെന്നു നിങ്ങൾക്കഭിപ്രായമുണ്ടോ?"

"ഇല്ല."

"എന്നാൽ, പഴശ്ശിയുടെ ബുദ്ധിശൂന്യതക്കു നിങ്ങളുടെ നാട്ടുകാർ സഹായം നല്കുന്നത് എന്തുദ്ദേശിച്ചാണ്?"

"അതൊക്കെ പണ്ടായിരുന്നു. ഇന്നു തമ്പുരാനെ സ്നേഹിക്കാനും സഹായിക്കാനും ഇന്നാട്ടിൽ ആളുകൾ ചുരുങ്ങും."

"ഞാൻ വിശ്വസിക്കുന്നില്ല."

"ഞാനാണ് പറയുന്നതു്. എന്റെ അനുഭവമാണ് പറയുന്നതു്. തമ്പുരാന്റെ പേരു കേട്ടാൽ ജനങ്ങൾ എ

ല്ലാം മറന്നു് എന്തും ചെയ്യാനൊരുങ്ങുന്ന ഒരു കാലമുണ്ടായിരുന്നു. അതു കഴിഞ്ഞുപോയി. ജനങ്ങളുടെ പിൻതുണയോടുകൂടി ഇനി തമ്പുരാന്നു തൻെറ പരാക്രമങ്ങൾ കാണിയ്ക്കാൻ പററുകയില്ല." ഇത്രയും പറഞ്ഞപ്പോൾ ആഗതൻെറ ശബ്ദത്തിലുള്ള ഇടച്ച്യും ഭാവത്തിലുള്ള പകച്ച്യും കണ്ണൽ സൂക്ഷിയ്ക്കാതിരുന്നില്ല. ആഗതൻ തുടന്നു:

"യുദ്ധംചെയ്തു ചെയ്തു ജനങ്ങൾക്കു മടുത്തിരിയ്ക്കുന്നു. പിന്നെ തമ്പുരാൻെറ അടുത്ത സഹായികളാണെങ്കിൽ അൻകാര്യം നോക്കുന്നവരാണ്. തമ്പുരാൻെറ പേരും പറഞ്ഞു കരംപിരിപ്പിച്ചു സ്വന്തംപേരിൽ അവർ സമ്പാദിയ്ക്കുകയാണ്. ഇതെല്ലാം നാട്ടുകാർക്കു മനസ്സിലായിക്കഴിഞ്ഞു. ഒരവസരം വരാൻ അവർ കാത്തിരിയ്ക്കുകയാണ്. തമ്പുരാന്നും അനുയായികൾക്കും എതിരായി അവർ ലഹള കൂട്ടും."

"നിങ്ങൾ പറയുന്നതു വിശ്വസിയ്ക്കാൻ പ്രയാസമാണ്. ഇവിടത്തെ നാടുവാഴികളും പ്രഭുക്കന്മാരും പഴശ്ശിയ്ക്കുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരാണെന്നു ഞാൻ വിശ്വസിയ്ക്കുന്നു. അതു കളവാണോ?"

"അല്ല."

"പിന്നെ നിങ്ങൾ പറഞ്ഞതു് എങ്ങനെ വിശ്വസിയ്ക്കണം?"

"ഞാൻ ജനങ്ങളുടെ കാര്യമാണു് പറഞ്ഞതു്."

"ഈ ജനങ്ങളുടെ കാര്യം ആർക്കു കേൾക്കണം? ജനങ്ങൾ നാടുവാഴികളുടെയും പ്രഭുക്കന്മാരുടെയും കയ്യിലെ ആയുധങ്ങളല്ലേ? പ്രഭുക്കന്മാർ കമ്പനിയെ സഹായിയ്ക്കാത്തേടത്തോളം കാലം ഞങ്ങളുടെ സ്വാധീനശക്തിയ്ക്കു് എ

1247

ത്ഥമാണുള്ളതു്? ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. പഴശ്ശി എത്ര തുള്ളിയാലും, ഇവിടത്തെ നാടുവാഴികളും പ്രഭുക്കന്മാരും എന്തൊക്കെ പ്രവർത്തിച്ചാലും കമ്പനി തുടങ്ങിവെച്ച പ്രവൃത്തി മുഴുമിക്കാതെ മടങ്ങാൻ വിചാരിച്ചിട്ടില്ല.”

“അതു പാടില്ലാത്ത കാര്യമാണു്.”

“കമ്പനിക്കു് ഒരു ലക്ഷ്യമുണ്ടു്. ആ ലക്ഷ്യമെത്തുന്നതുവരെ കമ്പനി പരിശ്രമിക്കും. അതിൽ ആരൊക്കെ പ്രതിബന്ധം നിന്നാലും കമ്പനി കൂട്ടാക്കുകയില്ല. ബലം പ്രയോഗിക്കേണ്ട സ്ഥലത്തു ബലം പ്രയോഗിക്കും. വധിക്കേണ്ടവരെ വധിക്കും. യുദ്ധംചെയ്യേണ്ട സ്ഥലത്തു യുദ്ധംചെയ്യും; തീർച്ച.”

“അതാണു വേണ്ടതു്. കമ്പനി അവരുടെ പരിശ്രമം മതിയാക്കി മടങ്ങുന്നപക്ഷം കമ്പനിയെ സ്നേഹിക്കുന്ന എന്നെപ്പോലുള്ളവരുടെ സ്ഥിതി കഷ്ടത്തിലാവും; തമ്പുരാന്റെ ആൾക്കാർ ഞങ്ങളെ പച്ചയോടെ കടിച്ചു തിന്നും.”

“അതാണു് പറയുന്നതു്. എല്ലാ തരത്തിലുമുള്ള ഭീതിയിൽനിന്നും രക്ഷപ്പെടാൻവേണ്ടി നിങ്ങളൊക്കെ കലവറയില്ലാതെ കമ്പനിയെ സഹായിക്കണം.”

“ഞങ്ങൾ എന്തും ചെയ്യാനൊരുക്കമാണു്.”

“അതുകൊണ്ടായില്ല; ഇന്നാട്ടിലെ നാടുവാഴികളും പ്രഭുക്കന്മാരും കമ്പനിയെ സഹായിക്കണം. അതിന്നെന്തു വഴി?”

“കമ്പനി അവരെ ഭയപ്പെടുത്തുക തന്നെ വേണം.”

"ശരി, നിങ്ങൾ നമ്മുടെ അഭിപ്രായത്തോടു യോജിച്ചുവരുന്നു. കമ്പനിയെ എതിർക്കുന്ന പ്രഭുക്കന്മാരെയും നാടുവാഴികളെയും ഒടുക്കാനാണു് കമ്പനി തീരുമാനിച്ചിട്ടുള്ളതു്. നിങ്ങളെന്തു പറയുന്നു?"

"ഭേഷ്, ഒന്നാന്തരം തീരുമാനം. നാടുവാഴികൾ താനേ അടങ്ങിക്കൊള്ളും. തമ്പുരാന്റെ ബലം അതോടെ നശിക്കുകയും ചെയ്യും!"

സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ കണ്ണൻ എഴുന്നേററു ദ്വിഭാഷിയേയും കൂട്ടി മറെറാരു മുറിയിലേക്കു പോയി. ആഗതൻ തനിച്ചിരുന്നുകൊണ്ടു് ആ വിശാലമായ മുറിയിലെ അലങ്കാരങ്ങൾ ഓരോന്നു നോക്കിത്തുടങ്ങി. അല്പനേരം അങ്ങിനെ നോക്കിയതിനു ശേഷം തന്നത്താനറിയാതെ ഇരിപ്പിടത്തിൽനിന്നു് എഴുന്നേല്ക്കുകയും മുറിയിലുള്ള വിചിത്രവസ്തുക്കൾ നോക്കിക്കൊണ്ടു പതുക്കെ അങ്ങിനെ നടക്കുകയും ചെയ്തു. പെട്ടെന്നു്, തുറന്നിട്ടൊരു ജാലകത്തിനടുത്തെത്തിയപ്പോൾ ആഗതൻ അറിയാതെ ഞെട്ടിവിറച്ചു. പുറത്തെ ലോകത്തുള്ള കാഴ്ച ആ മനുഷ്യനെ ഭീതിപ്പെടുത്തി. തന്നെ ആ നിലയിൽ ആ സ്ഥലത്തു് ആരും കാണരുതെന്നൊരു വിചാരം ഉള്ളിലുള്ളപോലെ തോന്നും. ജാലകത്തിന്നെതിരെ നില്ക്കാൻ ഭയപ്പെട്ടു് ആഗതൻ വേഗം തിരിച്ചുവന്നു തന്റെ പഴയ സ്ഥാനത്തുതന്നെ ഇരുന്നു. നഖം കടിച്ചുകൊണ്ടു എന്തോ ഗാഢമായി ആലോചിക്കാൻ തുടങ്ങി. അകവും പുറവും ഒരുപോലെ നിശ്ശബ്ദത കളിയാടിയിരുന്നു. അറബിക്കടലിന്റെ ഇരമ്പം മാത്രം, ഉ

ങ്ങുന്ന പ്രകൃതിയുടെ ക്രൂരവലിപോലെ മുഴങ്ങിക്കേറം കാറുണ്ട്.

അല്പനേരത്തെ കൂടിയാലോചനയ്ക്കുശേഷം കണ്ണലും ദ്വിഭാഷിയും തിരിച്ചുവന്നു. ഇത്തവണ സംഭാഷണം വളരെ പതിഞ്ഞ സ്വരത്തിലും കാര്യമാത്രപ്രസക്തവുമായിരുന്നു. ദ്വിഭാഷി പേനയും കടലാസ്സുമെടുത്ത് ആഗതൻ പറയുന്ന ചില പേരുകഠം സൂക്ഷ്മമായി കുറിച്ചെടുക്കാൻ തുടങ്ങി. ഇടയിൽ കണ്ണൽ പല പുതിയ ചോദ്യങ്ങളും ചോദിയ്ക്കുന്നുണ്ടായിരുന്നു. ആഗതൻ ചില ചോദ്യങ്ങഠംക്ക വേഗത്തിലും, മററ ചിലതിന് ആലോചിച്ചു സാവകാശമായും മറപടി കൊടുത്തുകൊണ്ടിരുന്നു. അങ്ങിനെ നേരം പാതിരാവു കഴിയുന്നതുവരെ ആ കൂടിയാലോചന നീണ്ടുനിന്നു. ഒടുവിൽ മൂവരും വളരെ സംതൃപ്തഭാവത്തിൽ എഴുന്നേററു. കണ്ണലും ദ്വിഭാഷിയും ആഗതനെ ബങ്ക്ളാവിൻെറ ഗെയിററ വരെ അനുഗമിച്ചു. അവിടെവെച്ച് നായക്ക കൈനല്കി.

“കമ്പനി നിങ്ങളെ മറക്കില്ല മിസ്റ്റർ നായർ!” കണ്ണൽ സംതൃപ്തഭാവത്തിൽ പറഞ്ഞു. നായർ പുറത്തേയ്ക്കു കടന്നു; കണ്ണൽ വെല്ലസ്ലിയും ദ്വിഭാഷിയും അകത്തേയ്ക്കും.

---

# മൂന്നു്

ടിപ്പുസുൽത്താന്റെ പടയോട്ടംകൊണ്ടു പരുക്കേ പററിയ മലയാളക്കരെയ്ക്കു് അതിന്റെ പാടുകളുണങ്ങാൻ കാലം ഏറെ വേണ്ടിവന്നു. ഒരു മലവെള്ളത്തിന്റെ തള്ളിക്കേററം പോലെയാണു് ടിപ്പുവിന്റെ പട മലയാളക്കരയിലേയ്ക്കു് അലച്ചിരമ്പിക്കൊണ്ടുവന്നതു്. പലതും അതു നശിപ്പിച്ചു; പല കീഴ്‌വഴക്കങ്ങളെയും അതു തട്ടിനിരത്തി. ജനങ്ങളുടെ രക്ഷാബോധം നശിച്ചു. സ്ത്രീയ്ക്കും സ്വത്തിനും രക്ഷയില്ലാത്തൊരു നാട്ടിൽ ജീവിതം ക്ലേശഭൂയിഷ്ഠവും ദുസ്സഹവുമായി തോന്നിയതുമൂലം പലരും ഓടിപ്പോവുകയുണ്ടായി. നാടുവാഴികൾ പോലും പ്രതിയോഗിയുടെ തടുക്കാനാവാത്ത ശക്തിയ്ക്കു മുമ്പിൽ അമ്പരക്കുകയും സ്വസ്ഥാനങ്ങളും പദവികളുമുപേക്ഷിച്ചു രക്ഷാസങ്കേതങ്ങളന്വേഷിച്ചുകൊണ്ടു വിരണ്ടോടുകയുമാണുണ്ടായതു്. സാമൂതിരിയെപ്പോലുള്ള മഹാരഥന്മാർ അഭയം തേടിക്കൊണ്ടു തിരുവിതാംകൂറിലേയ്ക്കു പോയെന്നു പറഞ്ഞാൽ സാധാരണക്കാരന്റെ നില ഊഹിയ്ക്കുകയാണു് ഭേദം.

നാടുനീളെ അരാജകത്വം നടമാടാൻ തുടങ്ങി. ആർക്കും എന്തും ചെയ്യാമെന്ന നില വന്നു. ഈ ഘട്ടത്തിൽ മലയാളക്കരയുടെ മാനം രക്ഷിയ്ക്കാൻ തന്റേടത്തോടുകൂടി മുമ്പോട്ടു വന്ന ഒരേ ഒരു വ്യക്തി കോട്ടയം രാജകുടുംബത്തിലെ നാലാം മുറയായ കേരളവർമ്മത്തമ്പുരാനായിരുന്നു. ബാല്യപ്രായം വിട്ടു് യൗവനത്തിലേയ്ക്കു പ്രവേശിച്ചുകഴിഞ്ഞ ആ തമ്പുരാൻ മററുള്ളവരെപ്പോലെ ഓടിപ്പോവാനോ, തന്റെ നാട്ടുകാരുടെ വിധി ടിപ്പുവിന്റെ

കൈകളിൽ ഏല്പിച്ചുകൊടുക്കാനോ തയ്യാറായിരുന്നില്ല. ശ്രീപോർക്കലി ഭഗവതിയിലുള്ള അടിയുറച്ച ഭക്തിയും, തൻെറ ശക്തിയിലുള്ള ഉത്തമവിശ്വാസവും അചഞ്ചലമായ രാജ്യസ്നേഹവും മാത്രമാണ് അന്നു കേരളവർമ്മത്തമ്പുരാനു സഹായകമായി നിന്നതു്. ഒരിക്കലും ഒരു വിദേശീയൻെറ മുമ്പിൽ തല കുനിക്കില്ലെന്ന ദൃഢവിശ്വാസത്തോടെ, തൻെറ ജന്മഭൂമിയിൽ വിദേശഭരണം അനുവദിക്കുകയില്ലെന്ന ഉറപ്പോടെ, ശത്രുക്കൾക്കെതിരായി പടപൊരുതാൻതന്നെ തമ്പുരാൻ തീരുമാനിച്ചു. ആ നല്ല തീരുമാനത്തെ സ്വാഗതം ചെയ്യാനും തമ്പുരാൻെറ പരിശ്രമങ്ങളിൽ പങ്കെടുക്കാനും കോട്ടയത്തെ ജനങ്ങൾ മടി കാണിച്ചില്ല.

മഹാരാഷ്ട്രനായകനായ ശിവാജിയെപ്പോലെ കാട്ടുകളിലും മലകളിലും പതിയിരുന്നു ശത്രുക്കളെ പൊരുതി ജയിക്കുകയെന്ന ഒരു പുതിയ അടവായിരുന്നു തമ്പുരാൻ സ്വീകരിച്ചതു്. അതിനു പുരളിമലയും വയനാടൻ കുന്നുകളും സഹ്യാദ്രിയും തമ്പുരാനെ വേണ്ടപോലെ സഹായിക്കുകയും ചെയ്തു. അദൃശ്യമായ മലങ്കാടുകളിലും ഗിരിഗഹ്വരങ്ങളിലും തൻെറ കൂട്ടുകാരോടൊപ്പം പതിയിരുന്നു ശത്രുക്കളെ പൊടുന്നനവെ കടന്നാക്രമിക്കുകയും ആട്ടിൻപററങ്ങളെ മൃഗരാജനെന്നവണ്ണം കീഴമർത്തുകയുമായിരുന്നു കേരളവർമ്മത്തമ്പുരാൻെറ പതിവു്.

കച്ചവടത്തിനെന്നും പറഞ്ഞു് ഇന്ത്യയിലേക്കു വന്ന പാശ്ചാത്യരുടെ കൂട്ടത്തിൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനി അവിടവിടെ തങ്ങളുടെ നിലയുറപ്പിച്ചും മററുള്ളവരെ പിൻതള്ളിയും മുന്നേറുന്ന കാലമായിരുന്നു

അതു്. പുറത്തു കച്ചവടത്തിന്റെ മുദ്രയുംകുത്തി അക
ത്തു് അധികാരമോഹം ഒളിച്ചുവെച്ചുകൊണ്ടു് നയശാ
ലികളായ കമ്പനിക്കാർ ഇന്ത്യയുടെ പല ഭാഗങ്ങളിലും
തങ്ങളുടെ ആധിപത്യമുറപ്പിച്ചു കൊടി നാട്ടാൻതുടങ്ങി.
പ്രത്യക്ഷത്തിൽ ഭരണാധികാരം കയ്യടക്കുകയാണു് തങ്ങ
ളുടെ ഉദ്ദേശമെന്നു പ്രഖ്യാപിച്ചുപോയാൽ നാട്ടുനീളെ
ഉണ്ടായേയ്ക്കാനിടയുള്ള പ്രതിഷേധത്തിന്റെ ശക്തി അ
വക്കു നല്ലപോലെ അറിയാമായിരുന്നതുകൊണ്ടു നയ
ശാലികളായ കമ്പനിക്കാർ കാററു നോക്കി തൂററുകയാ
ണു് ചെയ്തതു്. പരമാർത്ഥത്തിൽ അവർ ഇന്ത്യയുടെ
പല ഭാഗത്തും പല വിധത്തിലുള്ള നയങ്ങളാണു് കൈ
ക്കൊണ്ടതു്. അന്യോന്യം വഴക്കടിച്ചുകഴിയുന്ന നാടുവാ
ഴികളെ കൂടുതൽ ഭിന്നിപ്പിച്ചും, ഭാഗംപിടിച്ചും, യുദ്ധസ
ഹായംചെയ്തും ഉടമ്പടിയുണ്ടാക്കിയും, ഓരോ പ്രദേശങ്ങ
ളിൽ തങ്ങളുടെ നില ഭദ്രമാക്കാൻ അവർ കൊണ്ടുപിടി
ച്ചു ശ്രമിച്ചു. ചില സ്ഥലത്തു നാടുവാഴികളുടെ ഭാഗത്തു്,
മററുചില സ്ഥലത്തു് ബഹുജനങ്ങളുടെ ഭാഗത്തു്, അ
ങ്ങിനെ അവസരവും തരവും നോക്കി സഹായങ്ങൾ
നല്കി മുതലെടുക്കുന്ന കമ്പനിയുടെ നയം ഒററ നോട്ട
ത്തിൽ ആൎക്കും തിരിച്ചറിയത്തക്കതായിരുന്നില്ല.

ദക്ഷിണേന്ത്യയെ സംബന്ധിച്ചേടത്തോളം ടിപ്പു
സുൽത്താൻ തങ്ങളുടെ നിലനില്പിനൊരു ഭീഷണിയാ
ണെന്നു കമ്പനിക്കാരുടെ സൂക്ഷ്മദൃഷ്ടി കണ്ടെത്തി. പതു
ക്കെപ്പതുക്കെ ടിപ്പുവിനെതിരായുള്ള തന്ത്രങ്ങൾ അവർ
ആസൂത്രണംചെയ്തുതുടങ്ങി. മലയാളക്കരയിലും മററുപ്ര
ദേശങ്ങളിലും ടിപ്പുവിന്നെതിരായുള്ള സമരം ശക്തിപ്പെ

ടുത്താൻ അവർ സഹായസഹകരണങ്ങാം നല്കി. അവസരം വന്നപ്പോാം സുൽത്താനുമായി നേരിട്ടൊരു സമരത്തിനുതന്നെ അവർ തയ്യാറെടുത്തു. തെക്കേഇന്ത്യയിൽ തങ്ങളുടെ ആധിപത്യം കെട്ടിപ്പടുക്കാൻ ടിപ്പുവിൻെറ നാശം അനിവാര്യമാണെന്നു് അവക്കറിയാമായിരുന്നു. ടിപ്പുവിൻെറ ശാശ്വതനാശത്തിനുവേണ്ടി എന്തൊക്കെ ചെയ്യാമോ അതൊക്കെയും കമ്പനിക്കാർ ചെയ്തു.

ടിപ്പുവിനെതിരായുള്ള പ്രവത്തനങ്ങാം സംഘടിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണു് കേരളവർമ്മത്തമ്പുരാൻ കമ്പനിക്കാരുടെ ശ്രദ്ധയിൽപ്പെട്ടതു്. തികച്ചും തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനു സഹായകമായിത്തീരുന്ന നിലയിലാണു തമ്പുരാൻെറ പ്രവത്തനമെന്നും തമ്പുരാനെ തങ്ങളുടെ സഹായിയായി കിട്ടുന്നതു വമ്പിച്ചൊരു നേട്ടമായിത്തീരുമെന്നും അവർ മനസ്സിലാക്കി. ടിപ്പുവിനെ തൻെറ ജന്മഭൂമിയിൽനിന്നു് ആട്ടിയോടിക്കാനുള്ള പരിശ്രമത്തിൽ കമ്പനിക്കാരുടെ സഹായം സ്വീകരിക്കുന്നതിൽ തരക്കേടൊന്നുമില്ലെന്നു തമ്പുരാനും തോന്നി. അങ്ങിനെ തമ്പുരാനും കമ്പനിയും ഒരേ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവത്തനത്തിൽ അന്യോന്യം സഹായിക്കാനും സഹകരിക്കാനും തീരുമാനിച്ചു. പക്ഷേ കോട്ടയം രാജകുടുംബത്തിൻെറ പാരമ്പര്യത്തിന്നോ, കീഴ്വഴക്കത്തിന്നോ, പരമാധികാരത്തിന്നോ അണുപ്രായമെങ്കിലും വീഴ്ച പററാൻ പാടില്ലെന്നു തമ്പുരാൻ ശഠിച്ചു. ടിപ്പുവിനെ എതിത്തു തോല്പിക്കുന്നതോടുകൂടി കോട്ടയം രാജകുടുംബത്തിലേയ്ക്കവകാശപ്പെട്ട സ്ഥലങ്ങളത്രയും രാജ

കുടുംബത്തിന്നുതന്നെ തിരിച്ചേല്പിയ്ക്കുന്ന കാര്യത്തിൽ തങ്ങൾക്കു സന്തോഷമാണെന്നു തമ്പുരാനുമായുള്ള ഉടമ്പടിയിൽ കമ്പനി സമ്മതിയ്ക്കുകയും ചെയ്തു.

നാനാ ഭാഗത്തുനിന്നും ഏറ്റുകോപിച്ചുകൊണ്ടുള്ള എതിൎപ്പുകളും, കമ്പനിപ്പട്ടാളത്തിന്റെ നവീനമാതൃകയിലുള്ള യുദ്ധസമ്പ്രദായവും, സൎവ്വോപരി മരണം തുപ്പുന്ന തോക്കുകളുടെ സുലഭമായ പ്രവൎത്തനവും ഒരുമിച്ചുചേൎന്നപ്പോൾ ടിപ്പുസുൽത്താനു കീഴടങ്ങേണ്ടിവന്നു. ടിപ്പുവിന്റെ നാശം കേരളത്തെസ്സംബന്ധിച്ചു് അടിമത്തത്തിന്റെയും അരാജകത്വത്തിന്റെയും നാശമാണെന്നു പലരും വിശ്വസിച്ചു. പക്ഷേ ആ പ്രതീക്ഷ മിക്കവാറും അസ്ഥാനത്തായിരുന്നുവെന്നു പിന്നീടുള്ള സംഭവങ്ങളോരോന്നും തെളിയിച്ചതു്.

ടിപ്പുവിന്റെ നാശത്തോടുകൂടി അതുവരെ തങ്ങളുടെ ലക്ഷ്യം സാമൎത്ഥ്യപൂൎവ്വം ഒളിപ്പിച്ചുവെച്ച കമ്പനിക്കാർ അതു് അല്പാല്പമായി പുറത്തു പ്രദൎശിപ്പിയ്ക്കുവാൻ തുടങ്ങി. ടിപ്പു കയ്യടക്കിയ രാജ്യമൊക്കെ തങ്ങൾക്കുള്ളതാണെന്നു അവരവകാശപ്പെട്ടു. തമ്പുരാനുമായുള്ള ഉടമ്പടി അവർ വിസ്മരിച്ചു. അങ്ങിനെയൊരു ഉടമ്പടി ഉണ്ടായതായി അവർ ഭാവിച്ചതുപോലുമില്ല. തങ്ങൾ ടിപ്പുവിനെ യുദ്ധംചെയ്തു തോല്പിച്ചതോടുകൂടി ടിപ്പുവിന്റെ കീഴിലായിരുന്ന സ്ഥലങ്ങളൊക്കെ തങ്ങളുടേതായിക്കഴിഞ്ഞെന്ന ഭാവത്തിൽ കമ്പനിക്കാർ പ്രവൎത്തിയ്ക്കുവാൻ തുടങ്ങി.

സ്വാതന്ത്ര്യസ്നേഹിയും ധീരനുമായിരുന്ന പഴശ്ശിത്തമ്പുരാനെ കമ്പനിക്കാരുടെ പെരുമാററം കണക്കിലേറെ ശുണ്ഠിപിടിപ്പിച്ചു. തങ്ങളുടെ അധീശാധികാര

ത്തിന്നു വഴങ്ങി നാടുവാഴിപ്രഭുത്വം മാത്രം സ്വീകരിച്ചു കഴിഞ്ഞുകൂടാമെങ്കിൽ സൗഹാർദ്ദത്തിൽ വർത്തിക്കാൻ വിരോധമില്ലെന്നുകൂടി കമ്പനിമേധാവികൾ പഴശ്ശിത്തമ്പുരാനെ അറിയിച്ചു. തമ്പുരാൻ വീണ്ടും യുദ്ധം ചെയ്യേണ്ടിവരുമെന്ന നിലയായി. തൻെറ രാജ്യത്തിൽനിന്നു വിദേശികളെ ഓടിക്കാൻതന്നെ തമ്പുരാൻ തീരുമാനിച്ചു. താൻ പിറന്ന മണ്ണിൽ അടിമത്തത്തിൻെറ മഷി കലത്തുന്നവരോട് ഒരിക്കലും അദ്ദേഹം ദയകാണിച്ചിരുന്നില്ല. അവരുമായി സന്ധിയാവുകയെന്ന കാര്യം അദ്ദേഹത്തിന്നു വിചാരിക്കാൻപോലും സാദ്ധ്യമായിരുന്നില്ല. ഒരു വിദേശശക്തിയുടെ കീഴിൽ നാമമാത്രഭരണാധികാരിയായി, ആ ശക്തിയുടെ ദയക്കു കുമ്പിളും കാട്ടിയിരിക്കാൻ ആത്മാഭിമാനം തമ്പുരാനെ അനുവദിച്ചില്ല. അദ്ദേഹം കമ്പനിയുമായി ഇടഞ്ഞു.

SMARAKA GRANDHASALA Reg. No. 2373 KIDARAUZHI, VENGANUR

പഴശ്ശിത്തമ്പുരാനുമായി ഇടഞ്ഞതോടെ കമ്പനിക്കു ദക്ഷിണേന്ത്യയിൽ പുതിയൊരു തലവേദനക്കു വകയായിക്കഴിഞ്ഞു. തന്ത്രശാലികളും ബുദ്ധിശാലികളുമായ കമ്പനിയുദ്യോഗസ്ഥന്മാർക്ക് പഴശ്ശിത്തമ്പുരാൻെറ കഴിവുകളെക്കുറിച്ചു നല്ല ബോധമുണ്ടായിരുന്നു. പ്രലോഭനങ്ങൾ കൊണ്ടോ ഭീഷണി കൊണ്ടോ അടക്കാൻ വയ്യാത്ത ഒരു പുതിയ ശത്രുവിനോടാണ് തങ്ങൾക്കു നേരിടേണ്ടുതെന്ന കാര്യവും അവർക്കറിയാമായിരുന്നു. കോട്ടയത്തേയും വയനാട്ടിലേയും ജനങ്ങൾ പഴശ്ശിത്തമ്പുരാനെ പ്രാണനു തുല്യമാണ് സ്നേഹിച്ചിരുന്നതു്. ഈ രണ്ടു പ്രദേശത്തുമുള്ള പ്രഭുക്കന്മാരും സ്ഥാനികളും സാധാരണക്കാ

രും ഒരുപോലെ തമ്പുരാനെ സഹായിയ്ക്കാൻ സന്നദ്ധരായിരുന്നു. ദയാശീലനും സത്യസന്ധനും രണധീരനും രാജ്യസ്നേഹിയുമായ തമ്പുരാൻ എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നു. കാട്ടുവാസികളും, നാഗരികരും, മാപ്പിളയും, ഹിന്ദുവും സ്ഥാനമാനങ്ങളോ, ജാതിമതഭേദങ്ങളോ പരിഗണിയ്ക്കാതെ തമ്പുരാനോടു പ്രദൎശിപ്പിക്കുന്ന കൂറും ഭക്തിയും കമ്പനിക്കാരെ പരമാവധി പരിഭ്രമിപ്പിച്ചു.

തമ്പുരാനും കമ്പനിയുമായി ഒടുവിൽ ശക്തിയായി പിണങ്ങുകതന്നെ ചെയ്തു. പല ഭാഗത്തുവെച്ചും സംഘട്ടനങ്ങളുണ്ടായി. എണ്ണത്തിൽ ചുരുക്കമെങ്കിലും കഴിവിൽ മികച്ചുനില്ക്കുന്ന തമ്പുരാൻെറ സൈന്യം കമ്പനിപ്പട്ടാളത്തെ പലവുരു പലേടത്തുവെച്ചും തോല്പിച്ചു കൊമ്പുകുത്തിച്ചു. നിരവധി നാശനഷ്ടങ്ങളേല്പിച്ചു. തങ്ങാംക്ക നേരിട്ടുകൊണ്ടിരിയ്ക്കുന്ന പരാജയങ്ങളെക്കാളേറെ കമ്പനിയുദ്യോഗസ്ഥന്മാരെ വേദനിപ്പിച്ചുകൊണ്ടിരുന്നതു മറെറാരു കാര്യമായിരുന്നു. വയനാട്ടിൽനിന്നും, കോട്ടയത്തുനിന്നും, കുറുമ്പ്രനാട്ടിൻെറ മിയ്ക്കഭാഗങ്ങളിൽനിന്നും കമ്പനിയ്ക്കു വ്യാപാരച്ചരക്കുകറം കിട്ടാതെ വന്നു. വിദേശവിപണികളിൽ നല്ല വിലയും വീര്യവുമുള്ള ഏലവും കുരുമുളകും കിട്ടാതെ കമ്പനിക്കാർ കുഴങ്ങി. ഈ സ്ഥലങ്ങളിൽനിന്നൊന്നും തമ്പുരാൻെറ അനുമതികൂടാതെ ചരക്കുകറം തങ്ങാംക്ക കിട്ടുകയെന്നത് എളുപ്പമായിരുന്നില്ല. തലശ്ശേരിയിലെ പാണ്ടികശാലകറം പലതും ഒഴിഞ്ഞുകിടക്കുന്നതും നോക്കി നെടുവീൎപ്പിടാനല്ലാതെ കമ്പനിയുദ്യോഗസ്ഥന്മാൎക്കു നിവൃത്തിയുണ്ടായി

രുന്നില്ല. തമ്പുരാന്റെ പ്രാബല്യത്തിനു മുമ്പിൽ അവരുടെ എല്ലാ അടവുകളും പരാജയപ്പെട്ടു.

കോട്ടയവും വയനാടും തന്റെ വരുതിയിൽ കൊണ്ടുവരികയും, ഏകോപിച്ച് ഒരേ അധികാരത്തിൽ കൂട്ടിയിണക്കുകയും, പഴശ്ശിക്കോട്ട തലസ്ഥാനമാക്കി താൻ ഭരണഭാരം കയ്യേററു കമ്പനിയോടു തുറന്ന യുദ്ധം പ്രഖ്യാപിയ്ക്കുകയുമാണ് തമ്പുരാൻ ഒന്നാമതായിട്ടു ചെയ്തതു്. തമ്പുരാനെ നേരിട്ടു യുദ്ധംചെയ്തു തോല്പിക്കാനുള്ള സൈനികശക്തി അന്നു കമ്പനിയ്ക്കു മലയാളക്കരയിലുണ്ടായിരുന്നില്ല. അതുകൊണ്ടു തുറന്ന യുദ്ധത്തിനു പകരം ദുഷിച്ച കുതന്ത്രങ്ങൾകൊണ്ടു തമ്പുരാനെ കീഴടക്കാൻ അവർ പരിശ്രമിച്ചു. ഭിന്നിപ്പിച്ചു ഭരിയ്ക്കുക എന്ന തങ്ങളുടെ നയമുപയോഗിച്ച് അയൽപ്രദേശങ്ങളിലുള്ള നാടുവാഴികളെ തമ്പുരാന്റെ ശത്രുക്കളാക്കാൻ കമ്പനിയുദ്യോഗസ്ഥന്മാർ പരിശ്രമിച്ചു. കുറുമ്പ്രനാട്ടുരാജാവിനെ ഈ ഉദ്ദേശത്തിനുവേണ്ടി അവരുപയോഗപ്പെടുത്തിനോക്കി. പക്ഷെ, പഴശ്ശിത്തമ്പുരാന്റെ അജയ്യമായ നില, യാതൊന്നുകൊണ്ടും ഇളക്കാൻ അവൎക്കു കഴിഞ്ഞില്ല. പഴശ്ശിയുടെ വരുതിയിൽപ്പെട്ട ദേശങ്ങളിൽനിന്നു കമ്പനിയ്ക്കു കരം പിരിപ്പിയ്ക്കാൻകൂടി കഴിഞ്ഞിരുന്നില്ല.

തമ്പുരാനെ നശിപ്പിച്ചല്ലാതെ തങ്ങൾക്കു രക്ഷയില്ലെന്നു കമ്പനിമേധാവികൾ വേഗത്തിൽ മനസ്സിലാക്കി. മലയാളക്കരയിൽ മാത്രമല്ല, ഇന്ത്യയിലാകമാനവും തങ്ങൾക്കുള്ള നില സുരക്ഷിതമാവേണമെങ്കിൽ തമ്പുരാൻ നശിയ്ക്കണം. പലതിന്റെയും പേരിൽ ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛ മൂടിക്കെട്ടി, പതുക്കെപ്പതു

ക്കെ പരമാധികാരമുറപ്പിച്ചു കൊടിനാട്ടാനുള്ള ശ്രമം പരിപൂർണ്ണവിജയത്തിലെത്തേണമെങ്കിൽ തമ്പുരാനെപ്പോലുള്ളവർ നശിയ്ക്കണം. അത്തരക്കാരുടെ നാശത്തിനുവേണ്ടി മുഴുവൻ കഴിവുകളുമുപയോഗിച്ചില്ലെങ്കിൽ, ഇന്നു പഴശ്ശി, നാളെ മറെറാരാൾ, മററന്നാൾ വീണ്ടുമൊരാൾ അങ്ങിനെ ഇന്ത്യ മുഴുവനും തങ്ങൾക്കെതിരായി ശബ്ദമുയർത്തുമെന്നും ആയുധമേന്തുമെന്നും മനസ്സിലാക്കിയ കമ്പനി തമ്പുരാനെ കീഴടക്കി കോട്ടയം-വയനാട്ടുപ്രദേശങ്ങളെ വീണ്ടെടുക്കാനും അവിടെ പരമാധികാരം സ്ഥാപിയ്ക്കാനും ആർതർ വെല്ലസ്ലിയെന്ന പ്രസിദ്ധനായ പട്ടാളമേധാവിയെ സർവ്വാധികാരങ്ങളും നല്കി തലശ്ശേരിയ്ക്കയച്ചു.

ഈ കഥയുടെ ആരംഭത്തിൽ കണ്ണൽ വെല്ലസ്ലിയെന്ന ആ സൈന്യനായകനെ വായനക്കാർ പരിചയപ്പെട്ടു കഴിഞ്ഞു. കാലവർഷത്തിൻെറ ആരംഭത്തോടുകൂടി മലയാളക്കരയിലെത്തിയ കണ്ണൽ വെല്ലസ്ലി അതിൻെറ അവസാനം വരെ സ്ഥിതിഗതികൾ സൂക്ഷ്മം പഠിച്ചുവരികയായിരുന്നു. ഏതു നിലയിൽ, എങ്ങനെ സൈന്യങ്ങളെ നയിയ്ക്കണമെന്നും അതിനുപററിയ അവസരമേതെന്നും ജനങ്ങളിൽനിന്നു തമ്പുരാനെ ഒററപ്പെടുത്താനുള്ള മാർഗ്ഗമെന്തെന്നും, കാട്ടിലും മലയിലും സങ്കേതമേർപ്പെടുത്തി യുദ്ധംചെയ്യുന്ന തമ്പുരാനും അനുയായികൾക്കും നാട്ടിൽനിന്നു ലഭിയ്ക്കുന്ന ഭക്ഷണസഹായം തടയാനുള്ള വഴിയേതെന്നും മററുമാണ് ഇക്കാലമത്രയും കണ്ണൽവെല്ലസ്ലി ചിന്തിച്ചുകൊണ്ടിരുന്നതു്. എല്ലാററിനും പുറമെ തമ്പുരാൻെറ

ളററ അനുചരന്മാരിലും സഹായികളിലും ഭിന്നിപ്പുണ്ടാക്കാനും അവരിൽനിന്നു സഹായികളെ തേടിപ്പിടിയ്ക്കാനും അതിനെ തമ്പുരാൻെറ പ്രവൎത്തനങ്ങളെസ്സംബന്ധിച്ച രഹസ്യവിവരങ്ങാ ശേഖരിയ്ക്കാനും കൎണ്ണൽ പരിശ്രമിച്ചുകൊണ്ടിരുന്നു.

തമ്പുരാൻെറ വനസങ്കേതങ്ങാ കണ്ടുപിടിയ്ക്കാനും സൈന്യകശക്തിയെക്കുറിച്ചു ശരിയ്ക്കുള്ള വിവരം മനസ്സിലാക്കാനും തങ്ങളുടെ ചേരിയിലേയ്ക്കു തമ്പുരാൻെറ ആാംക്കാരിൽനിന്നു വല്ലവരേയും തട്ടിയെടുക്കാനുമുണ്ടായ പരിശ്രമം ഇദംപ്രഥമായി വിജയപ്രദമായ രാത്രിയാണു് കൎണ്ണൽ വെല്ലസ്ലിയെ നാം ആദ്യമായി കണ്ടുമുട്ടിയതു്.

ഈ സന്ദൎഭത്തിൽ തമ്പുരാൻ പഴശ്ശിക്കോട്ടയിൽനിന്നും പിൻവാങ്ങി പുരളിമലയിലുള്ള തൻെറ രഹസ്യസങ്കേതത്തിൽ അധിവാസമുറപ്പിച്ചിരിയ്ക്കയാണു്. മഴക്കാലമത്രയും ശാന്തമായിട്ടുതന്നെ കഴിഞ്ഞുകൂടിയെന്നു പറയാം. ചില്ലറച്ചില സംഘട്ടനങ്ങളല്ലാതെ പറയത്തക്ക യുദ്ധങ്ങളൊന്നും അക്കാലത്തുണ്ടായില്ല. പക്ഷെ ഒരത്യുഗ്രസംഘട്ടനത്തിനു മുമ്പുള്ള പ്രശാന്തി മാത്രമായിട്ടേ അതിനെ തമ്പുരാൻെറ ആാംക്കാർ കണക്കാക്കിയിരുന്നുള്ളു. ക്ഷണത്തിലൊരു തീരുമാനം കണ്ടെത്താനാണു് കൎണ്ണൽ വെല്ലസ്ലി തലശ്ശേരിയിൽ വന്നെത്തിയതു്. ഇന്ത്യയിലുള്ള തങ്ങളുടെ പ്രധാന പ്രശ്നങ്ങളിൽ പ്രഥമസ്ഥാനം നല്കിയതു കോട്ടയത്തിനാണെന്നു കൎണ്ണൽ വെല്ലസ്ലിയുടെ നിയമനം സംശയത്തിനിടം കൊടുക്കാത്തവിധത്തിൽ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ടു്. കൎണ്ണൽ വെ

ല്ലസ്ലി ഇന്ത്യയിൽ അക്കാലത്തുണ്ടായിരുന്ന ബ്രിട്ടീഷു പട്ടാളപ്രമാണികളുടെ കൂട്ടത്തിൽ മുൻപന്തിയിൽ സ്ഥാനം നേടിക്കഴിഞ്ഞ ഒരു വ്യക്തിയാണു്. രണനിപുണത മാത്രമല്ല, നയകുശലതയും ദീർഘദർശിത്വവുംകൂടി അദ്ദേഹത്തെ അനുഗ്രഹിച്ചിരുന്നു. സാധാരണ പട്ടാളക്കാർക്കു കണ്ടുവരാറുള്ള എടുത്തുചാട്ടമോ പിടിവാശിയോ കർണ്ണൽ ഒരുകാലത്തും പ്രദർശിപ്പിച്ചു കണ്ടിട്ടില്ല. ഉമിത്തീ പോലെ നീറിപ്പിടിക്കുകയും ഒടുവിൽ ഒന്നായിട്ടൊരാളിക്കത്തൽകൊണ്ടു പ്രതിബന്ധങ്ങളെ മുഴുവൻ ചാമ്പലാക്കുകയുമാണു് കർണ്ണലിന്റെ നയം. കാട്ടിൽ തമ്പുരാനും, നാട്ടിൽ വെല്ലസ്ലിയും അവരവരുടെ കാര്യപരിപാടി ഒച്ചയും ബഹളവും ആർഭാടവും കൂടാതെ നടപ്പിലാക്കാനുള്ള പരിശ്രമത്തിൽ മുഴുകിയിരിക്കയാണ്. രണ്ടാളേയും നേരിട്ടു കണ്ടാൽ ഇത്രയും വിപുലമായ പ്രവർത്തനപരിപാടികൾ അവരുടെ മുമ്പിലുണ്ടെന്ന ഭാവംപോലും തോന്നുകയില്ല. അടിയിൽ ചുഴിയുംകോളുമുള്ള രണ്ടു മഹാനദികൾ പോലെ അവരുടെ രണ്ടു പേരുടേയും പ്രസ്ഥാനം രണ്ടു വഴിക്കു പ്രശാന്തമായങ്ങിനെ പ്രവഹിച്ചുകൊണ്ടിരുന്നു.

# നാലു്

ചെങ്കുത്തായ കരിങ്കൽപ്പാറകളും, ഇരുണ്ട ഗുഹകളും, മുററപ്പടർപ്പുകളും, പടൎന്നു പന്തലിച്ചുനില്ക്കുന്ന കൂററൻവൃക്ഷങ്ങളും നിറഞ്ഞു് ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ നിൎഭാഗ്യംപോലെ നില്ക്കുന്ന പുരളിമല കാലവൎഷത്തിന്റെ തലോടലേററു പുളകം ചാൎത്തിയിരിക്കുകയാണു്. പൊന്നോണം വന്നെത്തിയ കഥ അവിടുത്തെ ഓരോ മുററപ്പടപ്പും കാട്ടുപൊന്തയും വിളിച്ചുപറഞ്ഞു. എങ്ങും പൂവും തളിരും നിറഞ്ഞുനില്ക്കുന്ന ആ വനപ്രദേശം കേരളസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസാനയുദ്ധത്തിന്നു കളമൊരുക്കുകയാണെന്നു് ആൎക്കും കണ്ടാൽ തോന്നുകയില്ല. ഭീകരസ്വഭാവികളായ കാട്ടുമൃഗങ്ങൾക്കൊപ്പം ധീരദേശാഭിമാനികളായ നാടുവാഴികളേയും പ്രഭുക്കന്മാരേയും സ്ഥാനികളേയും ധീരോദാത്തരായ സേനാനികളേയും താനുൾക്കൊള്ളുന്നുണ്ടെന്ന പരമാൎത്ഥം പുരളിമല ഒരിക്കലും പുറത്തുവിടുകയുണ്ടായിട്ടില്ല.

എത്ര സൂക്ഷിച്ചുനോക്കിയാലും അവിടെ ജനവാസമുണ്ടെന്നു മനസ്സിലാക്കാൻ വിഷമം. മനുഷ്യസഞ്ചാരയോഗ്യമായ വഴികളോ, കാടും പടലവും നിറയാത്ത താഴ്‌വരപ്രദേശമോ കണ്ടെത്താൻ പ്രയാസം. അതിന്നു ചുററിലുമുള്ള പിളൎപ്പുകൾ കടക്കാനോ, കുത്തനേയുള്ള പാറക്കെട്ടുകൾ കയറി മറിയാനോ മനുഷ്യൎക്കു സാദ്ധ്യമല്ല. വല്ല ഗൂഢമാൎഗ്ഗങ്ങളുമില്ലെങ്കിൽ ആ മലയുടെ മുകൾപ്പരപ്പിൽ എത്തിച്ചേരുക വയ്യ. എന്നാൽ, അസാദ്ധ്യമെന്നു തോന്നുന്ന ആ പ്രതിബന്ധങ്ങളൊക്കെ തരണംചെയ്തു മേലോട്ടു ചെല്ലാൻ കഴിയുന്നവരെ കണ്ണഞ്ചിപ്പിക്കുന്ന കാ

ളുകളാണവിടെ എതിരേല്ക്കുക. പച്ചപ്പുല്ലുകൾ നിറഞ്ഞ വിശാലപ്രദേശത്ത് അവിടവിടെ കൂടാരങ്ങളും വിശ്രമത്താവളങ്ങളും ആയുധപ്പുരകളും പണിചെയ്തു വെച്ചിട്ടുണ്ട്. ചെറുതും വലുതുമായ ഓലപ്പുരകൾ പലതുമുണ്ട്. കൂട്ടത്തിൽ അല്പം കിഴക്കോട്ടു മാറി ചെറുതെങ്കിലും മററുള്ളവയിൽനിന്നു തീരെ വ്യത്യസ്തമായ രീതിയിൽ ആകൃതിയിലും പ്രകൃതിയിലും വെടുപ്പിലും മുന്നിട്ടു നില്ക്കുന്ന ഒരു കൂടാരമുള്ളതിൻെറ മുററത്തു മാമ്പലിത്തറയാനെ ആരെതിരേല്ക്കാൻവേണ്ടി ചാണകം മെഴുകി പൂവിട്ടുവെച്ചതു കാണാം. വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ വൃത്താകൃതിയിൽ ഒരു ചിത്രകംബളത്തിൻെറ രൂപത്തിലാണവിടെ നിലകൊള്ളുന്നത്. അതിനുപയോഗിച്ച കലാവാസനയുടെ ചാതുര്യമോർത്തു അതിശയിച്ച് ആരായാലും അല്പനിമിഷം അതും നോക്കി നിന്നുപോകാതിരിയ്ക്കില്ല. കൂടാരത്തിനകത്തുനിന്നു പതിഞ്ഞ സ്വരത്തിൽ മധുരമധുരമായൊരു മുളിപ്പാട്ടു കേൾക്കുന്നതൊഴിച്ചാൽ പരിസരമാകെ നിശ്ശബ്ദമാണെന്നു പറയാം. ആ വിജനതയെ മുഴവനും കോരിത്തരിപ്പിച്ചുകൊണ്ടിരുന്ന ആ മുളിപ്പാട്ടിനു്, അതിൻെറ ശ്രുതിയോടിണങ്ങിക്കൊണ്ടുതന്നെ സാവകാശത്തിൽ ആരോ താളം കൊട്ടുന്നതും കേൾക്കാനുണ്ട്.

കൂടാരത്തിനപ്പുറത്തുള്ള ഇടതൂർന്ന കാടുകൾ പതുക്കെ ഇളകാൻ തുടങ്ങി. അമ്പും വില്ലും ധരിച്ച ഒരു കാട്ടുവാസി ആ കാടുകൾക്കിടയിൽനിന്നു പുറത്തേയ്ക്കു വന്നു. നാലു പുറവും നോക്കി കാലടികൾ തറയിൽ സ്പർശിയ്ക്കുന്ന ശബ്ദംപോലും പുറത്തു കേൾപ്പിയ്ക്കാതെ മുമ്പോട്ടു നടന്നു്

അയാാം മുളിപ്പാട്ടു കേറംക്കുന്ന കൂടാരത്തിന്റെ മുമ്പിൽ വന്നുനിന്നു. അല്പനിമിഷം അങ്ങിനെ നിന്നതിനുശേഷം പതുക്കെയൊന്നു ചുമച്ചു. ചുമയുടെ ശബ്ദം കേട്ട് കൂടാരത്തിന്റെ വാതില്ക്കൽ ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെട്ടു. കാഴ്ചയിൽ മഹാലക്ഷ്മിയെന്നു തോന്നുമാറ് അത്രയും തേജസ്സിണങ്ങുന്ന മദ്ധ്യവയസ്കയായ ആ മഹിളാരത്നത്തെ കണ്ടപ്പോാം ആഗതൻ നെററി നിലം തൊടുമാറു താണു കമ്പിട്ടു് വിനയാദരങ്ങളോടെ മാറി നിന്നു.

"എന്താ ചന്തു? വിശേഷം വല്ലതുമുണ്ടോ?" കെട്ടിലമ്മ ചോദിച്ചു.

"കുറച്ചൊന്നുണ്ട്" ചന്തു തൊഴുതുകൊണ്ടു പറഞ്ഞു.

"അവിടുന്നു കാര്യാലോചനയിലാണ്. ചന്തു അങ്ങട്ടു ചെല്ലൂ."

"അടിയൻ—" ചന്തു അർദ്ധോക്തിയിൽ വിരമിച്ചു.

"തലയ്ക്കൽ ചന്തുവിനു ചെല്ലാൻ പാടില്ലാത്ത സ്ഥലമുണ്ടോ?" കെട്ടിലമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു. "കാര്യം അടിയന്തരമാണെങ്കിൽ വേഗത്തിലങ്ങട്ടു ചെല്ലൂ."

ചന്തു ഒന്നും പറയാതെ മുമ്പോട്ടു നടന്നു. കുറിച്ചിയ പ്രമാണിയായ തലയ്ക്കൽ ചന്തു, തമ്പുരാന്റെ വിശ്വസ്തഭൃത്യരിലൊരാളാണ്. അമ്പും വില്ലും പ്രയോഗിക്കുന്നതിൽ അതിവിദഗ്ദ്ധരായ തന്റെ അനുയായികളോടു കൂടി ചന്തു തമ്പുരാന്റെ ചേരിയിൽ ഉറച്ചു നിന്നു. തമ്പുരാന്നു തന്റെ കുറിച്യപ്പടയെക്കൊണ്ടു പല വിജയങ്ങളുമുണ്ടായി. എല്ലാററിനും പുറമെ ചന്തു തമ്പുരാന്റെ ഒരു വിദഗ്ദ്ധനായ ചാരനും കൂടിയായിരുന്നു. കൂടാരങ്ങാം മുഴുവനും കടന്നു് വടക്കു ഭാഗത്തുള്ള കാട്ടിലേയ്ക്കും

ണ് ചന്തു നീങ്ങിയതു്. മുൾപ്പടർപ്പുകളും പൊന്തകളും ന്തുണ്ടുന്നഴഞ്ഞുകൊണ്ടു ഒരു പത്തിരുപതു വാര മുമ്പോട്ടു നീങ്ങിയപ്പോൾ അവിടെ തഴച്ചുവളന്നു പന്തലിച്ചു നി ല്ക്കുന്ന ഒരു വീട്ടിമരത്തിൻെറ തണലിൽ, പരന്ന പാറ പ്പുറത്ത് എട്ടുപത്തു പേർ ഇരുന്നു കാര്യവിചാരം ചെയ്യു ന്നതാണ് ചന്തുവിൻെറ ദൃഷ്ടിയിൽപെട്ടതു്. പുരളിമ ലയിലെ ഓരോ മൺതരിയും പുൽക്കൊടിയും ചന്തുവി ന്നു സുപരിചിതമായതുകൊണ്ടു് ആ സ്ഥലം കണ്ടുപിടി ക്കാനോ, വേഗത്തിലവിടെ എത്തിച്ചേരാനോ പ്രയാസ മുണ്ടായില്ല. കൂടാരത്തിൽനിന്നു് ആ സ്ഥലത്തെത്തി ച്ചേരാനുള്ള സാധാരണവഴിയ്ക്കു കാട്ടുപൊന്തയോ മുൾപ്പ ടപ്പോ കാണുകയില്ല. പക്ഷേ ചന്തു അടിയന്തരകാര്യ ത്തിനുവേണ്ടി വന്നതാകകൊണ്ടു് ഏററവും എളുപ്പമുള്ള കുറക്കുവഴി നോക്കി സഞ്ചരിച്ചതാണ്.

അവിടെ കൂടിയവരിൽ തമ്പുരാനൊഴിച്ചു മററെ ല്ലാവരും ഉൽക്കണ്ഠാപൂർവ്വം ചന്തുവിനെ നോക്കി. ഗൗര വമുള്ള കാര്യമല്ലെങ്കിൽ ചന്തു കാര്യാലോചന നടക്കു മ്പോൾ ഒരിയ്ക്കലും തമ്പുരാൻെറ സന്നിധിയിൽ ചെല്ലാ റില്ല. വെള്ളൂർ ഏമൻനായക്കും, കണ്ണവത്തു ശങ്കരൻന മ്പ്യാക്കും, എടച്ചേന കുങ്കന്നും, കൈതേരി അമ്പുവിന്നും ചന്തുവിൻെറ പെട്ടന്നുള്ള വരവു് വലിയ ഉൽക്കണ്ഠയ്ക്കി ടം കൊടുത്തു. തമ്പുരാൻ മാത്രം അക്ഷോഭ്യനായി മുഖ ത്തൊരു വികാരമോ, ഉള്ളിലൊരു കലുക്കമോ ഇല്ലാതെ, സ്വസ്ഥാനത്തുനിന്നു് ഒന്നിളകുക പോലും ചെയ്യാതെ പ ഴയപടി ഇരിയ്ക്കുകയാണുണ്ടായതു്. അല്പനേരത്തിനു ആ രും ഒന്നും മിണ്ടിയില്ല. ചന്തു തൊഴുതുകൊണ്ടു് ഒരു

ഭാഗത്തു നിന്നു. തമ്പുരാൻ തെല്ലൊരു പുഞ്ചിരിയോടുകൂടി ചോദിച്ചു.

"വീണ്ടും വിളംബരമുണ്ടായി; ഇല്ലേ ചന്തു?"

"അടിയൻ! തിരുമനസ്സുണർത്തിയ്ക്കാനാണ് ഇത്ര വേഗത്തിൽ അടിയനിങ്ങോട്ടു പോന്നതു്."

"ഇത്തവണ വിളംബരത്തിന്റെ സ്വഭാവവും സ്വരവും ഒന്നു മാറിക്കാണും ഇല്ലേ ചന്തു?"

"അടിയൻ."

തമ്പുരാനൊഴിച്ചു ബാക്കിയുള്ളവർ അത്ഭുതംകൊണ്ടു വിടൎന്ന കണ്ണുകളോടെ അപ്പോഴും ചന്തുവിനെത്തന്നെ നോക്കി ഇരിയ്ക്കുകയായിരുന്നു. ശത്രുപക്ഷത്തുനിന്നു രഹസ്യവാൎത്തകളറിഞ്ഞു വന്ന തലയ്ക്കൽ ചന്തുവിനെ മുമ്പിൽ നിൎത്തി അവൻ പറയേണ്ടതു മുഴുവനും തമ്പുരാൻ തന്നെ പറയുന്നതു കേട്ടപ്പോൾ കൈതേരി അമ്പുവിനു വല്ലാത്തൊരമ്പരപ്പുണ്ടായി. വെള്ളർ ഏമൻനായർ അന്തംവിട്ടു ഇരുന്നു. ഏമൻനായൎക്കു തന്റെ ഉള്ളിൽ പൊങ്ങിവരുന്ന വികാരങ്ങൾ അടക്കിനിൎത്താൻ കഴിഞ്ഞില്ല:

"അപ്പോൾ തിരുമനസ്സ് പരേംഗിതജ്ഞാനം എപ്പോൾ വശത്താക്കി?"

മറുപടിയായിട്ടു് ഒന്നു മന്ദഹസിച്ചു് തമ്പുരാൻ, ചന്തുവിനോടുള്ള സംസാരം തുടൎന്നു:

"മേലിൽ നമുക്കു് ആരും സഹായം നില്ക്കരുതു്. ഭക്ഷണസാധനങ്ങൾ അയയ്ക്കരുതു്. അങ്ങിനെ ചെയ്യുന്ന പക്ഷം അതു കമ്പനിയോടു പ്രവൎത്തിയ്ക്കുന്ന തെററായിട്ടു കണക്കാക്കുകയും പ്രവൃത്തിയ്ക്കുന്നവരാരായാലും നാടുവാഴികൾ തന്നെയായാലും—അവരെ പരസ്യമായി പിടിച്ചു

കഴവിലേറമകയും ചെയ്യും. ഇതല്ലേ ചന്തു വിളംബര ത്തിൻെറ ചുരുക്കം?"

"അടിയൻ. ഇതു കോട്ടയം മുഴവനും പറമ്പട്ടി അറി യിച്ചിരിയ്ക്കുന്നു."

"ആട്ടെ, ചന്തുവിനു പോകാം. ഇന്നുരാത്രി പത്തു നാഴികയ്ക്കു് എന്നെ വന്നു കാണണം."

ചന്തു അനുസരണഭാവത്തിൽ തല കുനിച്ചു വന്ന വഴിയ്ക്കു തന്നെ സ്ഥലം വിട്ടു.

ആരും ഒന്നും മിണ്ടാതെ കുറച്ചുനിമിഷങ്ങൾ പി ന്നേയും കഴിഞ്ഞു.

"വിളംബരത്തിൻെറ സ്വഭാവം മനസ്സിലായി ല്ലേ?" തമ്പുരാൻ എല്ലാരോടുമായിട്ട ചോദിച്ചു. "കണ്ണൽ വെല്ലസ്ലി തൻെറ പ്രവൎത്തനങ്ങൾ ആരംഭിച്ചുവെന്നു തെളിയിയ്ക്കുന്ന ഒന്നാമത്തെ രേഖ."

"പറമ്പട്ടി വിളംബരം ചെയ്യവർ വെറുതെ പോ യിട്ടുണ്ടാവില്ല" കൈതേരി അമ്പുവാണു് പറഞ്ഞതു "നാ ട്ടുകാർ അവരെ പിടിച്ചു കെട്ടിത്തുക്കും."

"ശരിയായിരിയ്ക്കാം. എന്നാലും വിളംബരം ബാ ക്കിയല്ലേ അമ്പു? പറമ്പട്ടിയവരെ കൊന്നതുകൊണ്ടു കമ്പ നിയുടെ തീരുമാനം നശിയ്ക്കാൻ പോകുന്നുണ്ടോ? ഇവി ടെയാണു്, കാര്യം കാണുന്നതിൽ അമ്പുവും നാമും തമ്മി ലുള്ള വ്യത്യാസം."

"തിരുവായ്ക്കു് എതിർവായില്ലെന്നാണ്. എന്നാലും അടിയൻ ചോദിയ്ക്കട്ടെ—തിരുമനസ്സിലേക്ക വിപരീത മായി കോട്ടയംനാട്ടിൽ അസംബന്ധം വിളിച്ചുപറഞ്ഞു

പറകൊട്ടിപ്പോകാൻ നാട്ടുകാർ വല്ലവരേയും സമ്മതിയ്ക്കു മെന്നു് അവിടുത്തേയ്ക്കു തോന്നുന്നുണ്ടോ?"

"അമ്പൂ, കാര്യം കാണുമ്പോഠം കാതലോളം കാണണം. പറ മുട്ടുന്നവരും വിളംബരം ചെയ്യുന്നവരും നമ്മുടെ ആളുകളാണ്. അവർ പാവങ്ങഠം. പ്രതിഫലത്തിനുവേണ്ടി വല്ലതും ചെയ്യുന്നു. അവരെ കൊന്നിട്ടു നമ്മക്കെന്തു നേട്ടം? നമ്മുടെ ശത്രുക്കഠം കമ്പനിക്കാരാണ്. നാടിൻെറ സ്വാതന്ത്ര്യം ചുട്ടുപൊട്ടിയ്ക്കാൻ വന്ന അവരോടാണ് നമുക്കു വിരോധം."

അമ്പു ഉത്തരമൊന്നും പറഞ്ഞില്ല. തമ്പുരാൻ തുടന്നു:

"നിവൃത്തിയില്ലാത്ത ഘട്ടത്തിലേ നമ്മളൊരു യുദ്ധം ആഗ്രഹിയ്ക്കുന്നുള്ളു. വെറുതെ മനുഷ്യരെ കൊല്ലാൻ നമ്മളാഗ്രഹിയ്ക്കുന്നില്ല. അതാരും മറന്നുപോകരുതു്. വയററപിഴപ്പിനോ കച്ചവടത്തിനോ വന്നതാണെങ്കിൽ ഒരു കാലത്തും നമ്മഠം ഈ വെള്ളക്കാരെ ദ്രോഹിയ്ക്കാൻ പോവില്ല. നമ്മുടെ ആളുകളെ അടിമകളാക്കാനും നമ്മുടെ നാടിൻെറ സ്വാതന്ത്ര്യം നശിപ്പിയ്ക്കാനും അവരൊരുമ്പെടുന്നതുകൊണ്ടു നമുക്കവരുമായി സന്ധിചെയ്യാൻ വയ്യ. അല്ലാതെ ഒരു രസത്തിനുവേണ്ടിയല്ല നമ്മളവരോടു യുദ്ധം പ്രഖ്യാപിച്ചതു്."

"അവിടുത്തെ ആഗ്രഹങ്ങഠം നിവൃത്തിയ്ക്കാനും അതിനുവേണ്ടി പൊരുതാനുമാണ് അടിയനെപ്പോലുള്ളവർ ജീവിയ്ക്കുന്നതു്. അല്ലാതെ അവിടത്തോടു് ഒരഭിപ്രായം പറയാനല്ല." എടച്ചേന കുങ്കനു് അതേ പറയാനുണ്ടായി

രുന്നുള്ളു. കുങ്കന്റെ വാക്കു കേട്ടതും തമ്പുരാന്റെ മുഖത്തെ സഹജമായ മന്ദഹാസം താല്ക്കാലികമായി ഒന്നു മങ്ങി.

"കുങ്കന്റെ അഭിപ്രായം വളരെ അബദ്ധം. എന്റെ ആഗ്രഹത്തിനുവേണ്ടിയല്ല നിങ്ങൾ കഷ്ടപ്പെടുന്നതും യുദ്ധംചെയ്യുന്നതും. ആ വിചാരം തെററാണ്. നമ്മുടെ മാതൃഭൂമിയ്ക്കുവേണ്ടി, മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി, നാം യുദ്ധം ചെയ്യുന്നു. എന്റെ ആഗ്രഹത്തിനിവിടെ പ്രസക്തിയില്ല. ഞാൻ മരിച്ചാലും ഈ യുദ്ധം തുടരും. ഇന്നല്ലെങ്കിൽ നാളെ ഇതു ശക്തിപ്പെടും. നമ്മുടെ മണ്ണിൽനിന്നു അവസാനത്തെ വിദേശിക്കൂടി കെട്ടു കെട്ടുന്നതുവരെ ഈ യുദ്ധം അവസാനിയ്ക്കില്ല; തീർച്ച. ...ആട്ടെ, നമുക്കു കാര്യത്തിലേയ്ക്കു കടക്കാം. വെല്ലസ്ലിയുടെ പുതിയ വിളംബരത്തെപ്പററി എന്താണു് നിങ്ങളുടെ അഭിപ്രായം?"

"ഇത്തവണ നാടുവാഴികളുടെ നേർക്കാണ് വെല്ലസ്ലി ശരം തൊടുത്തതു്" കണ്ണവത്തു നമ്പ്യാർ പറഞ്ഞു.

"ആരുടെ നേർക്കു തൊടുത്താലും മാനഞ്ചേരി വിളംബരത്തിന്റെ കാര്യം അവർ മറന്നിട്ടുണ്ടാവില്ല" കൈതേരി അമ്പു തന്റെ അഭിപ്രായം പ്രകടിപ്പിച്ചു.

"എന്നും മാനഞ്ചേരി ആവർത്തിയ്ക്കുമെന്നു വിചാരിയ്ക്കുന്നതു തെററാണ്" എമൻനായർ അഭിപ്രായപ്പെട്ടു.

"ആവർത്തിയ്ക്കാൻ പാടില്ല" തമ്പുരാൻ ദൃഢസ്വരത്തിൽ പറഞ്ഞു. "ഈ പറയടിക്കാരും വിളംബരക്കാരും നമ്മുടെ ശത്രുക്കളല്ല. ആട്ടെ, കണ്ണവത്തു നമ്പ്യാർ ഒരു സൂചന നല്കിയല്ലോ. അതിനെപ്പററി എന്തു പറയുന്നു?"

"വെല്ലസ്ലിയുടെ വിളംബരം കേട്ടു പേടിച്ചു കൂറ മാറാൻ ഇന്നാട്ടിലെ സ്ഥാനികളേയും നാടുവാഴികളേയും കിട്ടുമെന്നു തോന്നുന്നില്ല. അവരത്ര ഭീരുക്കളല്ല" എടച്ചേന കുങ്കൻ പറഞ്ഞു.

"ശരിയാണ്" തമ്പുരാൻ ഓരോരുത്തരുടെ മുഖത്തും സൂക്ഷിച്ചു നോക്കി തുടന്നു: "നാടുവാഴികളേയും സ്ഥാനികളേയും കുറിച്ച് എനിയ്ക്കു സന്ദേഹമില്ല. എങ്കിലും സൂക്ഷിച്ചിരിയ്ക്കണം. വെല്ലസ്ലി നയജ്ഞനാണ്. തൻകാര്യം നേടുന്നതിന് ഏതു ക്രൂരതപ്രവത്തിയ്ക്കാനും മടികാണിയ്ക്കില്ല. അതുകൊണ്ടു കരുതിയിരിയ്ക്കാൻ കൂടാളിയ്ക്കും, കല്യാട്ടേയ്ക്കും, ചന്ത്രോത്തേയ്ക്കും മററു സ്ഥാനങ്ങളിലേയ്ക്കും ഇന്നുതന്നെ വിവരം കൊടുക്കണം. എന്താ അമ്പൂ?"

അമ്പുവിനു കാര്യം മനസ്സിലായി. തമ്പുരാൻ ഒരു കാര്യത്തിലും അതിൽ കൂടുതൽ സൂചനകഠം നല്കാറില്ല. അമ്പു ഇരിപ്പടത്തിൽനിന്ന് എഴുന്നേററു. സ്ഥാനികളെ കഴിയും വേഗം വിവരമറിയിയ്ക്കേണ്ട ചുമതല തൻേറതാണെന്നു തമ്പുരാൻ സൂചിപ്പിച്ചുകഴിഞ്ഞ നിലയ്ക്ക് ഇനി താമസിയ്ക്കാൻ പാടില്ലെന്നു അമ്പുവിനറിയാം. അമ്പു പുറപ്പെട്ടതു കണ്ടു മററുള്ളവരും എഴുന്നേററു; കൂട്ടത്തിൽ തമ്പുരാനും.

"പിന്നെയ്, അമ്പൂ, ഈ കാര്യംകൂടി കേട്ടിട്ടു പൊയ്ക്കോളൂ." തമ്പുരാൻ എല്ലാവരോടുമായിട്ടു പറഞ്ഞു: "വെല്ലസ്ലി നമ്മെ വളരെ തെററിദ്ധരിച്ചു കഴിഞ്ഞിരിയ്ക്കുന്നു. വലിയ ബലപ്രയോഗമൊന്നുമില്ലാതെ അല്പം ഭീഷണിയും മട്ടനവുംകൊണ്ടു നാട്ടുകാരെ ഭയപ്പെടുത്തി നമുക്കെതിരാക്കാമെന്നു കണ്ണൂൽ വിശ്വസിച്ചതുപോലെ

തോന്നും. പ്രബലനും ബുദ്ധിമാനുമായ ഒരു ശത്രുവാണെന്നു് ഇതുവരെ ഞാൻ കണ്ണ്ലിനെ കരുതിപ്പോന്നു. പക്ഷെ ഈ വിളംബരം എൻെറ വിശ്വാസത്തിന്നിളക്കം തട്ടിച്ചിരിയ്ക്കുന്നു. എല്ലാററിനും പുറമെ കണ്ണ്ലിൻെറ വരവിന്നു ശേഷം നമ്മൾ മൗനം പൂണ്ടതു ഭീരുത്വംകൊണ്ടാണെന്നൊരു വിശ്വാസം ആ വെള്ളക്കാരനിലുള്ളതുപോലെ തോന്നും. അതുകൊണ്ടു മാതൃഭൂമിയുടെ മാനം കാക്കുന്ന കാര്യത്തിൽ നമുക്കു ഭയമോ, ഭീരുത്വമോ ഇല്ലെന്നു കണ്ണ്ലിന്നു തെളിയിച്ചുകൊടുക്കണം. അതു വേഗത്തിൽ വേണമെന്നുമുണ്ടു്. എങ്ങനെ, എവിടെ വെച്ചെന്നെല്ലാമുള്ള കാര്യം പിന്നീടറിയിയ്ക്കാം."

തമ്പുരാൻ മുമ്പിലും മററുള്ളവർ പിമ്പിലുമായി കൂടാരങ്ങളിലേയ്ക്കു മടക്കയാത്രയാരംഭിച്ചു.

———

# അഞ്ചു്

ഈ കഥ ആരംഭിക്കുന്ന ദിവസം രാത്രി കണ്ണലിന്റെ നയോപായങ്ങളും ദ്വിഭാഷിയുടെ മധുരവാക്കുകളിലൂടെ പുറത്തുവന്നതു മുഴുവനും വളരെ ഔത്സുക്യത്തോടുകൂടെ കേൾക്കുകയും വിശ്വസിക്കുകയും ചെയ്ത നായർ തികഞ്ഞ സംതൃപ്തിയോടുകൂടിയാണു് യാത്ര പറഞ്ഞു പിരിഞ്ഞതു്. തന്റെ ഹൃദയത്തിൽ നൂറായിരം ആശകളും സ്വാർത്ഥങ്ങളും കിടന്നു് ഓളംവെട്ടുന്നുണ്ടു്. അതൊക്കെ രൂപംകൊണ്ടു കാണുവാൻ കമ്പനിയെ ശരണം പ്രാപിക്കുകയേ ഗതിയുള്ളു. അതു സാധിച്ചുകഴിഞ്ഞു. ഇനി സന്തോഷിക്കുന്നതിനെന്തു തടസ്സം? നായർ ആലോചിച്ചു: താമസിയാതെ സകലതും ശരിപ്പെടും. കമ്പനിപ്പട്ടാളം അധികാരം മുഴുവൻ പിടിച്ചുപറ്റും. തനിക്കു സ്ഥാനമാനങ്ങളും സമ്മാനവും ധാരാളം കിട്ടും......പക്ഷേ.....?

തന്റെ ചിന്താഗതി ഇത്രത്തോളമായപ്പോൾ നായർ പരിഭ്രാന്തനായി നാലു പുറവും കണ്ണോടിച്ചു. താനിതുവരെ സങ്കല്പലോകത്തിലായിരുന്നുവെന്നും ഇപ്പോൾ തനിക്കു ചുറ്റും കടുത്ത യാഥാർത്ഥ്യമാണുള്ളതെന്നും നായർക്കു ബോധ്യപ്പെട്ടു. കണ്ണിൽക്കുത്തിയാൽ കാണാത്ത ഇരുട്ടു്. ആകാശത്തിൽ കാർമേഘങ്ങൾ തിങ്ങിക്കൂടിയതുകൊണ്ടു നാട്ടുവെട്ടംകൂടി ഇല്ല. തന്നെ ആ നിലയിൽ അപ്പോൾ കണ്ണൽ വെല്ലസ്ലിയുടെ ബംഗ്ലാവിനു മുമ്പിൽ വല്ലവരും കണ്ടെത്തിയാലുള്ള അപകടങ്ങളെക്കുറിച്ചു് ഓർത്തപ്പോൾ നായരുടെ പരിഭ്രമം വർദ്ധിച്ചു. നടത്തത്തിനു വേഗം കൂടി. ഒരു വേടനാൽ പിൻതുടരപ്പെട്ട മാൻപേട പോലെ നായർ പരിഭ്രാന്തനായി മുമ്പോട്ടു കുതിച്ചു.

* * ർ

റോഡിൽനിന്നു് ഇടുങ്ങിയ ഇടവഴികളിലൊന്നിലേയ്ക്കു കടന്നു. മനുഷ്യസഞ്ചാരം വളരെയൊന്നുമില്ലാത്ത മാർഗ്ഗം തേടിപ്പിടിച്ചു മുമ്പോട്ടു നടന്നു.

ആരോ തന്നെ പിൻതുടരുന്നുണ്ടെന്നൊരു തോന്നൽ. നില്ക്കാനും നടക്കാനും ഓടാനും വയ്യ. തന്റെ കാലടികൾ നിലത്തു തട്ടുമ്പോഴുള്ള ശബ്ദംകൂടി നായർക്കു് അസഹ്യമായിത്തോന്നി. കല്ലും മുള്ളും ചവുട്ടി മെതിച്ചു പ്രയാസപ്പെട്ടു് അയാൾ മുമ്പോട്ടു നീങ്ങി. കലശലായ ക്ഷീണം തോന്നീട്ടും ഒരു സ്ഥലത്തു വിശ്രമിയ്ക്കാനോ അല്പനിമിഷം ഒന്നു നില്ക്കാനോ നായർക്കു തോന്നിയില്ല. വില്ലിൽ നിന്നു വലിച്ചുവിട്ട ഒരമ്പുപോലെയാണു് ആ പോക്കു്.

നായരുടെ വളരെയൊന്നും പിന്നിലല്ലാതെ മറ്റൊരു രൂപം നായരെ അനുഗമിയ്ക്കുന്നുണ്ടെന്ന കഥ അയാൾ മനസ്സിലാക്കിയില്ല. അതു മനസ്സിലാക്കിയെന്നു വരുകിൽ ആ ഘട്ടത്തിൽ എന്തൊക്കെയാണു് സംഭവിച്ചിരിയ്ക്കുകയെന്നു വിവരിയ്ക്കാൻ പ്രയാസം. നായർ ബംഗ്ലാവിൽനിന്നിറങ്ങി റോഡിൽക്കൂടി ഒരു പത്തു വാര നീങ്ങുമ്പോഴേയ്ക്കും റോഡരികിലുള്ള ഒരു ചോലമരത്തിന്റെ മറവിൽ നിന്നു് കറുത്ത പൊക്കംകൂടിയ ഒരു രൂപം പുറത്തു വന്നു. നായരുടെ നടത്തത്തിന്റെ ഊക്കിനനുസരിച്ചു് ഒരു പത്തു പതിനഞ്ചു വാര പിന്നിലായി ആ രൂപവും അയാളെ അനുഗമിയ്ക്കുന്നുണ്ടായിരുന്നു.

നായരുടെ വഴി വിശാലമായൊരു പാടത്തിലേയ്ക്കാണു് ചെന്നവസാനിയ്ക്കുന്നതു്. കൊയ്ത്തു കഴിഞ്ഞു രണ്ടാം വിളയ്ക്കുവേണ്ടി പൂട്ടിയൊരുക്കി ചളിയും വെള്ളവും

നിറഞ്ഞ ഒരു പാടമാണതു്. വരമ്പുകൾ ചളികൊണ്ടു കലശലായി വഴുക്കുന്നുണ്ടായിരുന്നു. മരങ്ങളുടെയും മററും തണലോ മറവോ ഇല്ലാത്തതുകൊണ്ടു പാടത്തിൽ കുറഞ്ഞൊരു നാട്ടുവെട്ടമുണ്ടായിരുന്നു. അതിൻെറ സഹായംകൊണ്ടു വഴി തിരിച്ചറിയാൻ കഷ്ടിച്ചുകഴിഞ്ഞു. അതുവരെ ഇരുട്ടിനെ ഭയപ്പെട്ട നായർ പാടത്തിൻെറ കരയ്ക്കെത്തിയപ്പോൾ നാട്ടുവെട്ടത്തിനെ ഭയമായി. നായർ പാടത്തിൻെറ കരയ്ക്കുള്ള ഒരു മരത്തണലിൽ തെല്ലുനേരം ആലോചിച്ചുകൊണ്ടു നിന്നു. തൻെറ വെളുത്ത മുണ്ടും രണ്ടാമുണ്ടും ഇരുട്ടിൽനിന്നു നോക്കുന്നവർ വേഗം കണ്ടുപിടിക്കാൻ കഴിയുമെന്ന കാര്യം നായർക്കു് ഓർമ്മ വന്നു. ഉടനെ മുണ്ടഴിച്ചു ചുരുട്ടി ഇടത്തു കയ്യിൽപിടിച്ചു് കച്ച മാത്രം ധരിച്ചുകൊണ്ടു് വീണ്ടും നായർ മുമ്പോട്ടു നടന്നു. വരമ്പുകൾക്കു വഴുക്കലുള്ളതുകൊണ്ടു വേഗത്തിൽ നടക്കാൻ സാധ്യമായിരുന്നില്ല. അതുപോലെ കൂടക്കൂടെ പിൻതിരിഞ്ഞുനോക്കാനും പ്രയാസം. നായർ തപ്പിയും തടഞ്ഞും ആവുന്നത്ര വേഗത്തിലാണു് നടന്നതു്.

ഏതാണ്ടു് പാടത്തിൻെറ മദ്ധ്യത്തിലെത്തിയപ്പോൾ തനിക്കഭിമുഖമായി ആരോ ഒരാൾ നടന്നുവരുന്നതു പോലെ നായർക്കു തോന്നി. തന്നെപ്പോലെ മറെറാരാൾ ആ വഴിക്കു് ആ സമയത്തു വരുന്നതു വല്ല ദുരുദ്ദേശവും വെച്ചുകൊണ്ടാവാതെ തരമില്ല. നേരമ്പോക്കിനുവേണ്ടി മാത്രം ഇത്രയും ബുദ്ധിമുട്ടു പിടിച്ചൊരു വഴിയിലൂടെ, ഇരുട്ടും വിജനതയും മൂലം പേടിപ്പെടുത്തുന്ന ഈ പരിസരത്തിലൂടെ, ആരും തനിച്ചു സഞ്ചരിക്കുകയില്ല. നായർ നിന്നു. ആ രൂപം അടുത്തു വരികയാണു്. ശത്രു

വോ? മിത്രമോ? ഏതു നിലയിലും തന്നെ സമീപിയ്ക്കുന്നതിന്നു മുമ്പു തന്റെ സാന്നിദ്ധ്യം ആ രൂപത്തെ മനസ്സിലാക്കുന്നതു നല്ലതാണെന്നു നായൎക്കു തോന്നി. ഉടനെ തന്റെ മുഴുവൻ പൌരുഷവും പ്രകാശിപ്പിയ്ക്കുമാറു് ഉഗ്രസ്വരത്തിൽ നായർ വിളിച്ചു ചോദിച്ചു:

“ആരെടാ അതു്?” അപ്പോഴേയ്ക്കും തന്റെ മുമ്പിൽ ഒരു പത്തുപതിനഞ്ചു വാര അടുത്തെത്തിക്കഴിഞ്ഞ ആ രൂപം അപ്രതീക്ഷിതമായ ചോദ്യം കേട്ടിട്ടാവണം ഞെട്ടുന്നവിടെ നിന്നു. നായർ വീണ്ടും ചോദിച്ചു:

“ആരെടാ അതു്?” ഉത്തരമില്ല.

“വേഗം പറഞ്ഞോളൂ” നായർ ഒന്നുകൂടി കയർത്തു. ഉത്തരം പറയുന്നതിന്നു പകരം ആ രൂപം പ്രധാന വരമ്പിൽനിന്നു വലത്തു ഭാഗത്തേയ്ക്കു നീണ്ടുപോകുന്ന ഒരു ചെറിയ വരമ്പിലേയ്ക്കു വേഗത്തിൽ തന്റെ യാത്ര തിരിച്ചുവിടുകയാണുണ്ടായതു്. ഭീരുത്വംകൊണ്ടാണു് അങ്ങിനെ ചെയ്തതെന്നു ധരിച്ച നായർ ഒന്നുരണ്ടടി മുമ്പോട്ടു വെച്ചു് വീണ്ടും ഉഗ്രസ്വരത്തിൽ ഓരോന്നു ചോദിയ്ക്കാൻ തുടങ്ങി. മറുകരയിൽ തട്ടിവരുന്ന പ്രതിദ്ധ്വനിയല്ലാതെ തന്റെ ചോദ്യത്തിന്നു മറുപടിയൊന്നും കിട്ടിയില്ല. നായർ പിന്നേയും പിന്നേയും ചോദിച്ചുകൊണ്ടിരുന്നു. ക്രമേണ ആ രൂപം ഇരുട്ടിന്റെ അവ്യക്തതയിൽ ചെന്നു മറഞ്ഞു.

നായൎക്കു് ആകെക്കൂടി പരിഭ്രമം ഇരട്ടിച്ചു. അവിടെ നില്ക്കാനോ ആ രൂപത്തെ പിൻതുടരാനോ ധൈര്യമില്ല. ഇരുട്ടിൽ എന്തൊക്കെയോ നടക്കുന്നുണ്ടു്. ആരൊക്കെയോ സഞ്ചരിയ്ക്കുന്നുണ്ടു്. തന്റെ കള്ളി പുറത്തായി

കഴിഞ്ഞു. തന്നെ ആരോ സൂക്ഷിയ്ക്കുകയും തൻെറ പ്രവൃത്തിയ്ക്കു് കരമനില്ക്കുകയും ചെയ്തിട്ടുണ്ടു്. ആരൊക്കെയായിരിയ്ക്കുമതു്? അവരിനിയങ്ങോട്ടു് തനിയ്ക്കെതിരായി എന്തൊക്കെയാണു് പ്രവത്തിയ്ക്കാൻ പോകുന്നതു്? ഒളിച്ചെന്നു് ആളെ പിടികൂടി കഥകഴിച്ചാലോ? ഒരു പക്ഷേ അവൻെറ കൂട്ടത്തിൽ കൂടുതൽ ആളുകളുണ്ടെങ്കിൽ!? ......തീരുമാനം കണ്ടെത്താൻ കഴിയാത്ത പ്രശ്നങ്ങളാണു് തന്നെ ചുററിച്ചുററുകൊണ്ടിരിയ്ക്കുന്നതു്. ഇങ്ങിനെ ആലോചിച്ച് അന്തം വിട്ടു നില്ക്കുന്നതിലും ഭേദം തൻെറ യാത്ര തുടരുകയാണെന്നു നായർ ഒടുവിൽ തീരുമാനിച്ചു......

നായരുടെ മുമ്പിൽനിന്നു വലത്തു ഭാഗത്തേയ്ക്കു നീങ്ങിയ രൂപം ധൃതിയിൽ നടന്നു പാടത്തിൻെറ വടക്കു വശത്തുള്ള വിശാലമായൊരു പുരയിടത്തിലേയ്ക്കാണു ചെന്നു കേറിയതു്. മാവും പിലാവും പുളിയും തെങ്ങും കവുങ്ങും വാഴകളും ഇടകലന്നു തിങ്ങിവളരുന്ന അതിൻെറ തെക്കുകിഴക്കെ മൂലയിൽ വലിയൊരു സപ്പക്കാവുണ്ടു്. പകൽവെളിച്ചത്തിൽപ്പോലും ആരും ആ സപ്പക്കാവിനെ സമീപിയ്ക്കാറില്ല. തലയിൽ മാണിയ്ക്കം ജ്വലിപ്പിച്ചുവെയ്ക്കുന്ന മഹാസപ്പങ്ങൾ തുടങ്ങി ക്രൂരൻ മലഞ്ചേരകൾ വരെ പല ജാതിയിലും തരത്തിലും പെട്ട ഇഴജന്തുക്കളുടെ ആവാസസ്ഥാനമാണു് ആ കാവെന്നു് അന്നാട്ടുകാർ പരക്കെ വിശ്വസിച്ചുവരുന്നു. ആ വിശ്വാസത്തിൻെറ ഫലമായ ഭയം നിമിത്തം ധീരനായൊരു പടയാളിയ്ക്കുകൂടി കാലിടറാതെ അതിന്നരികിലൂടെ നടന്നു പോകാൻ സാദ്ധ്യമല്ല.

പാടത്തിൽനിന്നു തൊടിയിലേയ്ക്കു കയറിയ രൂപം സർപ്പക്കാവിന്നഭിമുഖമായി നടന്നു് മുൾപ്പടർപ്പുകളും കാട്ടുവള്ളികളും ചേർന്നു കെട്ടിപ്പിണഞ്ഞു കിടക്കുന്ന അതിൻെറ പൊളിത്തികൾ നൂണു് അകത്തേയ്ക്കു കടന്നു. കാവിന്നകത്തെ ഇരുട്ടു് ഒരു നൂറു മടങ്ങു് ഇരട്ടിച്ചിരുന്നു. എന്നിട്ടും അവിടെയെല്ലാം പരിചയമുള്ളതുപോലെ ആ രൂപം ഒട്ടും പതറാത്ത നിലയിൽ മുമ്പോട്ടു നടന്നു; ചാഞ്ഞു വീണ ഒരു മരത്തടിയിൽ കേറിയിരുന്നു. അമ്പും വില്ലും മരത്തടിയോടു ചേർത്തു ചാരി വെച്ചു.

ചീവീടുകളുടെ കരച്ചിലും, ആവലുകളുടെ ചിറകടിയുമല്ലാതെ ആ ചുററുപാടിൽ മററു ശബ്ദമൊന്നുമുണ്ടായിരുന്നില്ല. അല്പസമയം മുമ്പു പാടത്തിൻെറ വടക്കുപടിഞ്ഞാറെ കരയിൽനിന്നു് തുടങ്ങിയ ഒരു നായയുടെ ഇടതടവില്ലാത്ത കുര അതേ നിലയിൽ അപ്പോഴും തുടർന്നുകൊണ്ടിരുന്നു.

അതാ, പുതിയൊരു ശബ്ദം! കാൽപ്പെരുമാററമാണു്. അടുത്തടുത്തു വരുന്നു. സർപ്പക്കാവിന്നകത്തെ കരിയിലകൾ ഒരു മനുഷ്യൻെറ ചവിട്ടേററു ഞെരുങ്ങുകയാണു്. ഒന്നു്, രണ്ടു്, മൂന്നു് നിമിഷങ്ങൾ വേഗത്തിൽ നീങ്ങിക്കൊണ്ടിരിയ്ക്കുന്നു. കാലേക്കൂട്ടി സർപ്പക്കാവിന്നകത്തു സ്ഥലം പിടിച്ച മനുഷ്യൻ ഒന്നു ചുമച്ചു. മറുവശത്തുനിന്നു സർപ്പക്കാവിലേയ്ക്കു കടന്നുവരുന്ന ആൾ അതിന്നു മറുപടിയായും ഒന്നു ചുമച്ചു. അവരന്യോന്യം മനസ്സിലാക്കി. താമസിയാതെ രണ്ടുപേരും അടുത്തു.

"ആളെ മനസ്സിലാക്കിയോ?" ഒന്നാമത്തു സർപ്പക്കാവിൽ പ്രവേശിച്ച ആളാണു് ചോദിച്ചതു്.

"മനസ്സിലാക്കി. പഴയംവീട്ടിൽ ചന്തുനായരാണ്." പിന്നീട വന്ന ആൾ പറഞ്ഞു.

"എനിയ്ക്കും മനസ്സിലായി."

"പാടത്തുനിന്നു നിങ്ങളന്യോന്യം പറഞ്ഞതു മുഴുവനും ഞാൻ കേട്ടു." പുതുതായിട്ടു വന്ന ആൾ മരത്തിന്റെ മറെറാരു ഭാഗത്തു ചെന്ന് ഇരുന്നു.

"എന്നോട പറഞ്ഞതല്ലാതെ ഞാനെന്നും പറഞ്ഞില്ല."

"അതും ഞാൻ മനസ്സിലാക്കി. തമ്മിൽ കൂട്ടിമുട്ടുമോ എന്നു ഞാൻ സംശയിച്ചു."

"അതിന്നു നിവൃത്തിയില്ലല്ലൊ. നിവൃത്തിയുണ്ടായിരുന്നുവെങ്കിൽ ഒരമ്പിന് അവൻെറ കഥ ഞാൻ കഴിച്ച് പിറേറന്നിക്കണ്ടതിൽ വളം കൂട്ടമായിരുന്നു. ആട്ടെ, എന്തൊക്കെയാണ് വർത്തമാനം?"

"നമ്മളുദ്ദേശിച്ചതുപോലെതന്നെ."

"അവൻ സായ്പിനെ കണ്ടോ?"

"കണ്ടെന്നല്ല വളരെ നേരം സായ്പുമായി കൂടിയാലോചിച്ചശേഷം സന്തോഷിച്ചാണ് പിരിഞ്ഞതു്."

"ഇതൊക്കെ നീയെങ്ങനെ മനസ്സിലാക്കി?"

"ഞാൻ കാലേക്കൂട്ടി സായ്പിൻെറ ബംഗ്ലാവിന്നടുത്തെത്തി. റോഡരികിലുള്ള ഒരു മരത്തിൽ പൊത്തിപ്പിടിച്ചുകയറി ഒളിച്ചിരുന്നു. നേരം ഒരെട്ടുനാഴിക ചെല്ലുനപ്പോൾ അവൻ ബംഗ്ലാവിലെത്തി."

"തനിച്ചാണോ?"

"അതെ. പാതിര വരെ അകത്തു് കൂടിയാലോചനയായിരുന്നു. എല്ലാം കഴിഞ്ഞു പടി കടക്കുന്നതു വരെ സാ

ച്ചും അവൻെറ ഒരുമിച്ചു വന്നു. എന്നിട്ടു പടിയ്ക്കൽവെച്ചു സായ്പ് അവൻെറ കൈ പിടിച്ചു കുലുക്കി സന്തോഷിച്ചു ചിരിച്ച് പറഞ്ഞയച്ചു."

"അപ്പോഴൊക്കെ നീ മരത്തിൻെറ മുകളിലുണ്ടായിരുന്നോ?"

"ഉണ്ടായിരുന്നു."

"സായ്പറിഞ്ഞുപോയെങ്കിൽ ഒരു ഉണ്ടയ്ക്കു നിൻെറ കഥ കഴിയ്ക്കുമായിരുന്നു."

"സായ്പ് തോക്കു തൊടുമ്പോഴേയ്ക്കും ഒരമ്പുകൊണ്ടു അവൻെറ തൊണ്ടപ്പുതപ്പു ഞാൻ തകൎക്കും. വെറുതെയല്ല ഈ അമ്പും വില്ലും കൂടെ കൊണ്ടുപോയതു്."

"സായ്പ് പിടിച്ചു കുലുക്കിയ അവൻെറ കൈ കൊത്തിക്കളയേണ്ടതായിരുന്നു."

"ഒന്നും ചെയ്യാൻ പാടില്ലെന്നല്ലേ അമ്പുയജമാനൻെറ കല്പന. ഇല്ലെങ്കിൽ സായ്പിൻെറ പടിയ്ക്കൽത്തന്നെ അവൻെറ ശവം."

"ആട്ടെ, എന്നിട്ട്?"

"സായ്പ് തിരിച്ചുപോയി. തനിച്ചായപ്പോഴാ അവൻെറ അമ്പരപ്പൊന്നു കാണേണ്ടതായിരുന്നു. ഞാൻ പതുക്കെ മരത്തിൻെറ മുകളിൽനിന്നു് ഇറങ്ങി, അവൻെറ പിന്നാലെ കൂടി. പിന്നെ ഈ പാടത്തിൽവെച്ചു നിങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നതു വരെ ഞാനൊരുമിച്ചുണ്ടായിരുന്നു."

"അതു ഞാൻ മനസ്സിലാക്കി. അവൻെറ പരിഭ്രമത്തിൻെറ ശക്തി ആ ശബ്ദം കേട്ടാലറിയാം."

"അവൻ വല്ലതും വികടം കാണിയ്ക്കുമോ എന്നു പേടിച്ച ഞാൻ വില്ല കുലച്ചു കാത്തു നിന്നിരുന്നു."

"അവൻെറ ശബ്ദം കേട്ടപ്പോഠതന്നെ ഞാനൂഹിച്ചു, അവനൊന്നും ചെയ്യാൻ കഴിയില്ലെന്നു്."

"ശരിയാണ്."

"എന്നാലും കാര്യം വിഷമമായല്ലൊ. അവൻ ഇന്നലെവരെ തിരുമനസ്സിലെ സ്വന്തം ആളായിരുന്നു."

"അതെ. അവനറിയാത്ത കാര്യമില്ല."

"മലയിലേയ്ക്കുള്ള സ്വകാര്യവഴിക്കൂടി അവനറിയാം."

"അവനു് എല്ലാം അറിയാം. തിരുമനസ്സിൽനിന്നു് ഒരു കാര്യവും അവനോടു് ഒളിയ്ക്കാറില്ല."

"തിരുമനസ്സിലെ ഏററവും അടുത്ത രണ്ടുമൂന്നാളുകളിൽ ഒന്നവനാണ്."

"ഇതിലും വലിയൊരു നാശം പററാനില്ല."

"ഇല്ല."

"അവൻ സായ്പിൻെറ ഭാഗം ചെന്നുചേൻ്നു് എന്തൊക്കെ അനത്ഥങ്ങളുണ്ടാക്കുക!"

"ഇങ്ങിനെ തിന്ന ചോറിനു കൂറ കാണിയ്ക്കാത്തൊരു പട്ടി!"

"ഇതു തിരുമനസ്സറിയുമ്പോഠ—"

"ആരറിയിയ്ക്കും?"

"അവിടുന്നറിയാത്ത കാര്യമുണ്ടോ? നമുക്കു മുമ്പേ അവിടുന്നിതൊക്കെ അറിഞ്ഞിട്ടുണ്ടാവും."

"സായ്പു് എങ്ങിനെയെങ്കിലും തിരുമനസ്സിനെ കുടുക്കാൻ തീച്ചപ്പെടുത്തിട്ടുണ്ടു്. പുതിയൊരു വിളംബരമുണ്ടായല്ലൊ"

“ഞാനും കേട്ടു.”

“അതു തിരുമനസ്സറിഞ്ഞോ?.”

“ഇപ്പോഴേയ്ക്കും അറിഞ്ഞുകാണും.”

“എന്തൊക്കെ അനത്ഥങ്ങളാണു് വരാൻപോകുന്നതു്!”

“എനിയ്ക്കു ഇവയൊരു കാര്യത്തിലേ പേടിയുള്ളൂ: നമ്മുടെ കക്ഷിയിൽനിന്നു് ഒരുത്തൻ കൂറുമാറി അങ്ങോട്ടു ചെന്നില്ലേ? അതും സാമാന്യംപോലെ ഒരുത്തനല്ല. നമ്മുടെ ഉള്ളുകള്ളികളൊക്കെ അറിയുന്നവൻ.”

“അവനെ കൊല്ലാനൊരവസരം കിട്ടിയാൽ മതിയായിരുന്നു.”

“അതു കിട്ടുമെന്നു തോന്നുന്നില്ല. കിട്ടിയാൽ ഒരു വിഷമവുമില്ലായിരുന്നു.”

“തിരുമനസ്സിനെ സഹായിയ്ക്കുന്നവരെ പേടിപ്പിയ്ക്കാനാണു് സായ്പിൻെറ ഭാവം. അങ്ങിനെ പേടിപ്പിച്ചു നാട്ടിൽനിന്നുള്ള സഹായം കിട്ടാതാവുമ്പോൾ തിരുമനസ്സു കീഴടങ്ങുമെന്നു സായ്പു് വിചാരിയ്ക്കുന്നുണ്ടാവും.”

“ആ പൂതി വെറുതെ. തിരുമനസ്സിലെ സഹായികൾ, ആരു പേടിപ്പിച്ചാലും പേടിയ്ക്കില്ല. അല്ലെങ്കിൽ ആരൊക്കെയാണു് സഹായിയ്ക്കുന്നതെന്നറിയാൻ സായ്പിനെങ്ങിനെ കഴിയും?”

“ഇനി അതിനെന്താ വിഷമം? ആ നന്ദിയില്ലാത്ത പട്ടി സായ്പിൻെറ സഹായത്തിനില്ലേ? ഉള്ളുകള്ളികളൊക്കെ അവൻ പറഞ്ഞുകൊടുക്കില്ലേ?”

“ഹോ! വല്ലാത്തൊരു അനത്ഥമായി. ഇനി അവനെ പണിതീർത്തല്ലാതെ നമുക്കു രക്ഷയില്ല.”

"ആട്ടെ, വേഗത്തിൽ വല്ലതും ചെയ്യണം. ഈ വിവരം അടിയന്തരമായി അമ്പുയജമാനനെ അറിയിക്കാതെ കഴിയില്ല."

"ശരിയാണ്. ഇങ്ങിനെ നമ്മളിവിടെനിന്നു പരാതി പറഞ്ഞതുകൊണ്ടു കാര്യമില്ല. താനെന്താണ് ചെയ്യാൻ ഭാവം?"

"ഞാൻ നേരെ ചെന്ന് അമ്പുയജമാനനെ കാണും."

"അമ്പുയജമാനൻ മലയിലല്ലേ?"

"അല്ല; ഇന്നലത്തെ കൂടിയാലോചന കഴിഞ്ഞു രാത്രിതന്നെ ഇങ്ങോട്ടു പോരും. നാളെ പകൽ തലശ്ശേരി എത്തുമെന്നാണ് പറഞ്ഞത്."

"അപ്പോൾ, ഈ വിവരവുംകൊണ്ടു മലയിലേക്കു ഞാനാണ് പോകേണ്ടത്; അല്ലേ?"

"അതെ. എനിക്കു പോകാൻ പററില്ലല്ലോ. അമ്പുയജമാനനെ കാണേണ്ടത് അടിയന്തരകാര്യമാണ്. എന്തൊക്കെയോ ചെയ്യാൻ പോകുന്നുണ്ടെന്നാണ് കേട്ടത്."

"എന്തു ചെയ്യാൻ?"

"കുറച്ചു കാലമായി ഒന്നും ചെയ്യാത്തതുകൊണ്ടു തിരുമനസ്സും ആൾക്കാരും പേടിച്ചുകുടുങ്ങുകയാണെന്നു കമ്പനിക്കാർ വിചാരിക്കുന്നുണ്ടത്രെ."

"എന്നാൽ ആ വിചാരമൊന്നു മാററിക്കൊടുക്കണം."

"അതിനാണത്രെ ഭാവം. എന്തെങ്കിലും ചിലതു കാണിച്ചുകൊടുക്കുക."

"നല്ലതു്. അതിനൊരു സമ്മതം കിട്ടീട്ട വേണം ഈ അമ്പിന്റെ മൂച്ചയൊന്നു കാണിച്ചുകൊടുക്കാൻ."

"ആട്ടെ, നമുക്കു പുറപ്പെടാം. ഞാൻ പതുക്കെ നടന്നു് പുലരുമ്പൊഴേയ്ക്കു് അമ്പുയജമാനന്റെ താവളത്തിലെത്താം."

"ഞാൻ നേരെ മലയിലേയ്ക്കും പോട്ടെ."

രണ്ടു പേരും സപ്പക്കാവിൽനിന്നു പുറത്തിറങ്ങി പാടത്തിലെ പ്രധാന വരമ്പിലെത്തി. ഒരാൾ കിഴക്കോട്ടും മറ്റെ ആൾ പടിഞ്ഞാട്ടും നടന്നു.

---

# ആറു്

നേരം അസ്തമിച്ചിട്ടു നാലഞ്ചു നാഴിക കഴിഞ്ഞു. പുരളിമലയിലുള്ള തമ്പുരാന്റെ കൂടാരത്തിൽ ഒരു ദീപം തെളിഞ്ഞു കത്തുന്നുണ്ടു്. തമ്പുരാൻ അതിന്റെ വെളിച്ചത്തിരുന്നു നാരായംകൊണ്ടു് ഓലയിൽ എന്തോ കുറിക്കുകയാണു്. കുഞ്ഞാനികെട്ടിലമ്മ മറുഭാഗത്തിരുന്നു്, എഴുതിക്കഴിഞ്ഞ ഓലകൾ ഓരോന്നായെടുത്തു മൌനമായി വായിക്കുന്നു. എഴുതുന്നതിന്നിടയിൽ തമ്പുരാൻ ഓലയിൽനിന്നു ദൃഷ്ടിയുയർത്തി കെട്ടിലമ്മയുടെ മുഖത്തൊന്നു നോക്കി. ആ നോട്ടത്തിന്റെ അർത്ഥം മനസ്സിലായ കെട്ടിലമ്മ അല്പമൊരു മന്ദസ്മിതത്തോടെ പറഞ്ഞു:

"ഈ പദം അസ്സലായി."

"കുഞ്ഞാനി എന്നെ പരിഹസിക്കുയാണോ?"

"അവിടുത്തേക്കു തോന്നിയതു് അടിയന്റെ കഷ്ടകാലം."

"എന്നിക്കുണ്ടോ കുഞ്ഞാനീ കവിതാവാസന? പിന്നെ നീ അസ്സലെന്നു പറഞ്ഞാൽ ഞാനെങ്ങിനെ വിശ്വസിക്കും?"

"അവിടുത്തേക്കു കവിതാവാസനയില്ലെന്നു് അവിടുന്നല്ലാതെ മറ്റൊരാളും പറയില്ല."

"എന്താ, കുഞ്ഞാനിക്കു് എന്നോടുള്ള സ്നേഹംകൊണ്ടു തോന്നുന്നതായിരിക്കും." തമ്പുരാൻ മന്ദഹസിച്ചുകൊണ്ടു കെട്ടിലമ്മയെ അർത്ഥഗർഭമായി നോക്കി.

"അവിടുത്തെ വിരോധികൾകൂടി ഈ കാര്യത്തിൽ ഭിന്നാഭിപ്രായം പറയുമെന്നു തോന്നുന്നില്ല."

"കവിത മോശമായാലും കുഞ്ഞാനി ചൊല്ലിക്കേൾക്കുമ്പോൾ അതിനൊരു സുഖം വേറെതന്നെയാണ്. ഈ പദങ്ങൾ ഓരോന്നും എഴുതിത്തീരുമ്പോൾ കുഞ്ഞാനി ചൊല്ലിക്കേട്ടു തൃപ്തിവന്നില്ലെങ്കിൽ തുടൎന്നു ഞാനെഴുതുമെന്നു കുഞ്ഞാനിയ്ക്കു തോന്നുന്നുണ്ടോ?"

"ആ വഴിയ്ക്കല്ലെങ്കിലും അടിയനു കലയുമായൊരു ബന്ധമുണ്ടായല്ലോ. അതുതന്നെ ഭാഗ്യം! അടിയന് ഒരു പ്രത്യേകകാര്യം തിരുമനസ്സുണൎത്തിയ്ക്കാനുണ്ടായിരുന്നു."

"എന്താ കുഞ്ഞാനീ?"

"അടിയനെ തെററിദ്ധരിയ്ക്കരുത്."

"അതു കുഞ്ഞാനി പറഞ്ഞുകഴിഞ്ഞിട്ടു തീരുമാനിയ്ക്കേണ്ട കാര്യമാണ്."

"എങ്കിലും അടിയനൊരു ഭയം."

"അതു കുഞ്ഞാനി നുണ പറഞ്ഞതാണ്. കുഞ്ഞാനിയ്ക്കു ഭയമുണ്ടെന്നു വിശ്വസിയ്ക്കാൻ സാദ്ധ്യമല്ല. ഈ ഘോരകാട്ടിൽ, വന്യമൃഗങ്ങളുടെ നടുവിൽ, മഹായുദ്ധങ്ങളിൽ പലതിനും സാക്ഷ്യം വഹിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്ന കുഞ്ഞാനി ഭീരുവാണെന്നു എങ്ങിനെ വിശ്വസിയ്ക്കും?"

"അടിയൻ അതൊന്നും ഇപ്പഴ് വിചാരിച്ചിട്ടില്ല."

"കുഞ്ഞാനി വിചാരിച്ചില്ലെങ്കിലും പറയേണ്ട കാര്യം മൂടിവെയ്ക്കേണ്ടതില്ലല്ലോ. കോട്ടയം കീഴടക്കാൻ വേണ്ടി വന്ന കേണൽ വെല്ലസ്ലിയ്ക്കോ, അയാളുടെ നാട്ടുകാർക്കോ സ്വപ്നംകാണാൻപോലും കഴിയാത്തൊരു കാര്യമാണിതു. ഒരു സ്ത്രീ തന്റെ നാട്ടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കാട്ടിലും മലയിലും ഒളിച്ചുപാൎത്തു

12

പോരാളികൾക്ക് ആത്മവിശ്വാസവും ആവേശവും നല്കിക്കൊണ്ടിരിക്കുന്ന കഥ. കുഞ്ഞാനിയുടെ പേരു കേരളചരിത്രത്തിൽ മായാത്ത അക്ഷരങ്ങളിൽത്തന്നെ കുറിച്ചുവെക്കും".

"അടിയൻ അതൊന്നും മോഹിച്ചിട്ടല്ല ഇവിടെ കഴിച്ചുകൂട്ടുന്നതു്. അടിയൻെറ പ്രത്യക്ഷദൈവതമുള്ള സ്ഥലമേതോ അതാണടിയൻെറ നാടും വീടും കൊട്ടാരവും. അവിടെയാണടിയൻെറ സുഖവും സന്തോഷവും സംതൃപ്തിയും. അടിയൻ മാത്രമല്ല, കേരളസ്ത്രീകൾ മുഴുവനും അങ്ങിനെ ഭാവിക്കുന്നവരാണ്. താന്താങ്ങളുടെ പ്രത്യക്ഷദൈവതത്തെ പിൻതുടരാനും അനുസരിക്കാനും ശീലിച്ചവരാണവർ."

"കുഞ്ഞാനി!" തമ്പുരാൻ വികാരഭരിതനായി വിളിച്ചു.

"തിരുമേനി!" കെട്ടിലമ്മ വിനയാന്വിതയായി വിളികേട്ടു.

"കുഞ്ഞാനി ഒരു മാതൃകാസ്ത്രീരത്നമാണ്. കുഞ്ഞാനിയെ അർഹതമായ സ്ഥാനത്ത് ഇരുത്താൻ എനിക്കു കഴിഞ്ഞില്ല."

"അടിയനു് ഇതിലും അർഹതപ്പെട്ട സ്ഥലം ഈ ഭൂമിയിലില്ല തിരുമേനി!"

"ആട്ടെ, കുഞ്ഞാനിക്കു് എന്താണു ചോദിക്കാനുള്ളതു്?"

"അടിയൻെറ അധികപ്രസംഗത്തിനു മാപ്പുതരണം. ഭരണകാര്യങ്ങളിൽ അടിയനെപ്പോലുള്ളൊരു സ്ത്രീ അഭിപ്രായം പറയാൻ പാടില്ലാത്തതാണ്."

"കുഞ്ഞാനിയുടെ ആ അഭിപ്രായം തീരെ തെററ്. എൻെറ നാട്ടിലെ ഏതൊരു പ്രജയ്ക്കും ഭരണകാര്യത്തിൽ അഭിപ്രായം പറയാനും എന്നെ ഉപദേശിയ്ക്കാനും അവകാശമുണ്ട്. ആ അവകാശത്തെ ഇന്നുവരെ ഞാനാക്കം നിഷേധിച്ചിട്ടില്ല. ഇതെല്ലാം നല്ലപോലെ അറിയുന്ന കുഞ്ഞാനി പറയേണ്ടതു പറയാൻ എന്തിനു മടിക്കണം?"

"എന്തൊക്കെയായാലും അടിയനൊരു പെണ്ണല്ലേ തിരുമേനി!"

"അതിവിനയം നന്നല്ല കുഞ്ഞാനി. കുഞ്ഞാനിയ്ക്കു പറയാനുള്ളതു പറയൂ."

"അടിയനു ചന്തുവിനെക്കുറിച്ചാണ് രണ്ടു വാക്കു പറയാനുള്ളത്."

"പഴയംവീടനെക്കുറിച്ചോ?"

"അതെ."

"ഉം" തമ്പുരാൻ മുഖം തിരിച്ചുകളഞ്ഞു. അതുവരെയുള്ള പ്രസാദമെല്ലാം മാഞ്ഞ് അതിരററ വേദനയും നൈരാശ്യവും ആ മുഖത്തു സ്ഫുരിയ്ക്കാൻ തുടങ്ങി. കുട്ടിലക്ഷ്മ തമ്പുരാൻെറ ഭാവം ശരിയ്ക്കു മനസ്സിലാക്കിക്കൊണ്ടു തന്നെ തുടന്നു.

"പഴയംവീടൻ കുറമാറി മറുഭാഗം ചേൎന്നതല്ലേ അവിടുന്നു പറഞ്ഞത്?"

"അതെ" തമ്പുരാൻ സമ്മതിച്ചു.

"പഴയംവീടനെപ്പോലെ ഒരുത്തൻ തിരുമനസ്സിലെ ഭാഗത്തുനിന്നു വിട്ടുപോയി ശത്രുക്കളുടെ ഭാഗത്തു ചേരുന്നത് അത്ര നിസ്സാരമായ കാര്യമല്ല."

"അല്ല."

"അവിടുത്തെ ഉള്ളുകള്ളികളൊക്കെ നല്ലപോലെ മനസ്സിലാക്കിയവനാണ് പഴയംവീടൻ. യുദ്ധതന്ത്രങ്ങളും താവളങ്ങളും ഗൂഢമാർഗ്ഗങ്ങളും പഴയംവീടനു നിശ്ചയമുള്ളതുപോലെ മറ്റൊരാൾക്കുമില്ല."

"ഇല്ല."

"അങ്ങനെ പ്രബലനായ ഒരു സേവകനാണ് അങ്ങയെ ഉപേക്ഷിച്ചു മറുഭാഗത്തേയ്ക്കു പോയതു്. ഇത്രയും ഗൗരവമായൊരു കാര്യം സംഭവിച്ചിട്ടും അവിടുന്നു യാതൊന്നുമറിയാത്ത പോലെ കവിതയെഴുതിയും കഥകളി കണ്ടും കാലംപോക്കുന്നു!"

"ഞാനെന്തു വേണമെന്നാണ് കുഞ്ഞാനി പറയുന്നതു്?"

"പുരളിമലയിലുള്ള ഈ താവളവും രക്ഷാസങ്കേതവും ഇന്നു ശത്രുക്കൾ മനസ്സിലാക്കിക്കഴിഞ്ഞിരിയ്ക്കണം. ഏതു നിമിഷമെന്നില്ലാതെ ശത്രുക്കൾക്കിവിടെ കടന്നുവരാൻ കഴിയും. പഴയംവീടൻ വഴി കാട്ടാനുണ്ടെങ്കിൽ അവർ പുറപ്പെട്ടു വരാതിരിയ്ക്കുകയുമില്ല. അടിയന്തരമായി ഇക്കാര്യത്തിലെന്തെങ്കിലുമൊന്നു ചെയ്യണ്ടേ?"

"എന്തു ചെയ്യണമെന്നു കുഞ്ഞാനി പറയൂ" ദുസ്സഹമായ വേദന അനുഭവിച്ചുകൊണ്ടാണ് തമ്പുരാൻ സംസാരിയ്ക്കുന്നതെന്നു് ആ ശബ്ദം കേട്ടാൽ മനസ്സിലാകും.

"പഴയംവീടൻ ജീവനോടുകൂടി ഇരിയ്ക്കുന്ന കാലത്തോളം ഇനി അവിടുത്തേയ്ക്കു രക്ഷയില്ല; ഞാതുകൊണ്ടു്—" കെട്ടിലമ്മ അർദ്ധോക്തിയിൽ നിറുത്തി.

* * ൧

"അതുകൊണ്ടു്?" തമ്പുരാൻ ഇടയിൽ കടന്നു ചോദിച്ചു.

"അതുകൊണ്ടു്, നമ്മുടെ രക്ഷയും കേരളത്തിൻെറ സ്വാതന്ത്ര്യവും തിരുമനസ്സിനെ സഹായിയ്ക്കുന്ന നാടുവാഴികളുടെ ഭാവിയും ഓർത്തു പഴയംവീടൻെറ കഥ കഴിയ്ക്കണം."

തമ്പുരാൻ അല്പസമയത്തേയ്ക്കു് ഒന്നും മിണ്ടിയില്ല. വികാരവിചാരങ്ങൾകൊണ്ടു നിറംമാറിയ മുഖവും താഴ്ത്തി അങ്ങനെ ഇരുന്നു. ജീവിതത്തിൽ നടാടെയാണ് തമ്പുരാൻ ഏതെങ്കിലും കാര്യത്തിൽ തല കുനിയ്ക്കുന്നതു്. അല്പനേരത്തെ മൗനത്തിനുശേഷം തമ്പുരാൻ തുടന്നു:

"കുഞ്ഞാനീ," ആ ശബ്ദം ഇടറന്നുണ്ടായിരുന്നു. "ടിപ്പുവിൻെറ പട വന്നപ്പോൾ എൻെറ ഹൃദയം കലുങ്ങിട്ടില്ല, കമ്പനിക്കാരുടെ ഇതുവരെയുള്ള അടവുകൾക്കൊന്നും എൻെറ ദൃഢനിശ്ചയത്തെ ഇളക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നലെയെന്തു ചെയ്തു? ഇന്നെന്തു ചെയ്യുന്നു? നാളെയെന്തുചെയ്യണം? ഇക്കാര്യത്തിൽ ഞാൻ തികച്ചും ബോധമുള്ളവനാണ്. എന്നാൽ പഴയംവീടനെസ്സംബന്ധിയ്ക്കുന്ന കാര്യം എൻെറ മനസ്സിലൊരു കീറാമുട്ടിയായി കിടക്കുന്നു."

"അതെങ്ങനെ തിരുമേനീ?"

"പഴയംവീടൻെറ ശത്രുത എനിയ്ക്കു പുല്ലാണ്. ഒരു നിമിഷംകൊണ്ടു് അവൻെറ ഗന്ധംപോലും ഈ നാട്ടിൽനിന്നു തുടച്ചുമാററാൻ എനിയ്ക്കു കഴിയും. പക്ഷേ എൻെറ ഹൃദയം അതിനനുവദിയ്ക്കുന്നില്ല. അന്നത്തെ ആ സംഭവത്തിനു കുഞ്ഞാനി സാക്ഷിയായിരുന്നില്ല."

"ഏതു സംഭവത്തിനു തിരുമേനീ?"

"അന്നു ചപ്രത്തലയും എല്ലുന്തിയ ശരീരവും ക്ഷീണിച്ചവശമായ നോട്ടവും വിറയ്ക്കുന്ന കാൽവെപ്പുമായി ഒരു പട്ടകോണകം മാത്രം ഉടുത്തുകൊണ്ടു് ഒരു തെണ്ടിച്ചെക്കൻ കോവിലകത്തിൻെറ പടിയ്ക്കൽ വന്നുനിന്നു. പലരും ആ വഴി കടന്നുപോയി. ഒരു കവിൾ കഞ്ഞിവെള്ളത്തിനുവേണ്ടി അവൻ നിലവിളി കൂട്ടി. ആരും തിരിഞ്ഞുനോക്കിയില്ല. ഒടുവിൽ......" തമ്പുരാൻ ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ ഇടയിൽക്കടന്നു കെട്ടിലമ്മ അതു പൂർത്തിയാക്കി:

"ഒടുവിൽ അവിടുന്നു കണ്ടു. ആ പയ്യനെ കോവിലകത്തെ ആശ്രിതനാക്കി താമസിപ്പിച്ചു. ഈ കഥകളൊക്കെ ഞാൻ പറഞ്ഞു കേട്ടിട്ടുണ്ടു് തിരുമേനീ."

"അതെ. ആ പയ്യന്നു് അച്ഛനോ അമ്മയോ മററു ബന്ധുക്കളോ, ആരുംതന്നെ ഉണ്ടായിരുന്നില്ല."

"അന്നൊക്കെ അടയ്ക്ക ചുണങ്ങുപോക്കലും കണ്ണിയ്ക്കലുമായിരുന്നു ആ ചെക്കൻെറ ജോലിയെന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു് തിരുമേനീ—"

"അതെ കുഞ്ഞാനി. എന്നാൽ ഇത്ര ബുദ്ധിശക്തിയും ഇത്ര അനുസരണവും ഗുരുതൽപവുമുണ്ടായിട്ടു ഞാനൊരു കുട്ടിയെ കണ്ടിട്ടില്ല. ക്ഷണത്തിലവൻ വളൎന്നു. എന്തു ബലമേറിയ ശരീരം! എന്തു കടഞ്ഞെടുത്ത ആകൃതി! എത്ര വേഗത്തിലാണവൻ ആയുധമുറകളും അഭ്യാസക്രമങ്ങളും വശമാക്കിയതു്! അവനെ നേരിട്ടു ജയിയ്ക്കാൻ കഴിയുന്നൊരു പോരാളി ഇല്ലെന്നുതന്നെ പലരും അഭിപ്രായപ്പെട്ടു."

"എല്ലാം ശരിയാണു്. പക്ഷേ സപ്പ്സന്തതിയ്ക്കു അതു് പാലു കൊടുക്കുന്നതെന്നു് അവിടുന്നു മറന്നു."

"കുഞ്ഞാനി, ആ കഴിഞ്ഞ കാലത്തെപ്പററി വീചാരിയ്ക്കാൻ തുടങ്ങിയാൽ ഒരവസാനമില്ല. ആ അനാഥച്ചെറുക്കൻ ഒരു പടയാളിയും പടനായകനുമായി മാറി. അവനെന്തു ചെയ്താലും ഇത്ര നീചമായൊരു തൊഴിൽ ചെയ്യുമെന്നു ഞാൻ ധരിച്ചില്ല."

"നീചമായ തൊഴിലിന്നു ക്രൂരമായ ശിക്ഷയാണു് മഹാരാജാക്കന്മാരുടെ ദണ്ഡനീതിയിൽ വിധിച്ചിട്ടുള്ളതു്."

"ആയിരിയ്ക്കാം. പക്ഷേ ചന്തുവിൻെറ കാര്യത്തിൽ എനിയ്ക്കതു വയ്യ; എന്തു വന്നാലും, വയ്യ. പാലുകൊടുത്ത കൈകൊണ്ടു വിഷം കൊടുത്തിട്ടു് കോട്ടയം സ്വരൂപത്തിലേയ്ക്കു ഞാനൊരു കളങ്കം വരുത്തിവെയ്ക്കില്ല." തമ്പുരാൻ ഇരിപ്പിടത്തിൽനിന്നു് എഴുന്നേററു് അങ്ങോട്ടുമിങ്ങോട്ടും ചിന്താമഗ്നനായി ലാത്താൻ തുടങ്ങി. അദ്ദേഹത്തിൻെറ മനസ്സിലൂടെ കഴിഞ്ഞ കാലത്തെ പല സ്മരണകളും വഴിയ്ക്കു വഴി കടന്നുപോയി. പഴയം വീട്ടിൽ ചന്തു ഒരു യോദ്ധാവായതും, തൻെറ വിശ്വസ്തഭൃത്യനായതും, ഏതാപത്തിലും തന്നെ നിഴലുപോലെ പിൻതുടന്നതും, തനിയ്ക്കുവേണ്ടി ഒന്നിലേറെ യുദ്ധങ്ങൾ നയിച്ചതുമെല്ലാം.

തമ്പുരാൻെറ ദൃഢനിശ്ചയത്തിന്നു മുമ്പിൽ തൻെറ അപേക്ഷകളോ അഭിപ്രായങ്ങളോ വിലപ്പോവുകയില്ലെന്നു മനസ്സിലാക്കിയ കെട്ടിലമ്മ മുമ്പിലുള്ള ഓല

ക്കുണ്ണങ്ങൾ ഓരോന്നു പെറുക്കിയെടുത്തു വീണ്ടും വായി ക്കാൻ തുടങ്ങി.

പെട്ടെന്നു കൈതേരി അമ്പുനായർ കൂടാരത്തിന്റെ വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. കാൽപെരുമാററം കേട്ട തമ്പുരാൻ തലയുയർത്തിനോക്കി ചോദിച്ചു:

"എന്താ അമ്പു വിശേഷം?"

"പലതും തിരുമനസ്സുണർത്തിയ്ക്കാനുണ്ട്."

"വെല്ലസ്ലിയുടെ ഒരുക്കങ്ങളെപ്പററി വല്ല പുതിയ വിവരവും കിട്ടീട്ടുണ്ടോ?"

"ഉണ്ട്. വെല്ലസ്ലി കൂടാളിയജമാനൻ മുഖേന തിരുമനസ്സിലേയ്ക്കൊരു സന്ദേശമയച്ചിട്ടുണ്ട്."

"എനിയ്ക്കു വെല്ലസ്ലി സന്ദേശമയയ്ക്കുകയോ? അതും കൂടാളി മുഖേനയോ? വിചിത്രമായിരിയ്ക്കുന്നല്ലോ അമ്പു നിന്റെ വർത്തമാനം!"

"വ്യാപാരസംബന്ധമായി തലശ്ശേരിയ്ക്കു പോയ കൂടാളിയജമാനൻ കമ്പനി സൂപ്രവൈസറെ കാണുകയു ണ്ടായി. അവിടെവെച്ച് സൂപ്രവൈസരുടെ നിർബ്ബ ന്ധംമൂലം യജമാനൻ വെല്ലസ്ലിയെ കാണാൻ ചെന്നു."

"തനിച്ചാണോ?"

"അല്ല. പരിചയപ്പെടുത്താൻ സൂപ്രവൈസറും കൂടെ ഉണ്ടായിരുന്നു."

"എന്നിട്ട്?"

"വെല്ലസ്ലി വളരെ സ്നേഹാദരങ്ങളോടെ യജമാ നനെ സ്വീകരിച്ചു."

"വിളംബരം കേട്ട പേടിച്ച് അഭയം തേടാൻ ചെ ന്നതാവുമെന്നു വെല്ലസ്ലി ധരിച്ചിട്ടുണ്ടാവും."

"ദ്വിഭാഷി മുഖേന അവരന്യോന്യം പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുവത്രെ. വെല്ലസ്ലി കമ്പനിയുടെ ഭാവിപരിപാടികളെക്കുറിച്ചു വിസ്തരിച്ചു പറഞ്ഞു. യജമാനൻ എല്ലാം മൂളികേട്ടു."

"എന്നിട്ടു്?"

"അവിടുത്തെ സഹായിക്കുന്ന നാടുവാഴികളോടു കമ്പനി എന്തു നടപടിയാണു് കൈക്കൊള്ളാൻ പോകുന്നതെന്നു സായ്പ് പല കുറി വിസ്തരിച്ചു പറഞ്ഞു. വെള്ളക്കാരുടെ ശക്തിയെക്കുറിച്ചും ആയുധബലത്തെക്കുറിച്ചും ഊന്നിയൂന്നിപ്പറഞ്ഞു. എല്ലാം പറഞ്ഞു് ഒടുവിൽ അവിടുത്തേയ്ക്കെത്തിച്ചുതരാൻ ഒരു സന്ദേശവും പറഞ്ഞു കൊടുത്തു."

"എന്താണു് സന്ദേശം?"

"ഇതാ യജമാനൻതന്നെ ഒരോലയിൽ കുറിച്ചു എന്റെ കയ്യിൽ തന്നിട്ടുണ്ടു്." അമ്പു ഓല തമ്പുരാന്റെ കയ്യിലേയ്ക്കു നീട്ടി. തമ്പുരാൻ ഓല വാങ്ങി, അമ്പുവും കെട്ടിലമ്മയും കേൾക്കുമാറു് ഉച്ചത്തിൽ വായിച്ചു.

"കമ്പനിപ്പട്ടാളത്തിന്റെ ശക്തി പഴശ്ശിയ്ക്കു മനസ്സിലായിട്ടില്ല. ആ അജയ്യശക്തിയ്ക്കു മുമ്പിൽ പഴശ്ശി ഇയ്യാംപാററയാണു്. അവശേഷിച്ച സൈന്യങ്ങളോടുകൂടി ഒരാഴ്ചയ്ക്കകം ആയുധംവെച്ചു കീഴടങ്ങിയില്ലെങ്കിൽ കമ്പനിപ്പട്ടാളം കാടുതോറും, മലതോറും തിരഞ്ഞു സകലരേയും പിടിച്ചു തൂക്കിലിടുന്നതായിരിയ്ക്കും. ഒരിയ്ക്കൽകൂടി ഓർമ്മപ്പെടുത്തുന്നു—വെള്ളക്കാർ ഈ നാട്ടിൽ വന്നതു് തോററു പിന്മാറാനല്ല, ജയിച്ചു കീഴടക്കാനാണു്.

അതുകൊണ്ടു, മാനവും ജീവനും വേണമെങ്കിൽ ഉടനെ കീഴടങ്ങുകയാണ് നല്ലതു്."

തമ്പുരാൻ ഒരു തവണ കൂടി അവസാനത്തെ വാചകം വായിച്ചു "മാനവും ജീവനും വേണമെങ്കിൽ ഉടനെ കീഴടങ്ങുകയാണ് നല്ലതു്." വായന കഴിഞ്ഞു് ഓല പിച്ചിച്ചീന്തി സാവകാശം ഒരു ഭാഗത്തിട്ട ശേഷം തമ്പുരാൻ പറഞ്ഞു:—"ഈ സന്ദേശത്തിനുള്ള മറുപടി നമ്മുടെ പടവാളാണ് നൽകാൻ പോകുന്നതു്" മന്ദഹസിച്ചുകൊണ്ടു തമ്പുരാൻ അമ്പുവിനെ നോക്കി.

"അമ്പൂ, ഇതൊന്നും സാരമുള്ള കാര്യങ്ങളല്ല. കമ്പനിയുടെയൊ വെല്ലസ്ലിയുടെയോ ഭീഷണിയ്ക്കു നമ്മെ ഭയപ്പെടുത്താനാവുകയില്ല. ആട്ടെ, നാട്ടുവിശേഷങ്ങളെന്തൊക്കെയുണ്ടു്? നാട്ടുകാർ നമ്മെപ്പററി എന്താണ് പറയുന്നതു്?"

"നാട്ടുവർത്തമാനങ്ങൾ തിരുമനസ്സുണർത്തിയ്ക്കാൻ അടിയന്നു ഭയമുണ്ടു്."

"പറഞ്ഞോളൂ."

"നാട്ടിൽ പല കിംവദന്തികളും പ്രചരിച്ചിട്ടുണ്ടു്. തിരുമനസ്സിലെ ആശ്രിതന്മാരായ അടിയങ്ങളിൽ പലരും കൂറുമാറീട്ടുണ്ടെന്നാണ് വർത്തമാനം."

"അതു് പഴയംവീടനെക്കൊണ്ടു കിട്ടിയ നേട്ടമാണ്."

"ആ മഹാപാപി ഇപ്പോൾ വെല്ലസ്ലിയുടെ ബംഗ്ലാവിൽ നിത്യനാണ്."

"ഇത്തരമൊരു സന്ദേശം ചൊല്ലിയയയ്ക്കാൻ വെല്ലുസ്ലിയ്ക്കു ധൈര്യം നല്കിയതു പഴയംവീടൻെറ സാന്നിദ്ധ്യമായിരിയ്ക്കും."

"അതൊരു വലിയ വിപത്തായിത്തീൎന്നു തിരുമേനീ!"

"സാരമില്ല, നമ്മുടെ ഭാഗത്തുനിന്നു് ഒരു പഴയംവീടൻ മാത്രമാണു് പോയതു്."

"അതു നമ്മുടെ കോട്ടമതിലിലെ ഒരു പിളൎപ്പാണു തിരുമേനീ."

"സമ്മതിച്ചു. അതുകൊണ്ടുമാത്രം നമ്മൾ നിരാശരാവരുതു്. അമ്പുവിൻെറ ഇംഗിതം എനിയ്ക്കു മനസ്സിലാവുന്നുണ്ടു്. അമ്പുവിനു മാത്രമല്ല, നമ്മുടെ ഭാഗത്തുള്ള പലൎക്കും ആ അഭിപ്രായമുണ്ടു്. നിങ്ങളാരും ശങ്കിച്ചിട്ടതു പറയുന്നില്ലന്നേയുള്ളു. കുഞ്ഞാനി ഇപ്പോളതു തുറന്നു പറഞ്ഞു. ആരു പറഞ്ഞാലും, എന്തായാലും, അതിനു സമ്മതം മൂളാൻ നമ്മുടെ മനസ്സാക്ഷി അനുവദിയ്ക്കുന്നില്ല. പഴയംവീടനെ അവൻെറ പാട്ടിനു വിടുന്നതാണു് നല്ലതു്. നാം വെള്ളക്കാരുമായിട്ടാണു് നമ്മുടെ യുദ്ധം. നമ്മുടെ നാട്ടുകാരോടു നമുക്കു വൈരമില്ല. സ്വാൎത്ഥലാഭം മോഹിച്ചോ, സ്ഥാനമാനാദികൾ കൊതിച്ചോ പലരും നമ്മുടെ പക്ഷത്തുനിന്നു കൂറുമാറിയേയ്ക്കാം. അവരെയൊക്കെ കൊല ചെയ്യാൻ പുറപ്പെട്ടാൽ അതിനൊരവസാനമുണ്ടാവില്ല. ഇന്നല്ലെങ്കിൽ നാളെ പഴയംവീടൻ തൻെറ തെററിനെക്കുറിച്ചു വ്യസനിയ്ക്കും. നമുക്കതു മതി. എല്ലാം ശ്രീപോർക്ക്ലിയിൽ സമൎപ്പിച്ചു് നമുക്കു നമ്മുടെ നാട്ടിൽനിന്നു, വിദേശീയരെ ,ഓടിയ്ക്കാൻ

പരിശ്രമിയ്ക്കാം. നമുക്ക നമ്മുടെ നാട്ടുകാരുടെ പിൻതു ണയാണു വേണ്ടതു്."

"എന്തൊക്കെയായാലും നാട്ടുകാർ തിരുമേനിയുടെ പിന്നിലുണ്ടു്."

"എന്നാൽ വിജയം നമ്മുടേതാണ്. ആട്ടെ, അമ്പു ഏല്പിച്ച കാര്യങ്ങളൊക്കെ നിറവേററീട്ടല്ലേ വന്നതു്?"

"അടിയൻ."

"തലയ്ക്കൽ ചന്തുവിനെ കണ്ടുവോ?"

"കണ്ടു തിരുമേനീ. മലയിലേയ്ക്കുള്ള ഗൂഢമാർഗ്ഗം കണ്ടുകയാണ്. പഴയംവീടൻ കൂറുമാറിയതോടെ പുരളീ മലയിലെ സങ്കേതത്തിന്നു് ഉറപ്പു കുറഞ്ഞിട്ടുണ്ടെന്നാണ് ചന്തു പറയുന്നതു്."

"അവൻ പറയുന്നതിലർത്ഥമുണ്ടു്. പഴയംവീടനു നമ്മുടെ താവളത്തിലേയ്ക്കുള്ള മാർഗ്ഗം അസ്സലായിട്ടറിയാം. നാടുവാഴികളിൽ ഒരാളും വിരോധാഭിപ്രായം പറഞ്ഞി ട്ടില്ലല്ലൊ?"

"ഇല്ല."

"എല്ലാവരും നമ്മുടെ അഭിപ്രായത്തോടു യോജി ച്ചില്ലേ?"

"ഉണ്ടു്."

"കണ്ണവത്തുപോയോ?"

"പോയി."

"അവിടുത്തെ കമ്പനിപട്ടാളത്തിൻെറ സ്ഥിതി ഗതികളൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞുവോ?"

"കഴിഞ്ഞു."

"ആൾബലവും ആയുധബലവും നാം പ്രതീക്ഷിച്ചപോലെത്തന്നെയല്ലേ?"

"അതെ."

"ശരി. അമ്പു ഇപ്പോൾ പൊയ്ക്കോള്ളൂ. തലയ്ക്കൽ ചന്തുവിനെ ഇങ്ങോട്ടു പറഞ്ഞയക്കുക. നാളെ രാത്രി അമ്പു ഇവിടെ ഉണ്ടാവണം."

"അടിയൻ."

അമ്പു തൊഴുതുകൊണ്ടു വിടവാങ്ങി. തമ്പുരാൻ വീണ്ടും പഴയസ്ഥാനത്തു ചെന്നിരുന്നു എഴുത്താണിയെടുത്തു തൻെറ കവിതയെഴുത്തു തുടൎന്നു.

---

## ഏഴ്

പഴയംവീട്ടിൽ ചന്തുവിൻെറ കൂറുമാററത്തോടുകൂടി പുരളിമലയിലെ സങ്കേതത്തിന്നു് ഇളക്കം തട്ടീട്ടുണ്ടെന്നൊരു തോന്നൽ തമ്പുരാൻെറ സേവകന്മാൎക്കെല്ലാമുണ്ടായിരുന്നു. പഴയംവീടന്നറിഞ്ഞുകൂടാത്ത സങ്കേതങ്ങളോ രഹസ്യമാൎഗ്ഗങ്ങളോ ഒന്നുംതന്നെയില്ല. എവിടെ, ഏതു വഴിയ്ക്കു്, എപ്പോഠം വേണമെങ്കിലും പഴയംവീടന്നു കടന്നുവരാൻ കഴിയും. തൻെറ ചിരപരിചയം ഉപയോഗപ്പെടുത്തി ശത്രുപക്ഷത്തിന്നു പഴയംവീടൻ വഴി കാട്ടിക്കൊടുക്കുന്ന പക്ഷം, ഒന്നുകിൽ തമ്പുരാൻ പൊരുതി മരിയ്ക്കുകയോ, അല്ലെങ്കിൽ കീഴടങ്ങുകയോ വേണ്ടിവരും. മററു രക്ഷാമാൎഗ്ഗങ്ങളൊന്നുമില്ല. പഴയംവീടനാണെങ്കിൽ രാപ്പകൽ വെള്ളക്കാരുടെ സങ്കേതത്തിലാണു്. തലശ്ശേരി വിട്ടു് അപൂൎവ്വമായിട്ടേ പുറത്തേയ്ക്കു പോകാറുള്ളു. കൎണ്ണൽ വെല്ലസ്ലിയുടെ ബംഗ്ലാവിലാണു് താമസം.

പുറത്തിറങ്ങി നടക്കുന്ന കാൎയ്യത്തിൽ പഴയംവീടന്നു ഭയമുണ്ടായിരുന്നു. തമ്പുരാൻെറ ചാരന്മാരുടെ കണ്ണുകഠം തന്നെ പിൻതുടരുന്നുണ്ടെന്നു് അയാഠംക്കറിയാം. താൻ കൂറുമാറിയ കഥയും മററും തമ്പുരാൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവുമെന്നും എങ്ങോട്ടു തിരിഞ്ഞാലും, എവിടെ ചെന്നാലും, തമ്പുരാൻെറ ചാരന്മാർ തന്നെ ശ്രദ്ധിയ്ക്കുമെന്നും തരംകിട്ടിയാൽ ജീവാപായം വരുത്താൻപോലും അവർ മടിയ്ക്കുകയില്ലെന്നും പഴയംവീടൻ ഉറപ്പിച്ചു. "ആകെ മുങ്ങിയാൽ ശീതമൊന്നു്" എന്ന പഴഞ്ചൊല്ലു പോലെ, വെള്ളക്കാരുടെ ചേരിയിൽ വന്ന നിലയ്ക്കു് ഇനി തന്നെക്കൊണ്ടു കഴിയുന്ന ദ്രോഹങ്ങഠം മുഴുവനും തമ്പുരാ

അവരുത്തിലുള്ളതല്ലാതെ മറെറാന്നും ചിന്തിച്ചിട്ടു കാര്യമില്ലെന്നു് അയാറം തീച്ച്പ്പെടുത്തി. തൻെറ വിരോധികളോടു പക വീട്ടുക, കഴിയുന്നത്ര ആനുകൂല്യം കമ്പനിക്കാരിൽനിന്നു നേടുക, തൻെറ നിലയും സ്ഥിതിയും ഭദ്രമാക്കുക, കമ്പനിയുടെ കീഴിൽ ഒരു ചെറിയ നാടുവാഴിയായി ഇനിയുള്ള കാലം കഴിച്ചുകൂട്ടുക, ഇതെല്ലാമായിരുന്നു പഴയംവീടൻെറ മോഹം. ഈ മോഹം സാധിക്കാൻ അയാറം പല ഉപായങ്ങളും എടുത്തുകൊണ്ടിരുന്നു. ഒന്നാമത്തു് തമ്പുരാനെ സഹായിക്കുന്നവരുടെ വിവരം കമ്പനിയെ ധരിപ്പിക്കുകയാണു് പഴയംവീടൻ ചെയ്തതു്. തമ്പുരാൻെറ സഹായികളുടെ ഒരു നീണ്ട പട്ടിക അയാറം കണ്ണൽ വെല്ലസ്ലിയ്ക്കു സമപ്പിച്ചു. വെല്ലസ്ലി അതു വളരെ സൂക്ഷ്മമായി പഠിച്ചു് തക്ക നേരത്തു നടപടികളോരോന്നു കൈക്കൊള്ളാൻ തുടങ്ങി. പലരെയും അറസ്റ്റു് ചെയ്തു തടങ്ങലിൽവെച്ചു. ചിലരെ പരസ്യമായി തൂക്കിലിട്ടു. നാട്ടുകാരെ ഭയപ്പെടുത്താനുള്ള ശ്രമങ്ങൾ പലതും നടത്തി.

കണ്ണൽ വെല്ലസ്ലിയുടെ ഭീഷണിയ്ക്കു പറയത്തക്ക ഫലമൊന്നുമുണ്ടായില്ലെന്നു പഴയംവീടനറിയാമായിരുന്നു. നാട്ടുകാർക്കു തമ്പുരാനോടുള്ള സ്നേഹം അത്ര എളുപ്പത്തിലൊന്നും ഇളക്കത്തക്കതായിരുന്നില്ല. നാട്ടുകാർ ഒററക്കെട്ടായി തമ്പുരാൻെറ പിന്നിൽ നിലയുറപ്പിച്ചിരുന്നു. തകർക്കേണമെങ്കിൽ കുറച്ചൊന്നുമല്ല പണി. അതിനാൽ നേരിട്ടൊരു യുദ്ധംതന്നെ നടത്തി തമ്പുരാനെയും അനുയായികളെയും എന്നെന്നേക്കുമായി നശിപ്പിക്കാനുള്ള പരിപാടികളാണു് പഴയംവീടൻ ആസൂത്രം ചെയ്തുവ

ന്നതു്. അതിനുവേണ്ടി തരംകിട്ടുമ്പോഴൊക്കെ അയാൾ കണ്ണൽ വെല്ലസ്സിയെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഒരു യുദ്ധം ആരംഭിയ്ക്കുകയാണെങ്കിൽ നാട്ടുകാർ മുഴുവൻ കമ്പനിയെ സഹായിയ്ക്കുമെന്നും, എളുപ്പത്തിൽ കാര്യം നിറവേറാൻ കഴിയുമെന്നും അയാൾ കണ്ണലിനോടു പറഞ്ഞു. പക്ഷേ കണ്ണൽ അത്ര വേഗം വഴങ്ങുന്ന കൂട്ടത്തിലായിരുന്നില്ല. തമ്പുരാനെ പരാജയപ്പെടുത്താനുള്ള സാധ്യത തെളിഞ്ഞുകണ്ടല്ലാതെ കണ്ണൽ ഒരു യുദ്ധത്തിനു തയ്യാറെടുക്കുകയില്ല. നാട്ടുകാരുടെ കൂറിനെസ്സംബന്ധിച്ചു കണ്ണലിനു അപ്പോഴും സംശയമുണ്ടായിരുന്നു. എല്ലാററിനും പുറമെ തമ്പുരാനിൽനിന്നു കഴിഞ്ഞ കാലത്തു കമ്പനിയ്ക്കു നേരിട്ട ഭീമമായ പരാജയങ്ങളുടെ പല കഥകളും കണ്ണൽ കേട്ടിട്ടുണ്ടു്. ഇന്ത്യയുടെ മററു ഭാഗങ്ങളിൽ കമ്പനിയ്ക്കു നേരിടേണ്ടിവന്ന ശത്രുക്കളിൽനിന്നു തികച്ചും വിഭിന്നനായിരുന്നു തമ്പുരാൻ.

തമ്പുരാന്റെ യുദ്ധമുറകൾക്കുപോലും ഒരു പ്രത്യേകതയുണ്ടു്. വെള്ളക്കാർക്കു തീരെ പരിചയം കുറഞ്ഞൊരു രീതിയാണതു്. കല്ലും മുള്ളും ഗുഹകളും പിളർപ്പുകളും നിറഞ്ഞ കാട്ടിൽ അവിടവിടെ പതിയിരുന്നു് ശത്രുസൈന്യങ്ങളെ നശിപ്പിയ്ക്കുകയെന്ന യുദ്ധമുറയുമായി കണ്ണൽ വെല്ലസ്സി നടാടെ പരിചയപ്പെടുകയാണു്. സൈന്യസന്നാഹം കൂട്ടി കാട്ടിലേയ്ക്കു കടന്നുചെന്നാൽ മാളപ്പടപ്പുകളിൽനിന്നും ഗുഹകളിൽനിന്നും ചാടിവരുന്ന വെടിയുണ്ടകളേററു മരിച്ചു വീഴുകയല്ലാതെ ഗതിയൊന്നുമില്ല. എല്ലാററിനും പുറമെ അതിവിദഗ്ദ്ധരായ അസ്ത്രാഭ്യാസികൾ ഉന്നം പിഴയ്ക്കാതെ വിടുന്ന അമ്പുകൾ വഴിയ്ക്കു

വഴി ചിറികെക്കാണ്ടുകക്കേമ്പോൾ പിൻതിരിഞ്ഞോടുക യേ ഗതിയുള്ളു. പണ്ടും പലവട്ടം കമ്പനിപ്പട്ടാളത്തിന്നു് അങ്ങിനെ ഓടേണ്ടിവന്നിട്ടുണ്ടു്. അതുകൊണ്ടു് ബോധപൂൎവ്വമല്ലാത്ത ഒരു ആക്രമണത്തിന്നു് കൎണ്ണൽ വെല്ലസ്ലി തയ്യാറുണ്ടായിരുന്നില്ല.

തമ്പുരാനെ നേരിട്ടു യുദ്ധം ചെയ്തു തോല്പിയ്ക്കാൻ പഴയംവീടനു പുറമെ മറെറാരാൾകൂടി കൎണ്ണലിനെ പ്രേരിപ്പിച്ചു. അതു തലശ്ശേരിയിലെ കമ്പനി സൂപ്രവൈസറല്ലാതെ മററാരുമായിരുന്നില്ല. സൂപ്രവൈസൎക്കു് വ്യാപാരസംബന്ധമായ പരാജയം വലിയ ശല്യമായിത്തീൎന്നു. തമ്പുരാൻെറ സ്വാധീനശക്തി നിമിത്തം കോട്ടയത്തും വയനാട്ടിലുമുള്ള കരുമുളക തുടങ്ങിയ വ്യാപാരവസ്തുക്കൾ ലേശമെങ്കിലും കമ്പനിയ്ക്കു കിട്ടാറില്ല. കമ്പനിമേലധികാരികൾ ഇക്കാൎയ്യത്തിൽ സൂപ്രവൈസരെ കുററപ്പെടുത്താൻ തുടങ്ങി. നിൎദ്ദേശങ്ങളും താക്കീതുകളും അടിക്കടി കിട്ടിക്കൊണ്ടിരുന്നു. ഏതു നിലയിലെങ്കിലും തമ്പുരാനെ നശിപ്പിച്ചാൽ മതിയെന്നായിരുന്നു സൂപ്രവൈസരുടെ വിചാരം. കൎണ്ണൽ വെല്ലസ്ലി ഒരു സുപ്രസിദ്ധ പടനായകനായതുകൊണ്ടു് വേഗത്തിലൊരു യുദ്ധം നടത്തി കാൎയ്യം തീരുമാനിച്ചുകിട്ടിയാൽ തന്നിയ്ക്കു വൈരമായിരുന്നുകളയാമെന്നു സൂപ്രവൈസൎക്കു ആശയുണ്ടായിരുന്നു. ഒരുവശത്തു പഴയംവീടൻെറ പ്രലോഭനം, മറുവശത്തു സൂപ്രവൈസരുടെ പ്രേരണ, രണ്ടുംകൂടി കൎണ്ണൽ വെല്ലസ്ലിയെ ഇളക്കാൻ പരിശ്രമിച്ചു.

നയജ്ഞനായ കൎണ്ണൽ രണ്ടാളേയും നിരാശപ്പെടുത്താതെ കഴിച്ചുകൂട്ടി. അതേസമയത്തു തൻെറ പരിചാ

ടികളോ ഉദ്ദേശങ്ങളോ ആരോടും തുറന്നുപറഞ്ഞതുമില്ല. ആവശ്യംപോലെ ഭക്ഷണസാധനങ്ങളും വെടിക്കോപ്പുകളും പുറമെനിന്നു കിട്ടിക്കൊണ്ടിരുന്നാൽ കാട്ടിലുള്ള സങ്കേതത്തിലിരുന്നുകൊണ്ടു് ആജീവനാന്തം യുദ്ധം ചെയ്യാൻ തമ്പുരാന്നു കഴിയുമെന്നു കേണൽ വെല്ലസ്ലി മനസ്സിലാക്കിയിരുന്നു. എത്ര വലിയ ആയുധശക്തിയും സൈന്യബലവുമുണ്ടായിട്ടും കാര്യമില്ല. തമ്പുരാനെ ജയിക്കാൻ ലോകത്തിലെ ഒരു ശക്തിക്കും സാധിച്ചെന്നു വരില്ല. അതുകൊണ്ടു ഒരു യുദ്ധത്തിന്നു പുറപ്പെടുന്നതിന്നു മുമ്പ് തമ്പുരാന്നു കിട്ടിക്കൊണ്ടിരിക്കുന്ന സഹായങ്ങളൊക്കെ തടഞ്ഞേ കഴിയൂവെന്നു കേണൽ തീരുമാനിച്ചു. അതാരോടും കേണൽ തുറന്നുപറഞ്ഞില്ല. യുദ്ധത്തിന്നൊരുങ്ങുകയാണെന്നു കേണൽ പഴയംവീടനേയും സുബ്രഹ്മണ്യസേയും ധരിപ്പിച്ചുകൊണ്ടിരുന്നു. കൂടുതൽ ആയുധത്തിന്നും സൈന്യത്തിന്നും എഴുതീട്ടുണ്ടെന്നും, അതു വന്നുചേർന്നാൽ പിറേറന്നുതന്നെ യുദ്ധം തുടങ്ങിക്കളയാമെന്നും കേണൽ രണ്ടു പേരെയും വിശ്വസിപ്പിച്ചു.

അങ്ങിനെയിരിക്കുമ്പോഴാണ് പുരളിമലയിലെ സങ്കേതത്തിലേക്കു താൻ വഴി കാണിച്ചുതരാമെന്നു പഴയംവീടൻ വെല്ലസ്ലിയോടു പറഞ്ഞതു്. കേണലിൻെറ തലച്ചോററിൽ പുതിയൊരു വെളിച്ചം വീശി. കേണൽ ആവേശഭരിതനായി ചോദിച്ചു:

"നിങ്ങൾക്കറിയാമോ, നായർ?"

"തമ്പുരാനേക്കാൾ നന്നായിട്ടെനിക്കറിയാം," പഴയംവീടൻ ഉത്സാഹഭരിതനായി മറുപടി പറഞ്ഞു. "കഴി

ത്ത കാലമത്രയും രാപ്പകൽ വ്യത്യാസമില്ലാതെ ഞാൻ സഞ്ചരിച്ച സ്ഥലമാണതെല്ലാം. എനിയ്ക്കു കണ്ണും പൂട്ടി പോകാൻ കഴിയും."

"അപ്പോഠം നായർ—" ആലോചനാപൂർവ്വം കണ്ണൻ ചോദിച്ചു: "അവിടെ പതിവായി എത്ര പേരുണ്ടാവും?"

"ആരുണ്ടാവാൻ?" അലസമായിട്ടാണ് പഴയംവീടൻ മറുപടി പറഞ്ഞത്. "തൻെറ താവളം കാക്കാൻ സൈന്യങ്ങളെ നിർത്തുന്ന പതിവ് തമ്പുരാന്നില്ല. അ തിൻെറ ആവശ്യവുമില്ല."

"എന്തുകൊണ്ട്?"

"ഒന്നാമത്, താവളം കാട്ടിലാണ്. അങ്ങോട്ട കട ന്നുചെല്ലാൻ വഴിയില്ല. ശത്രുമാർഗ്ഗങ്ങഠം മററാക്കും അറി യുകയുമില്ല. പിന്നെ കാവലെന്തിനു്?"

"എനിയ്ക്കു വിശ്വാസം പോരാ," കണ്ണൻ പഴയം വീടൻെറ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു. "പഴശ്ശിയുടെ താവളത്തിനു കാവലില്ലാതെ വരില്ല."

"ഞാനാണ് പറയുന്നത്." പഴയംവീടൻ ഉറപ്പി ച്ചുപറഞ്ഞു. "അവിടെ തമ്പുരാനും കെട്ടിലമ്മയും എട്ടോ പത്തോ അനുചരന്മാരുമല്ലാതെ മററാരും ഉണ്ടാവുകയി ല്ല. വല്ല കൂടിയാലോചനയുമുള്ള ദിവസം പടത്തലവ ന്മാരിൽ ചിലർ വരും; അത്രമാത്രം."

"ശരി."

കണ്ണൻ ആലോചനയിൽ ആണ്ടു. ഏതു നിലയി ലെങ്കിലും കണ്ണനെ പ്രേരിപ്പിച്ച് പുരളിമലയിലേക്കു കൂട്ടിക്കൊണ്ടുപോകാൻ കഴിഞ്ഞെങ്കിൽ തമ്പുരാനേയും പ രിവാരങ്ങളേയും കയ്യോടെ പിടിച്ചു തടങ്ങലിലാക്കാൻ

കഴിയുമെന്നും അങ്ങിനെ വരുന്നപക്ഷം തന്റെ ശത്രുക്കൾ ഒന്നടക്കം നശിയ്ക്കുമെന്നും, കമ്പനിയിൽനിന്നു തനിയ്ക്കു സ്ഥാനമാനാദികളും വിലപിടിച്ച സമ്മാനങ്ങളും കിട്ടുമെന്നും, വിചാരിച്ചു് പഴയംവീടൻ ആഹ്ലാദിയ്ക്കാൻ തുടങ്ങി.

പഴയംവീടൻ ഭാവിയെക്കുറിച്ചു പലവിധങ്ങളായ ആകാശക്കോട്ടകളും കെട്ടിപ്പൊക്കുമ്പോൾ, കണ്ണൽ വെല്ലസ്ലി പഴശ്ശിയുടെ സങ്കേതം ആരുമറിയാതെ ഒരു രാത്രി പെട്ടെന്നു ചെന്നു കീഴടക്കാനുള്ള സാദ്ധ്യതയെക്കുറിച്ചു ചിന്തിയ്ക്കുകയായിരുന്നു. ചിന്താഗതി ഓരോ പതനത്തിലെത്തുമ്പോൾ കണ്ണൽ തനിയ്ക്കു നേരിടുന്ന സംശയങ്ങൾ പരിഹരിയ്ക്കാൻവേണ്ടി ഒന്നോ രണ്ടോ ചെറിയ ചോദ്യങ്ങൾ പഴയംവീടനോടു ചോദിയ്ക്കും. വീണ്ടും ആലോചനയിൽ മുഴുകും. തന്റെ ഉദ്ദേശങ്ങളും മാർഗ്ഗങ്ങളും പഴയംവീടനെ അറിയിയ്ക്കാതെ കഴിയ്ക്കാൻ കണ്ണൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചു. മാതൃഭൂമിയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്താനും തന്റെ കൂട്ടുകാരെ വഞ്ചിയ്ക്കാനും അവരെ ഒററിക്കൊടുക്കാനും മടി കാണിയ്ക്കാത്ത പഴയംവീടനെ ഒരിയ്ക്കലും വിശ്വസിയ്ക്കാൻ പാടില്ലെന്നു കണ്ണൽ വെല്ലസ്ലി തീരുമാനിച്ചിട്ടുണ്ടു്. അതുകൊണ്ടു് കമ്പനിയുടെ വിജയത്തിനുള്ള ഒരു ഉപകരണമെന്നതിൽക്കവിഞ്ഞു യാതൊരു വിലയും കണ്ണൽ പഴയംവീടൻ ചന്തുവിന്നു കല്പിച്ചിരുന്നില്ല. തമ്പുരാന്നെതിരായി താൻ കൈക്കൊള്ളാനുദ്ദേശിച്ച നടപടികൾ മുഴുവനും കണ്ണൽ വളരെ ഭദ്രമായി സൂക്ഷിച്ചു.

പുരളിമലയിൽ കാവൽസൈന്യങ്ങൾ കുറവാണെന്നും തമ്പുരാൻ ഏതുസമയത്തും അവിടെ ഉണ്ടാവുമെന്നും

പഴയംവീടൻ പറഞ്ഞുകേട്ടപ്പോൾ കണ്ണലിൻെറ മനസ്സിൽ പുതിയൊരാശയം ഉദിച്ചു. ഒരു രാത്രി ആരുമറിയാതെ കുറച്ചു സൈന്യങ്ങളോടുകൂടി പഴയംവീടൻ കാണിയ്ക്കുന്ന മാർഗ്ഗമവലംബിച്ചു പുരളിമലയിലെത്തിച്ചേരാൻ കഴിഞ്ഞാൽ വലിയ നാശനഷ്ടങ്ങളൊന്നുമില്ലാതെ തമ്പുരാനേയും കൂട്ടുകാരേയും പിടികൂടാൻ കഴിയും. തമ്പുരാനെ ജീവനോടുകൂടി പിടിച്ചു കമ്പനിയുടെ തടവുകാരനാക്കിയാൽ കമ്പനിയ്ക്കു തൻെറ പേരിലുണ്ടാവുന്ന മതിപ്പിനു് അററമുണ്ടാവുകയില്ല. ഗവർണ്ണർ ജനറലടക്കം തൻെറ മേലധികാരികൾ തന്നെ ബഹുമാനിയ്ക്കും. ഇംഗ്ലണ്ടിലും ഇന്ത്യയിലുമുള്ള സഹോദരന്മാർ തൻെറ യശസ്സിൽ അസൂയകൊള്ളും. എളുപ്പത്തിൽ തൻെറ പരിപാടി നടപ്പിലാക്കാനുള്ള സൂത്രങ്ങളാണു് കണ്ണൻ പിന്നീടാലോചിച്ചതു്.

സമർത്ഥനായ ഒരു കാപ്ററൻെറ കീഴിൽ തലശ്ശേരിയിൽനിന്നു് ഒരു സൈന്യവിഭാഗത്തെ കണ്ണവത്തേയ്ക്കു് അയയ്ക്കുക. കണ്ണവത്തുള്ള താവളം പുഷ്ടിപ്പെടുത്താനാണു് പുതിയ സൈന്യങ്ങൾ പോകുന്നതെന്നു നാട്ടിലാകെ പറഞ്ഞു പരത്തുക. പുതിയ സൈന്യത്തോടൊപ്പം പഴയംവീടനേയും കണ്ണവത്തേയ്ക്കയയ്ക്കുക. അവിടെയെത്തിയാൽ രണ്ടുദിവസത്തെ വിശ്രമത്തിനു ശേഷം, പുതിയ സൈന്യങ്ങളുടെ വരവിനെപ്പററി തമ്പുരാനും കൂട്ടുകാർക്കുമുള്ള സംശയങ്ങളൊക്കെ നിലച്ച ശേഷം, ഏതെങ്കിലുമൊരു രാത്രി ആരുമറിയാതെ പഴയംവീടനേയും കൂട്ടി പുരളിമലയിലേയ്ക്കു യാത്രതിരിയ്ക്കുക. പുലരുമ്പോഴേയ്ക്കു തമ്പുരാനും അനുയായികളും കമ്പനിയുടെ തടവുകാര

ഖണം. ഒരു വെടിയെങ്കിലും പൊട്ടിയ്ക്കാതെ, കമ്പനിയുടെ സൈന്യത്തിൽ ഒരാളെങ്കിലും നഷ്ടപ്പെടാതെ, ഭംഗിയായി കാര്യം കലാശിപ്പിയ്ക്കുക. ഇതായിരുന്നു കണ്ണലിന്റെ പ്ലാൻ.

ഇതെല്ലാം വേണ്ടപോലെ ചിന്തിച്ചുറപ്പിച്ചു കഴിഞ്ഞശേഷം കണ്ണൽ പഴയംവീടനോടു വീണ്ടും സംസാരിയ്ക്കാൻ തുടങ്ങി:

“അപ്പോൾ നായർ! പഴശ്ശിയുടെ മലയിൽ ആരും കാവലിന്നില്ലെന്നാണോ പറയുന്നതു്?”

“അതെ.” പഴയംവീടൻ ഉറപ്പിച്ചു പറഞ്ഞു. “അവിടെ ഒരിയ്ക്കലും കാവലിന്നു് ആളുകളെ നിർത്താറില്ല.”

“ശരി. വളരെ നല്ലതു്. നായർ നാളെ പുലർന്നിട്ടു ഒന്നുകൂടി പോയിട്ടു വരണം. മലയിലെ കാര്യങ്ങൾ വേണ്ടപോലെ മനസ്സിലാക്കാഞ്ഞാൽ പാടില്ല. വെറുതെ വിഡ്ഢിത്തമൊന്നും ചെയ്യാൻ പററില്ല. കേട്ടോ നായർ.”

“ഉം” വലിയ സുഖമില്ലാത്തമട്ടിലാണു് പഴയംവീടൻ മൂളിയതു്.

“അതുകൊണ്ടു്, നാളെ രാവിലെത്തന്നെ നായർ വിവരമറിയാൻ പോണം. അമാന്തിയ്ക്കരുതു്. നേരം അധികമായി. ഇനിയത്തെ ആലോചനകളൊക്കെ നായർ മടങ്ങിവന്നിട്ടു്.”

ഇത്രയും പറഞ്ഞു് കണ്ണൽ വെല്ലസ്ലി എഴുന്നേററു നടന്നു. പഴയംവീടൻ എന്തോ പറയാൻ ഭാവിച്ചു കേൾക്കാൻകൂടി നില്ക്കാതെ വേഗത്തിൽ തന്റെ ഉറക്കമുറിയിലേയ്ക്കു പോയി. പഴയംവീടൻ എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു് താൻ പതിവായി ഉറങ്ങാറുള്ള സ്ഥലത്തു ചെന്നു കിടന്നു...

ഈ ഘട്ടത്തിൽ പുരളിമലയിലെ ദുർഗ്ഗമാർഗ്ഗത്തിൻെറ പ്രവേശദ്വാരത്തിൽ ചില മാററങ്ങൾ നടക്കുന്നുണ്ടായിരുന്നു. പഴയംവീടൻെറ ക്രൂരമാററത്തോടുകൂടി തലശ്ശേരി ചന്തു രക്ഷാനടപടികൾക്കു ജാഗ്രതയൊന്നു കൂട്ടി. അധികസമയത്തും പ്രധാനസ്ഥാനത്തു താൻതന്നെ പാറാവുനില്ക്കുകയെന്നതു് ഒരു പതിവാക്കിത്തീർത്തു. ഒരേയൊരു വഴിയൊഴിച്ചു ബാക്കിയൊക്കെ കല്ലിട്ടു തൂർത്തും, മരത്തടികൾ വെട്ടിയിട്ടു് ആർക്കും കടക്കാൻ കഴിയാത്ത വിധത്തിൽ ഭദ്രമാക്കിയും അടച്ചുകളഞ്ഞു.

തമ്പുരാനോടു വിട വാങ്ങി പുറത്തേയ്ക്കു കടന്ന അമ്പുനായർ നേരെ തലശ്ശേരി ചന്തുവിൻെറ സമീപത്തേയ്ക്കാണു് ചെന്നതു്. രണ്ടു പേരും പ്രവേശദ്വാരത്തിൽ നിന്നുകൊണ്ടു വളരെനേരം പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. അവരുടെ സംഭാഷണങ്ങളിൽ ഒരു വലിയ ഭാഗം പഴയംവീടനെക്കുറിച്ചായിരുന്നു. ചന്തു അടക്കാൻ കഴിയാത്ത വേദനയും നൈരാശ്യവും സ്ഫുരിക്കുന്ന സ്വരത്തിൽ പറഞ്ഞു:

"കുറിച്യരുടെ കയ്യിൽ വില്ലുള്ള കാലത്തോളം കമ്പനിക്കാരുടെ മോഹം വെറുതെയാണു്. എന്നാൽ ആ പഹയൻ ചതിച്ച ചതി വല്ലാത്തതാണു്."

"അതാണു് ചന്തു, ഞാനും പറയുന്നതു്. ആ നന്ദിയില്ലാത്ത പട്ടി ശത്രുപക്ഷത്തിൽ ചെന്നു ചേർന്നു." അമ്പുനായർ പറഞ്ഞു.

"തിരുമനസ്സിലെ ഒരു അനുവാദമിങ്ങു കിട്ടിയാൽ മതി. പിന്നെ അവനെക്കൊണ്ടുള്ള ഉപദ്രവം തീർന്നു."

"പക്ഷെ തിരുമനസ്സ് അനുവദിയ്ക്കുമെന്നു തോന്നുന്നില്ല. ഇന്നും പഴയംവീടനോടുള്ള മമത അവിടുത്തേയ്ക്കു പോയിട്ടില്ല. അക്കാര്യം പറയുമ്പോഠം അവിടുത്തെ പ്രകൃതം മാറം. ആരെന്തു പറഞ്ഞാലും അവിടുന്നു് അനുവദിയ്ക്കില്ല. തിരുവുള്ളക്കേടു തോന്നില്ലെന്നു മനസ്സിലായാൽ ഞാൻതന്നെ അവൻെറ കഥ കഴിയ്ക്കും."

"ആരും ബുദ്ധിമുട്ടേണ്ടിയിരുന്നില്ല. അവൻെറ പിന്നാലെ അമ്പുംവില്ലുമായി നടക്കുന്നവരോടുതന്നെ പറഞ്ഞാൽ മതി. അവനാകട്ടുടി ഒരു കണ്ണ അമ്പിനില്ല." ചന്തു തൻെറ അമഷം വെളിവാക്കി.

"ചന്തു, തിരുമനസ്സിലെ മമതയുടെ ഒരു ശക്തി കേഠക്കണൊ?" അമ്പുനായർ ഒരു കല്ലിന്മേലിരുന്നുകൊണ്ടു പറഞ്ഞു. "ഞാൻ പഴയംവീടനെക്കുറിച്ചു പറഞ്ഞപ്പോഠം കമ്പനിപ്പട്ടാളവുമായി കുററ്യാടിച്ചുരത്തിൽ വെച്ചുണ്ടായ ഏററമുട്ടലാണു് അവിടുന്നോമ്മിച്ചതു്."

"തിരുമനസ്സിൽ അക്കാര്യം ഓമ്മവന്നിട്ടുണ്ടെങ്കിൽ തെററില്ല." ചന്തു തൻെറ സ്മരണയുടെ കെട്ടഴിയ്ക്കാൻ തുടങ്ങി. "അതെന്തൊരു ഏററമുട്ടലായിരുന്നു! അങ്ങിനെ രണ്ടേരണ്ടു് ഏററമുട്ടലുണ്ടായാൽ കമ്പനിക്കാരുടെ പൊടിയും കൂടി ഇന്നാട്ടിലുണ്ടാവില്ല."

"ശരിയാണു് ചന്തു പറഞ്ഞതു്." അന്നത്തെ ഓമ്മകളിൽനിന്നു ചിലതു പറയാതിരിയ്ക്കാൻ അമ്പുവിനും കഴിഞ്ഞില്ല. "ഒരൊററ കമ്പനിപ്പട്ടാളക്കാരനെങ്കിലും അന്നു പ്രാണനോടുകൂടി തിരിച്ചുപോകാൻ കഴിഞ്ഞിട്ടില്ല. ചോര കണ്ടിട്ടു് അന്നാണു് എൻെറ തല ചുററി

യതു്. ചുരത്തിന്റെ മുകളിൽനിന്നു താഴോട്ട് പുഴപോലെയാണ് ചോര കുത്തിയൊലിച്ചതു്."

"മഴ പെയ്യുമ്പോലെയാണ് ഞങ്ങളുടെ അമ്പ് വഴിച്ചുവഴി താഴോട്ടു പാഞ്ഞതു്."

"കറിച്ചേപ്യരുടെ അമ്പേറ്റ പിന്മാറിയോടുന്ന കമ്പനിപ്പട്ടാളത്തെ അന്നു ഞാനും പഴയംവീടനുംകൂടിയാണ് വഴിച്ചുവെച്ചു തടഞ്ഞതു്. പഴയംവീടന്റെ പോർമിടുക്ക് അന്നാണ് ഞാൻ തെളിഞ്ഞുകണ്ടതു്. പലപ്പോഴും എനിക്കു കൈ കുഴഞ്ഞു, എന്റെ വെട്ട് ലക്ഷ്യം തെറ്റി. എന്നാൽ ആപൽഘട്ടങ്ങളിൽ മുഴുവനും പഴയംവീടൻ എന്റെ സമീപത്തുണ്ട്. ഒരാളെങ്കിലും ബാക്കിയാവാതെ കമ്പനിപ്പട്ടാളം മുഴുവനും കഴുത്തറ്റ വീഴുന്നതുവരെ പഴയംവീടൻ വാൾ വീശി. അതു കാണേണ്ടൊരു വാൾപ്പയറ്റായിരുന്നു. എന്റെ ആയുസ്സിൽ അങ്ങിനെയൊന്നു ഞാൻ കണ്ടിട്ടില്ല. ഇനി കാണുമെന്നു തോന്നുന്നുമില്ല."

"അതൊക്കെ ഇനി പറഞ്ഞിട്ടെന്തു കാര്യം? പഞ്ചാരപ്പായസംതന്നെ. പക്ഷേ പാഷാണമല്ലേ കലക്കിയതു്!" ചന്തു പറഞ്ഞു.

"ശരിയാണ്" ഒരു നെടുവീർപ്പോടെ അമ്പുനായർ തുടർന്നു. "പഴയംവീടനെപ്പോലെ കരുത്തുള്ളൊരു പടത്തലവൻ പോയതിലാണു ഖേദം."

"അതുകൊണ്ടാണ് എനിക്കിത്ര പക. ആരെങ്കിലുമൊന്നു പോയാൽ ഇത്ര പേടിക്കേണ്ടതില്ല. അവൻ തിരുമനസ്സിലെ ശത്രുവായിക്കഴിഞ്ഞു. വിചാരിക്കുംതോറും അടിയാണിതു്."

"നേരാണു് ചന്തു പറഞ്ഞതു്. തിരുമനസ്സ് അന്നു പഴയംവീടന്റെ പരാക്രമങ്ങൾ പലതും പറഞ്ഞു. അ വിടുത്തേയ്ക്കു പഴയംവീടന്റെ കാര്യത്തിൽ വലിയ വേദനയുണ്ടു്."

"തിരുമനസ്സ് ഇനിയും ഇങ്ങിനെ അടങ്ങിയിരുന്നാൽ പററില്ല. പഴയംവീടൻ എളുപ്പണിക്കുട്ടിയാൽ കമ്പനിപ്പട്ടാളം ഇങ്ങോട്ടു പുറപ്പെട്ടു വരും. അതിനുമുമ്പെ വല്ലതും ചെയ്യണം."

"ഓ! പറഞ്ഞു പറഞ്ഞു കാര്യം ഞാൻ മറന്നു. തിരുമനസ്സ് ചന്തുവിനെ കാണേണമെന്നു കല്പിച്ചിട്ടുണ്ടു്."

"എന്തിനാണാവോ" ചന്തു കരടി മുമ്പോട്ടു വെച്ചുകൊണ്ടു് പറഞ്ഞു.

"തിരുമനസ്സുകൊണ്ടു് എന്തൊക്കെയോ ചിലതു് ആലോചിച്ചുറപ്പിച്ചിരിക്കുന്നു. ഏതായാലും ഇനി അധികദിവസം ഇങ്ങിനെ അടങ്ങിയിരിയ്ക്കുമെന്നു തോന്നുന്നില്ല."

"പ്രകൃതം കണ്ടപ്പോൾ രണ്ടുനാലു ദിവസമായിട്ടു എന്റെ മനസ്സിലും അങ്ങിനെ തോന്നി."

"ആ തോന്നൽ ശരിയാണു് ചന്തു."

"എന്നാൽ ഞാൻ അങ്ങോട്ടു് മുഖംകാണിയ്ക്കുവാൻ ചെല്ലട്ടെ."

"ചന്തുവിന്റെ വരവും കാത്തു തിരുമനസ്സു പാത്തുതന്നെ ഇരിയ്ക്കുന്നുണ്ടു്."

ചന്തു പിന്നീടൊന്നും പറയാതെ വേഗത്തിൽ നടന്നു് ഇരുട്ടിൽ മറഞ്ഞു; അമ്പുനായർ തന്റെ ലക്ഷ്യത്തിലേയ്ക്കും നീങ്ങി.

---

# എട്ട്

തലയ്ക്കൽ ചന്തുവും തമ്പുരാനും കൂടി പുരളിമലയിലുള്ള താവളത്തിൽനിന്നു പോയിട്ടു നാലു ദിവസം കഴിഞ്ഞു. തമ്പുരാനെപ്പററിയോ ചന്തുവിനെപ്പററിയോ അതിന്നുശേഷം യാതൊരു വിവരവും കിട്ടീട്ടില്ല. കുഞ്ഞാനിക്കെട്ടിലമ്മ പരിഭ്രാന്തയായി. തമ്പുരാൻ ഒരു താവളത്തിൽനിന്നു മറെറാരു താവളത്തിലേയ്ക്കു പോയാൽ തിരിച്ചുവരാൻ പലപ്പോഴും താമസിയ്ക്കാറുണ്ട്. എന്നാൽ അന്നൊക്കെ ഉററവരുമായി ചാരന്മാർ മുഖേന മുറയ്ക്കു ബന്ധം പുലത്തിപ്പോരും. ഇന്നിന്ന ദിവസം ഇന്നിന്ന സ്ഥലങ്ങൾ സന്ദശിച്ചുവെന്നും, ഇന്നിന്ന ആളുകളെക്കണ്ടു സംസാരിച്ചുവെന്നും കുഞ്ഞാനിക്കെട്ടിലമ്മയെ അറിയിയ്ക്കാതിരിയ്ക്കില്ല. എന്നല്ല, എവിടെ പോകുമ്പോഴും കൈതേരി അമ്പുനായരോ, എടച്ചേന കുങ്കനോ, അതുപോലുള്ള മററു പടത്തലവന്മാരിൽ വല്ലവരുമോ തമ്പുരാനെ അകമ്പടി സേവിയ്ക്കാറുമുണ്ട്.

ഇത്തവണ പതിവിന്നു വിപരീതമായിട്ടാണ് തമ്പുരാൻ താവളം വിട്ടതു്. തന്റെ കൂടെ തലയ്ക്കൽചന്തു മാത്രമേ പോരേണ്ടതുള്ളുവെന്നു തമ്പുരാൻ കല്പിച്ചു. കല്പിച്ചാൽ അനുസരിയ്ക്കാൻ മാത്രം ശീലിച്ച അനുയായികൾ പ്രതികൂലാഭിപ്രായങ്ങളൊന്നും പ്രദശിപ്പിയ്ക്കാൻ ധൈര്യപ്പെട്ടില്ല. ഒന്നാമത്തെ ദിവസം വളരെ വൈകുന്നതുവരെ തമ്പുരാന്റെ വിവരവും കാത്തു കെട്ടിലമ്മ ഉറക്കമിളച്ചിരുന്നു. പിറേറന്നും അങ്ങിനെതന്നെ. ചാരന്മാരിലാരും വന്നില്ല. നാലു ദിവസങ്ങളങ്ങിനെ കഴിഞ്ഞു. കെട്ടിലമ്മയുടെ അകം പുകയാൻ തുടങ്ങി. കമ്പനിപ്പട്ടാ

ളക്കാർ തമ്പുരാൻെറ അനുയായികളെ തേടിപ്പിടിയ്ക്കുന്നം, പിടിച്ച് തൂക്കിലിടാനും പുറപ്പെട്ട കാലമാണ്. പഴയംവീട്ടിൽ ചന്ത്രക്കാരമാറി. തമ്പുരാൻെറ രഹസ്യങ്ങളൊക്കെ ശത്രുക്കാൾക്ക് ഒററുകൊടുക്കുകയും, തമ്പുരാൻെറ സഹായികളെ ഭിന്നിപ്പിയ്ക്കാൻ പരിശ്രമിയ്ക്കുകയുമാണ്. തമ്പുരാനെ സഹായിയ്ക്കുന്നവൎക്ക മരണശിക്ഷയാണ് ഫലമെന്നു ധരിപ്പിച്ച് ജനങ്ങളെ ഭയപ്പെടുത്തിയിരിയ്ക്കുയാണ്. ഇത്രയധികം കുഴപ്പം നിറഞ്ഞൊരു കാലത്ത് ഏതു ഭാഗത്തുനിന്നും ആപത്തു വന്നുചേരാനിടയുള്ളതുകൊണ്ട് തമ്പുരാനു വല്ല ആപത്തും പിണഞ്ഞുവോ എന്ന വിചാരംനിമിത്തം കെട്ടിലമ്മ കൂടുതൽ അസ്വാസ്ഥയായിത്തീൎന്നു. അന്നു കെട്ടിലമ്മ കൂടാരത്തിൽനിന്നു പുറത്തു വന്നതേയില്ല. ശ്രീപോർക്കലി ഭഗവതിയെ ധ്യാനിച്ചുകൊണ്ട് അകത്തുതന്നെ കഴിച്ചുകൂട്ടുകയാണ് ചെയ്തതു്.

പടത്തലവന്മാർ മുഴുവൻ തൻെറ മുമ്പിൽ ഹാജരാവേണമെന്നു കാലേക്കൂട്ടി തമ്പുരാൻ കല്പിച്ചിരുന്നു. അന്നു് സന്ധ്യയോടുകൂടി എല്ലാവരും താവളത്തിലെത്തിച്ചേൎന്നു. പക്ഷേ തമ്പുരാൻെറ അസാന്നിദ്ധ്യത്തെക്കുറിച്ച് ആൎക്കും ഒന്നും പറയാൻ തോന്നിയില്ല. എല്ലാവരുടെ ഉള്ളിലും ഭയാശങ്കകളുണ്ടായിരുന്നു. തമ്പുരാൻ എന്തിനാണ് പോയതെന്നോ എവിടെയാണ് പോയതെന്നോ അവൎക്കാൎക്കും നിശ്ചയമില്ല. പടത്തലവന്മാരോരോരുത്തരും ഹൃദയഭാരം താങ്ങാനാവാത്ത മട്ടിൽ തലയും താങ്ങി മൌനമായി അവിടവിടെ ഇരിയ്ക്കുകയല്ലാതെ തമ്മിൽത്തമ്മിൽ കുശലപ്രശ്നം ചെയ്യാൻകൂടി മുതിൎന്നില്ല. അന്നു് അതിപ്രധാനമായ പല കാൎയ്യങ്ങളെക്കുറി

ച്ചും ഉറച്ച തീരുമാനങ്ങളെടുക്കാൻ പോകുന്നുണ്ടെന്നല്ലാതെ അതെന്തായിരിയ്ക്കുമെന്നും, എങ്ങിനെയായിരിയ്ക്കുമെന്നാം അവക്കറിഞ്ഞുകൂടായിരുന്നു.

നേരം പത്തു നാഴിക രാച്ചെന്നു. തമ്പുരാനെപ്പററി ഒരു വിവരവുമില്ല. എന്തു ചെയ്യേണമെന്നു തീരുമാനിയ്ക്കാൻ അവക്കാർക്കും ശക്തിയുണ്ടായിരുന്നില്ല. എല്ലാവരുടെ ഹൃദയവും എന്തെങ്കിലും സംസാരിയ്ക്കാൻ അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ ഉചിതമായ വാക്കുകഠം കണ്ടെത്താതെ അവരോരോരുത്തരും വിഷമിച്ചു. ഉള്ളിൽനിന്നു വാക്കുകഠം തള്ളിപ്പുറപ്പെട്ടു നാവിൻതുമ്പിലോളം വന്നു് അസ്തമിച്ചുപോകും. പേടിപ്പെടുത്തുന്ന ആ നിശ്ശബ്ദത അസഹ്യമായിരുന്നെങ്കിലും അതിനെ ഭഞ്ജിയ്ക്കാൻ മാത്രമുള്ള കരുത്തു് ആ പടത്തലവന്മാരിൽ ആൎക്കുമുണ്ടായിരുന്നില്ല. അവരുടെ മനസ്സ് തലശ്ശേരിയിലുള്ള വെല്ലസ്ലിയുടെ ബംഗ്ലാവിലും കമ്പനിപ്പട്ടാളങ്ങളുടെ താവളങ്ങളിലും അതുപോലെ മററ ശത്രുസങ്കേതങ്ങളിലും അലഞ്ഞുനടന്നു. പലരും പലതരത്തിൽ ഊഹാപോഹങ്ങഠം സൃഷ്ടിച്ചു. ദീർഘനിശ്വാസങ്ങളയച്ചു. അററമില്ലാത്ത ആലോചനകൊണ്ടു് അവരോരോരുത്തരും അവശരായി. കൂടിയിരുന്നിട്ടും ഒററപ്പെട്ടതുപോലെ ഒരരക്ഷിതാവസ്ഥ അവരെ പിടികൂടി

പെട്ടന്നു പിന്നിൽനിന്നു് ഒരു വിളി "അമ്പു!"

എല്ലാവരും ഒരുമിച്ചു ചാടിയെണീററു. ശ്രീരാമനും ഹനുമാനുമെന്ന പോലെ തമ്പുരാനും തലയ്ക്കൽ ചന്തുവും തങ്ങളുടെ സമീപത്തു നില്ക്കുന്നതുകണ്ടു് അവർ സന്തോഷംകൊണ്ടു മതിമറന്നു. പ്രസന്നവദനനായ തമ്പു

രാൻ അവരുടെ മദ്ധ്യത്തിലേയ്ക്കു കടന്നുവന്നു് ചിരിച്ചുകൊണ്ടു് ഒരു സ്ഥലത്തു് ആസനസ്ഥനായി, മററുള്ളവരോടു ഇരിയ്ക്കാൻ ആജ്ഞാപിച്ചു. എല്ലാവരും ഇരുന്നുകഴിഞ്ഞപ്പോൾ ഗൂഢസ്വരത്തിൽ തമ്പുരാൻ പറഞ്ഞുതുടങ്ങി:

"നാം നമ്മുടെ അവസാനത്തീരുമാനം എടുത്തുകഴിഞ്ഞു. കാലവും സ്ഥിതിയും നമുക്കനുകൂലമാണു്. ജനങ്ങൾ തികച്ചും നമ്മുടെ ഭാഗത്താണു്. അതു നമുക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞു." എല്ലാവരും അമ്പരപ്പോടെ തമ്പുരാനെ നോക്കുകയല്ലാതെ ഒരു മറുപടിയും പറഞ്ഞില്ല. തമ്പുരാൻ തുടർന്നു: "എല്ലാം നേരിൽത്തന്നെ നമുക്കനുഭവപ്പെട്ടു. വെള്ളക്കാരുടെ ആധിപത്യം നമ്മുടെ ജനങ്ങൾക്കാവശ്യമില്ലെന്നു തീച്ചയാണു്. ആ ആധിപത്യം സ്ഥാപിയ്ക്കാനുള്ള എല്ലാം പരിശ്രമങ്ങളേയും ചെറുക്കാൻ അവരൊരുങ്ങിക്കഴിഞ്ഞു. എന്തു കഷ്ടപ്പാടുകൾ സഹിയ്ക്കാനും ജനങ്ങൾ തയ്യാറാണു്. നാമവക്കൊരു നേതൃത്വം കൊടുക്കുകയേ വേണ്ടൂ. അതിനിനിയും താമസിച്ചാൽ ജനങ്ങൾ നിരാശരാവും. ഒററയ്ക്കൊററയ്ക്കു പ്രതിഷേധിയ്ക്കാൻ തുടങ്ങും. അതവരുടെ ശക്തി കെടുക്കും. അതുകൊണ്ടു് ഇനി ഒരു നിമിഷം വൈകിയ്ക്കാൻ വയ്യ."

"എന്താണാവോ തിരുമനസ്സു് ഉദ്ദേശിയ്ക്കുന്നതു്?" അമ്പു തൊഴുതുകൊണ്ടു് ചോദിച്ചു.

തമ്പുരാൻെറ ഒരു പൊട്ടിച്ചിരിയാണതിനു സമാധാനം പറഞ്ഞതു്. ആ പൊട്ടിച്ചിരിയുടെ അവസാനത്തിൽ വാത്സല്യം നിറഞ്ഞ സ്വരത്തിൽ തമ്പുരാൻ പറഞ്ഞു:

"അമ്പു, ശക്തിയും ബുദ്ധിയും ഒരുമിച്ചു ഒരാറാം കൾ കിട്ടില്ലെന്നാണോ നാം ധരിക്കേണ്ടതു്? നാം ഉദ്ദേശി ക്കുന്നതെന്താണെന്നു കങ്കൻ പറഞ്ഞുതരും. എന്താ കങ്കാ?"

"തിരുമനസ്സിലെ അനുഗ്രഹമുണ്ടെങ്കിൽ അടിയന്ന തിനു പ്രയാസമില്ല." കങ്കൻ തല ചൊറിഞ്ഞുകൊണ്ടു പറഞ്ഞു. "തിരുമനസ്സുദ്ദേശിച്ചതു്, നാളെത്തന്നെ കോട്ട യത്തുനിന്നു കമ്പനിപ്പട്ടാളത്തെ ഓടിയ്ക്കാനാണു്."

"മുഴവനുമായില്ല കങ്കാ. എന്നാലും ഏറെക്കുറെ ശരി യായിട്ടുണ്ടു്. നാം യുദ്ധത്തിനു തീരുമാനിച്ചാൽ എ ന്നെങ്കിലും അതു നാളേയ്ക്കു നീട്ടുന്ന പതിവുണ്ടോ? ഉണ്ടോ ഏമൻ?"

"ഇല്ല തിരുമേനീ!" ഏമൻനായർ ഒരു വല്ലായ്മയോ ടെ പറഞ്ഞു.

"യുദ്ധത്തിൻെറ കാര്യം വരുമ്പോൾ മാത്രം നാളെ യെന്നൊരു പദം നമുക്കില്ല. അതു നിങ്ങളുടെ കൂട്ടത്തിൽ ശരിക്കും ധരിച്ചതു പഴയംവീടൻ മാത്രമായിരുന്നു."

പഴയംവീടനെക്കുറിച്ചുള്ള പ്രസ്താവന ആ സന്ദർഭ ത്തിൽ അവിടെ അല്പമൊരു അസ്വാസ്ഥ്യമുളവാക്കി. പക്ഷേ തമ്പുരാൻ ഭാവഭേദം കൂടാതെ വീണ്ടും തുടൻു:

"പഴയംവീടൻ ഇന്നു നമ്മുടെ കൂടെയില്ല. പ്രതിപ ക്ഷസേനയുടെ മുന്നണിയിൽ ഒരുപക്ഷേ പഴയംവീട നുണ്ടായെന്നു വരും. അതു സാരമില്ല. ഉദ്ദേശശുദ്ധിയാ ണു് നമ്മുടെ ഏററവും വലിയ ആയുധം. അതുള്ളകാല ത്തോളം നമുക്കു് ആരേയും ജയിക്കാൻ കഴിയും. മാതൃഭൂമി യോടുള്ള സ്നേഹവും ഭക്തിയുമാണു് നമ്മെ മുമ്പോട്ടു നയി

ക്കുന്നതു്. വിദേശികളുടെ ചവുട്ടടിയേററ നാം പിറന്ന മണ്ണു് അശുദ്ധമാവാൻ പാടില്ല. അതു കണ്ടുകൊണ്ടു കയ്യും കെട്ടി ഇരിയ്ക്കാൻ നമുക്കു വയ്യ. ശ്രീപോർക്കലിയുടെ കൃപാകടാക്ഷമുണ്ടെങ്കിൽ നാളെ സൂര്യോദയത്തിനു മുമ്പ് കമ്പനിപ്പട്ടാളത്തെ തുരത്താനുള്ള നമ്മുടെ ജൈത്രയാത്ര ആരംഭിയ്ക്കണം."

ഇത്രയും പറഞ്ഞു തൻെറ മുമ്പിലുള്ള പടത്തലവന്മാരുടെ മുഖത്തു തമ്പുരാൻ മാറി മാറി നോക്കി. ആരും ഒന്നും പറഞ്ഞില്ല. എല്ലാവരും അത്ഭുതംകൊണ്ടു സ്തംഭിച്ചിരിയ്ക്കുകയായിരുന്നു.

മുമ്പും പല തവണ തമ്പുരാൻ പൊടുന്നനവെയുള്ള തീരുമാനംകൊണ്ടു് അവരെ അമ്പരപ്പിച്ച സന്ദർഭങ്ങൾ ചുരുക്കമല്ല. എന്നാൽ ഇത്തവണ തീരെ അപ്രതീക്ഷിതമായാണു് യുദ്ധത്തിനുള്ള കല്പന കിട്ടിയതു്. ഇനി ഏതാനും യാമങ്ങൾ മാത്രമേ ബാക്കിയുള്ളൂ. സൂര്യോദയത്തോടുകൂടി ജൈത്രയാത്ര തുടങ്ങേണമെന്നാണു് തമ്പുരാൻെറ കല്പന. അതു സാദ്ധ്യമാണോ? എന്തെല്ലാം കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ടു്! എന്തൊക്കെ ഒരുക്കങ്ങൾ വേണം! ഭാരമേറിയ ഇത്തരം ചുമതലകളൊക്കെ തമ്പുരാൻ വിസ്മരിച്ചുപോയതാവുമോ? ഇത്തരം ഓരോ വിചാരങ്ങൾകൊണ്ടു പടത്തലവന്മാരുടെ തല പുകയുകയാണു്. സംശയങ്ങളോരോന്നും തമ്പുരാനോടുതന്നെ ചോദിയ്ക്കേണമെന്നു മോഹമില്ലാഞ്ഞിട്ടല്ല. ചോദിയ്ക്കാനുള്ള മനശ്ശക്തി അവർക്കു നഷ്ടപ്പെട്ടുപോയിരുന്നു.

തൻെറ മുമ്പിലിരിയ്ക്കുന്ന പടത്തലവന്മാരുടെ വിഷമം വേണ്ടപോലെ മനസ്സിലാക്കിയിട്ടോ എന്നു ശങ്കിക്കുമാറു്, അവരിൽനിന്നു ചോദ്യങ്ങളൊന്നും പുറപ്പെ

ടുന്നതിനുമുമ്പുതന്നെ, തമ്പുരാൻ പിന്നേയും പറയാൻ തുടങ്ങി:

“കോട്ടയത്ത് ഇപ്പോൾ കമ്പനിസൈന്യങ്ങളുള്ളതു കണ്ണവത്തു മാത്രമാണ്. തലശ്ശേരിയിൽനിന്നു കണ്ണവത്തേയ്ക്കു കൂടുതൽ സൈന്യങ്ങൾ പുറപ്പെടുന്നുണ്ടെന്നു നമുക്കു വിവരം കിട്ടിയിരിക്കുന്നു. കണ്ണവത്തുള്ള പട്ടാളവുമായി സന്ധിക്കാൻ തലശ്ശേരിയിൽനിന്നു വരുന്നവരെ അനുവദിക്കരുത്. കണ്ണവത്തേയ്ക്കു വരുന്നവരെ വഴിക്കുവെച്ചും, കണ്ണവത്തുള്ളവരെ അവരുടെ പാളയത്തിൽ വെച്ചും ഒടുക്കണം. അതിനുള്ള ഒരുക്കങ്ങളൊക്കെ ചെയ്തുകഴിഞ്ഞിട്ടുണ്ട്.”

തമ്പുരാൻ ഒരു അത്ഭുതപുരുഷനാണെന്നു നാട്ടുകാരൊക്കെ വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ അടുത്ത അനുയായികൾ മുഴുവനും അദ്ദേഹത്തെ ഒരവതാരപുരുഷനെന്ന നിലയിൽ കരുതിപ്പോന്നു. ഒരിക്കലും തമ്പുരാൻ തന്റെ അനുയായികളെയോ ആശ്രിതരെയോ ശാസിക്കാറില്ല. മററുള്ളവരിൽനിന്നു തനിക്കൊരു പ്രത്യേകതയുണ്ടെന്നോ താനൊരു രാജാവാണെന്നോ അദ്ദേഹം ഭാവിക്കാറില്ല. പല്ലക്കിലെഴുന്നള്ളാനോ സിംഹാസനത്തിലിരിക്കാനോ തമ്പുരാനു വിഷമമുണ്ടായിരുന്നില്ല. താനിരിക്കുന്നേടം, അതു കാടായാലും നാടായാലും കൊട്ടാരംപോലെ കരുതാനും അവിടെ രാജകീയ വിഭവങ്ങളും പ്രൗഢികളും വേണമെങ്കിൽ പുലത്തിപ്പോരാനും അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നില്ല.

എന്നാൽ ഒരിക്കലും തമ്പുരാൻ അത്തരം കാര്യങ്ങൾ ഇച്ഛിച്ചിരുന്നില്ല. തന്റെ അനുയായികളും പട

ത്തലവന്മാരും നിലത്തു കിടന്നുറങ്ങുമ്പോൾ അദ്ദേഹവും അങ്ങിനെ ചെയ്യും. അവർ കല്ലും മുള്ളും ചവുട്ടി മെതിച്ചു കാട്ടുവഴികളിലൂടെ നടക്കുമ്പോൾ അദ്ദേഹം പല്ലക്കിൽ കേറി ഞെളിയാനിഷ്ടപ്പെട്ടില്ല. അതുപോലെ അനേകകാൎയ്യങ്ങളിൽ എല്ലാവരുടെ അഭിപ്രായവും ആരായുന്ന പതിവുണ്ടായിരുന്നു അദ്ദേഹത്തിന്നു്. ആൎക്കും തമ്പുരാന്റെ മുമ്പിൽവെച്ചു് ഏതഭിപ്രായവും പറയാം. അവധാനപൂൎവ്വം ശ്രദ്ധിച്ചു് യുക്തിക്കും ന്യായത്തിനും നിരപ്പുള്ളതെന്നു തെളിയുന്ന പക്ഷം അദ്ദേഹമതു സ്വീകരിക്കും.

കഴിഞ്ഞ നാലു ദിവസങ്ങളായി തലക്കൽച്ചന്തുവിനോടുകൂടി താവളം വിട്ടു പുറത്തു പോയിട്ടു ഏററവും പ്രാധാന്യമൎഹിക്കുന്ന കാൎയ്യങ്ങളാണു് തമ്പുരാൻ ചെയ്തുതീൎത്തതു്. നാട്ടുവാഴികളിൽ പലരേയും കണ്ടു. ഓരോരുത്തൎക്കും ഒരുക്കാൻ കഴിയുന്ന സൈന്യത്തിന്റെയും ശേഖരിക്കാൻ കഴിയുന്ന പടക്കോപ്പുകളുടേയും കണക്കെടുത്തു. അങ്ങിനെ ഒരുക്കിനിൎത്തുന്ന സൈന്യങ്ങളെ ഇന്ന ദിവസം ഇന്ന സ്ഥലത്തെത്തിക്കേണമെന്നും, ഇന്ന പടത്തലവൻ അവരുടെ ഉത്തരവാദിത്വം ഏറെറടുത്തുകൊള്ളമെന്നും അദ്ദേഹം നാട്ടുവാഴികളെയും പ്രഭുക്കന്മാരെയും ധരിപ്പിച്ചു. ശത്രുപക്ഷത്തേയ്ക്കു ചാഞ്ഞുകഴിഞ്ഞ വല്ലവരുമുണ്ടെങ്കിൽ അവരുടെ ഗതി മനസ്സിലാക്കാനും വേണ്ടിവന്നാൽ ബലംപ്രയോഗിച്ചുതന്നെ അവരെ നിയന്ത്രിക്കാനും അവിടവിടെ ചെറുചെറുസംഘങ്ങളായിട്ടു് കുറിച്യപ്പടയെ കാവൽ നിൎത്തി. എല്ലാററിനും പുറമെ കണ്ണവത്തുള്ള കമ്പനിപ്പട്ടാളത്തിന്റെ സ്ഥിതിയും നിലയും നേരിട്ടു മനസ്സിലാക്കി. അവരുടെ ആയുധശക്തി

യെപ്പററി തെററാത്തൊരു കണക്കുതന്നെ സമ്പാദിച്ചു. എല്ലാം കഴിഞ്ഞു് ശ്രീപോർക്കലിയേയും ഒന്നു തൊഴുതു സംതൃപ്തനായിട്ടാണു് തമ്പുരാൻ പുരളിമലയ്ക്കു മടങ്ങിയതു്.

വേഷപ്രച്ഛന്നനായി ചെല്ലേണ്ട സ്ഥലത്തു തമ്പുരാൻ അതിനും മടി കാണിയ്ക്കാറില്ല. ആകസ്മികമായി തന്റെ സാന്നിദ്ധ്യംകൊണ്ടു പ്രതിയോഗിയെ അമ്പരപ്പിച്ചു കാര്യം നേടേണ്ട സ്ഥലത്തു് അങ്ങിനേയും ചെയ്യാറുണ്ടു്. ചുരുക്കത്തിൽ എവിടെയെല്ലാം ഏതെല്ലാം തന്ത്രസ്ഥാനങ്ങളിൽ പട്ടാളത്തെ നിർത്തണം? ഏതെല്ലാം വഴിയ്ക്കു എങ്ങിനെയെല്ലാം പ്രതിയോഗിയുടെ കേന്ദ്രങ്ങൾ ആക്രമിയ്ക്കണം? ആരൊക്കെയാണു് നേതൃത്വമേറെറടുക്കേണ്ടതു്? എന്നിങ്ങനെ എല്ലാ കാര്യങ്ങളും വ്യവസ്ഥപ്പെടുത്തിക്കഴിഞ്ഞിരിയ്ക്കുന്നു. ഒന്നും അറിയാതെ, കല്പിയ്ക്കുന്നതു കേട്ടു മുമ്പിലിരുന്നു പരിഭ്രമിയ്ക്കുന്ന പടത്തലവന്മാരെ കൂടുതൽ പരിഭ്രമിപ്പിയ്ക്കാൻ തമ്പുരാൻ തുനിഞ്ഞില്ല. അദ്ദേഹം ഒടുവിലായി ഇത്രയുംകൂടി പറഞ്ഞു:

"അമ്പുവിനേ, കങ്കനേ, ഏമനേ, മററുള്ളവരേ നമ്മോടു പരിഭവം തോന്നരുതു്. ഒരു യുദ്ധത്തിനു തീരുമാനിയ്ക്കുന്നതിനുമുമ്പു് പടത്തലവന്മാരോടും മന്ത്രിമാരോടും ആലോചിയ്ക്കേണ്ടതു് രാജാവിന്റെ കടമയാണ്. പക്ഷേ നാമിന്നു് അത്തരമൊരു പരിതസ്ഥിതിയിലല്ല. സൈന്യബലത്തേക്കാളേറെ നയോപായങ്ങളും, ആയുധബലത്തേക്കാളേറെ ആത്മവിശ്വാസവുമാണ് നമുക്കുള്ളതു്. അപ്പോൾ സമയം സന്ദർഭമെന്നിവയ്ക്കു വേണ്ടതിലധികം വില കല്പിയ്ക്കാതെ കഴികയി

ല്ല. നാം പോയ സ്ഥലങ്ങളിലൊന്നും കാര്യാലോചനയ്ക്കുള്ള സൗകര്യമുണ്ടായിരുന്നില്ല. പിന്നെ സമയവും വളരെ പരിമിതമായിരുന്നു. ജനങ്ങളുടെ ആവേശം നമുക്ക നേരിട്ടനുഭവപ്പെട്ടപ്പോൾ ഇനിയും തീരുമാനം നീട്ടിക്കൊണ്ടുപോകുന്നതു ശരിയല്ലെന്നു തോന്നി.”

ഇത്രയും പറഞ്ഞ് തമ്പുരാൻ തന്റെ മുമ്പിലിരിക്കുന്ന പടത്തലവന്മാരിലോരോരുത്തരേയും, അവരിൽ നിന്ന് എന്തെങ്കിലും അഭിപ്രായം പറഞ്ഞു കേൾക്കാനെന്നവണ്ണം മാറിമാറി നോക്കി. “തിരുവായ്ക്ക് എതിർവായില്ലെ”ന്ന മട്ടിൽ അവരൊക്കെയും തമ്പുരാന്റെ ആജ്ഞ ശിരസാ വഹിക്കാനുള്ള ഒരുക്കമാണെന്നു മുഖഭാവംകൊണ്ടു തെളിയിച്ചു മിണ്ടാതിരിക്കുകയല്ലാതെ ഒരു സംശയം പോലും ഉന്നയിക്കുകയുണ്ടായില്ല. തന്റെ പടത്തലവന്മാരുടെ മനസ്ഥിതി നല്ലപോലെ അറിയാവുന്ന തമ്പുരാൻ തന്റെ തീരുമാനങ്ങളെക്കുറിച്ചു തുടർന്നൊന്നും പറയാതെ, ഭാവിപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം നല്കുകയാണുണ്ടായതു്:

“അമ്പു കുത്തുപറമ്പിലേയ്ക്കാണ് പുറപ്പെടേണ്ടതു്.” യുദ്ധനടപടികളെക്കുറിച്ചു തമ്പുരാന്റെ ആദ്യത്തെ കല്പനയായിരുന്നു അതു്.

“അടിയൻ തനിച്ചാണോ?” പടത്തലവന്മാരുടെ കൂട്ടത്തിൽനിന്ന് അമ്പു ആദ്യമായി സംസാരിച്ചു.

“അമ്പു തനിച്ചാണ് പോകേണ്ടതു്. കുങ്കനും ഏമനും മറവുള്ളവരും കണ്ണവത്തേയ്ക്കു പോകും.” അതു മറവുള്ളവർക്കു വേണ്ടി പുറപ്പെട്ട കല്പനയായിരുന്നു. അമ്പു എന്തോ ചോദിക്കാനുള്ള ഭാവത്തിൽ തമ്പുരാനെ നോക്കി.

തമ്പുരാൻ ഒരു മന്ദസ്മിതത്തോടെ അമ്പുവിനോടു പറഞ്ഞു:

"നമുക്കു് അമ്പുവിൻെറ ഇംഗിതം പൂർണ്ണമായും മനസ്സിലാവുന്നുണ്ടു്. നാം എങ്ങോട്ടാണെന്നല്ലേ അമ്പുവിൻെറ സംശയം?"

അമ്പു കുറഞ്ഞൊരു ലജ്ജയോടെ തല താഴ്ത്തി. തമ്പുരാൻ തുടർന്നു:

"അമ്പു സംശയിച്ചതിൽ തെററില്ല. നാം രാജാവാണല്ലോ. സൈന്യങ്ങളേയും പടത്തലവന്മാരേയും മുന്നണിയിലേയ്ക്കു പറഞ്ഞയച്ചു് രാജാക്കന്മാർ കൊട്ടാരത്തിൽ അടച്ചിരിയ്ക്കുന്നൊരു പതിവുണ്ടു്. അതിനു നമുക്ക കൊട്ടാരമില്ലല്ലൊ അമ്പൂ."

തമ്പുരാൻ പറഞ്ഞതു പൂർത്തിയാക്കുന്നതിനു മുമ്പു് സഹിയ്ക്കാത്ത ഏതെവേദന നിമിത്തം അസ്വാസ്ഥനായ അമ്പു ഇടയിൽ കേറി പറഞ്ഞു:

"അങ്ങിനെ കല്പിയ്ക്കുന്നതു കഷ്ടമാണ് തിരുമേനി. അടിയൻെറ പഴമനസ്സിൽ അങ്ങിനെയൊന്നും ധരിച്ചിട്ടില്ല. ധരിയ്ക്കുകയുമില്ല. പടക്കളത്തിലേയ്ക്കു പോകുമ്പോഴും തിരുമനസ്സിനെ പിൻതുടരാൻ അടിയനാഗ്രഹമുണ്ടു്. അതുകൊണ്ടുമാത്രം അടിയനൊന്നു സംശയിച്ചു പോയതാണ്."

അമ്പുവിൻെറ പാരവശ്യം കണ്ടപ്പോൾ തമ്പുരാനു കൂടുതൽ നേരമ്പോക്ക തോന്നുകയാണുണ്ടായതു്. "അമ്പു നമ്മുടെ കാര്യത്തിൽ ഉൽക്കണ്ഠപ്പെടുകയാണല്ലേ? വേണ്ടതുതന്നെ. പക്ഷേ കുത്തുപറമ്പിലേയ്ക്കു് അമ്പു പോകേണമെന്നു തീർച്ചയാണ്. തലശ്ശേരിയിൽനിന്നു പുറപ്പെ

ടുന്ന കമ്പനിപ്പട്ടാളത്തെ വഴിയിൽവെച്ചു തടയാനുള്ള ഭാരം അമ്പുവാണ് ഏറ്റെടുക്കേണ്ടതു്. അവിടെ വേണ്ടത്ര സൈന്യങ്ങളെ സജ്ജീകരിച്ചു നിർത്തീട്ടുണ്ടു്. അമ്പു ചെന്നു നേതൃത്വമേറെറടുത്തു് അവരെ നയിക്കുകയേ വേണ്ടൂ...ഇനി നമ്മുടെ കാര്യം. നാം കണ്ണവത്തു വേണമെന്നാണ് നിശ്ചയിച്ചതു്. അവിടെയാണ് നമ്മുടെ വിധി നിർണ്ണയിക്കുന്ന യുദ്ധം നടക്കാൻ പോകുന്നതു്. അവിടെ നമ്മുടെ സാന്നിദ്ധ്യം ആവശ്യമാണ്. ഇനി ഇക്കാര്യത്തിൽ കൂടുതലായൊന്നും പറയാൻ നാമിപ്പോൾ വിചാരിക്കുന്നില്ല. ഇന്നുതന്നെ എല്ലാവരും പുറപ്പെടണം."

തമ്പുരാൻ എഴുന്നേററു; മററുള്ളവരും. പടത്തലവന്മാർ ഓരോരുത്തരായി മുമ്പോട്ടു വന്നു തമ്പുരാൻെറ മുമ്പിൽ തല കുനിച്ചു. തമ്പുരാൻ എല്ലാവരുടെ മൂർദ്ധാവിലും കൈവെച്ചു് അനുഗ്രഹിച്ചു: "ശ്രീപോർക്കലി കടാക്ഷിക്കട്ടെ!" വഴിക്കുവഴി ഓരോ പടത്തലവനും തമ്പുരാനെ വന്ദിച്ചു നിശ്ശബ്ദനായി മുമ്പോട്ടു നടന്നു് ഇരുട്ടിൽ മറഞ്ഞു. തമ്പുരാൻ അവർ പോയ വഴിയിലേക്കു തന്നെ ഇമവെട്ടാതെ അല്പനേരം നോക്കിനിന്നു് ഒരു നെടുവീർപ്പയച്ചുകൊണ്ടു കൂടാരത്തിലേക്കു പുറപ്പെട്ടു. അപ്പോഴാണ് തലയ്ക്കൽച്ചന്തുവിനെ കണ്ടതും അയാളുടെ കാര്യം ഓർമ്മ വന്നതും.

"എന്താ ചന്തു, ചന്തുവിനു പ്രത്യേകമായൊരു ജോലി നിർദ്ദേശിക്കാത്തതിൽ വ്യസനമുണ്ടോ? ചന്തു എല്ലാം ചെയ്യേണ്ടവനാണ്. മനസ്സിലായോ? കൂടുതലായി ഒരു കാര്യംകൂടി. കുഞ്ഞാനിയെ തക്ക സമയത്തു പ

ല്ലക്കിലേററി പഴശ്ശിക്കൊട്ടാരത്തിൽ എത്തീട്ടണം. അതിന്നു വേണ്ട അകമ്പടി മാത്രം ഇവിടെ നിന്നാൽ മതി.”

ഇത്രയും കല്പിച്ചു കൂടാരത്തിന്റെ വാതിലിൽ അക്ഷമയായി നില്ക്കുന്ന കെട്ടിലമ്മയെക്കണ്ടു തമ്പുരാൻ പ്ലുതിയിൽ അങ്ങോട്ടു നടന്നു.

---

# ഒമ്പതു്

രണ്ടു ദിവസംകൂടി കഴിഞ്ഞു. കോട്ടയത്തുള്ളവരെല്ലാം മതികെട്ടുറങ്ങുകയാണു്. ആരും ഒന്നും അറിയാതെ അതു സംഭവിച്ചു. തമ്പുരാൻെറ സൈന്യത്തിൽ ഒരാളെങ്കിലും നഷ്ടപ്പെടാതെ, ഒരാൾക്കെങ്കിലും ഒരു ചതവോ മുറിവോ പററാതെ, കണ്ണനവത്തുള്ള കമ്പനിപ്പട്ടാളത്തെ നിശ്ശേഷം നശിപ്പിച്ചുകഴിഞ്ഞ കഥ പിറേറന്നു പുലർന്നപ്പോഴാണു് നാട്ടിൽ പ്രചരിച്ചതു്. ജനങ്ങൾ ആശ്ചര്യഭരിതരായി കണ്ണനവത്തേയ്ക്കു പ്രവഹിക്കാൻ തുടങ്ങി. എന്താണു് അവരവിടെ കണ്ടതു്?

തലേദിവസം രാത്രി ഒരു വലിയ യുദ്ധം നടന്നതിൻെറ പാടു പോലും അവിടെയെങ്ങും ഇല്ല. കമ്പനിപ്പാളയം നിശ്ശേഷം നശിപ്പിക്കപ്പെട്ടിരിക്കുന്നു. അവശിഷ്ടങ്ങൾപോലും കണി കാണാനില്ല. തമ്പുരാൻെറ സൈന്യങ്ങൾ ആയുധധാരികളായി അവിടവിടെ കാവൽനില്ക്കുന്നുണ്ടു്. ജനങ്ങൾ പല വഴിക്കും തുരുതുരെ പ്രവഹിച്ചുകൊണ്ടിരിക്കയാണു്. കുട്ടികളും, പെണ്ണുങ്ങളും, വൃദ്ധന്മാരും, യുവാക്കളും ഞാൻ ഞാൻ മുമ്പെന്നുള്ളമട്ടിൽ ധൃതി പിടിച്ചു ഓടിക്കൊണ്ടാണു വരുന്നതു്.

കമ്പനിപ്പട്ടാളത്തിൻെറ താവളം സ്ഥിതിചെയ്തിരുന്ന സ്ഥലത്തു തറയിൽനിന്നു് അല്പം ഉയർത്തികെട്ടിയൊരു മണ്ഡപത്തിൽ വെള്ളയും കരിമ്പടവും വിരിച്ചു തമ്പുരാൻ സുസ്മേരവദനനായി ഇരിക്കുകയാണു്. തലേന്നാൾ വലിയൊരു സംഘട്ടനം നടന്നതിൻെറയോ, ആ

സംഘട്ടനത്തിന്റെ വിജയത്തിനുവേണ്ടി ഊണുമുറക്കവു മുപേക്ഷിച്ചു പല നാഠം അദ്ധ്വാനിച്ചതിന്റെയോ ലക്ഷണമൊന്നും ആ മുഖത്തു കാണാനില്ല. തികഞ്ഞ സംതൃപ്തിയും ശാന്തിയുമാണ് അവിടെ കളിയാടുന്നതു്. ജനപ്രവാഹത്തെ നിയന്ത്രിയ്ക്കാൻ പട്ടാളക്കാർക്കു വളരെയധികം പാടുപെടേണ്ടിവന്നു. തമ്പുരാനെ മുഖം കാണിയ്ക്കാൻ കൊതിച്ചുകൊണ്ടു ബഹളം കൂട്ടുന്നവരെ ഒതുക്കിനിർത്താൻ ബലപ്രയോഗംതന്നെ വേണ്ടിവരുമെന്ന നിലയായി. പക്ഷേ അങ്ങിനെയൊരു നില വന്നുചേന്നാൽ അതു തമ്പുരാൻ സഹിയ്ക്കുകയില്ലെന്നു പടത്തലവന്മാക്കും പട്ടാളക്കാക്കും നല്ലപോലെ അറിയാമായിരുന്നു. എടച്ചേനക്കുങ്കനും വെള്ളൂർ ചെമ്മനും മററു പടത്തലവന്മാരും ജനങ്ങളെ നിയന്ത്രിയ്ക്കാൻ അങ്ങുമിങ്ങും ഓടിനടന്നു പാടുപെട്ടു. ജനങ്ങളെ വരിവരിയായി നിൎത്തീട്ടു ഓരോരുത്തരായി തമ്പുരാനെ മുഖം കാണിയ്ക്കാനുള്ളൊരു ക്രമം അവരുണ്ടാക്കി.

ആഹ്ലാദാശ്രുക്കഠം വഴിഞ്ഞൊഴുകുന്ന കണ്ണുകഠംകൊണ്ടു തമ്പുരാന്റെ സുകുമാരശരീരം അവർ തൊട്ടുഴിഞ്ഞു. തമ്പുരാന്റെ മുഖത്തുനിന്നു എന്തെങ്കിലുമൊന്നു പറഞ്ഞുകേഠംക്കുമ്പോഠം ജന്മസാഫല്യം കിട്ടിയതുപോലെ ഓരോരുത്തരും കണക്കാക്കി. തന്റെ പേരിൽ ജനങ്ങഠംക്കുള്ള ഭക്തിയും സ്നേഹവും കണ്ടു തമ്പുരാൻ കോഠംമയിർക്കൊണ്ടു. ഒരു കൊച്ചുകുട്ടിയെപ്പോലും അദ്ദേഹം അവഗണിച്ചിരുന്നില്ല. നേരിട്ടറിയുന്നവരോടാണെങ്കിൽ വല്ലതും കുശലം ചോദിയ്ക്കും. അല്ലാത്തവർ തിക്കിത്തിരക്കി പ്രയാസപ്പെട്ടു മുമ്പിൽ വന്നുനിന്നു തൊഴുതു കമ്പി

ടുമ്പോഠം മന്ദസ്മിതം തൂകിക്കൊണ്ടു് "ശ്രീപോക്ലെി സഹായ"മെന്നെങ്കിലും അദ്ദേഹം പറയാതിരിയ്ക്കില്ല.

തമ്പുരാനു പുറമെ നാട്ടുവാഴികളും പ്രഭുക്കന്മാരും ബഹുമാനാദരങ്ങളോടെ രണ്ടാംമൂണ്ടും കക്ഷത്തുവെച്ചു നില്പുറപ്പിച്ചിട്ടുണ്ടു്. ഇടയ്ക്കിടെ അവരിൽ ചിലരോടു ചില ഫലിതം പറയുകയും ജനങ്ങളുടെ ആവേശത്തെക്കുറിച്ചു് എന്തെങ്കിലും സംസാരിയ്ക്കുകയും ചെയ്തുകൊണ്ടു തമ്പുരാൻ ഒട്ടും അക്ഷമനാവാതെ സമയം പോക്കി. തന്റെ വിജയവും നേട്ടവും സ്ഥാനവും സ്ഥിതിയുമെല്ലാം തന്നെ വിശ്വസിച്ചു സ്നേഹിയ്ക്കുന്ന ബഹുജനങ്ങളിലാണു സ്ഥിതിചെയ്യുന്നതെന്നു തമ്പുരാനു നല്ലപോലെ അറിയാം. തനിയ്ക്കുവേണ്ടി അവർ പലതും സഹിയ്ക്കുമ്പോഠം അവക്കുവേണ്ടി താനൊരു ചെറിയ ത്യാഗമെങ്കിലും സഹിയ്ക്കാഞ്ഞാൽ അതു വലിയ അപരാധമായിത്തീരുമെന്നു തമ്പുരാൻ തീച്ചപ്പെടുത്തി. പക്ഷെ, ആ ത്യാഗം കടുത്തതായിരുന്നു. ജനപ്രവാഹം ക്രമേണ പെരുകിപ്പെരുകിയാണു വരുന്നതു്. അതു് അവസാനിയ്ക്കുന്ന മട്ടില്ല. തന്നെ കാണാൻ വരുന്ന ജനങ്ങളെ ആരും ഒരുതരത്തിലും നിയന്ത്രിച്ചപോകരുതെന്നു തമ്പുരാൻ കാലേക്കൂട്ടി കല്പന പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

നേരം ഉച്ചയോടടുത്തു. തമ്പുരാന്റെ നിത്യകമ്മങ്ങളൊന്നും അതുവരെ നടന്നിട്ടില്ല. ആക്കും അതു് ഓമ്മപ്പെടുത്തുവാൻ ആ സന്ദർഭത്തിൽ ധൈര്യമുണ്ടായില്ല. വിശപ്പും ദാഹവും മറന്നു തമ്പുരാൻ ജനങ്ങളുടെ ആവേശം കണ്ടു സന്തോഷിച്ചിരിയ്ക്കുകയാണു്. അപ്പോഠം

ജനക്കൂട്ടത്തിൽനിന്നു് ഒരു പടത്തലവൻ മുമ്പോട്ടു വന്നു തമ്പുരാനെ വണങ്ങി ഒരുവശത്തു മാറി നിന്നു.

"കാര്യങ്ങളെല്ലാം വേണ്ടപോലെ നടത്തിയില്ലേ?" തമ്പുരാൻ പടത്തലവനെ ലക്ഷ്യംവെച്ചു ചോദിച്ചു.

"അടിയൻ" പടത്തലവൻ ഒരടി മുമ്പോട്ടുവെച്ചു.

"തടവുകാരെ മുഴുവനും ഭദ്രമായി സൂക്ഷിച്ചിട്ടില്ലേ?"

"കുറിച്യപ്പടയെ കാവലിനാക്കീട്ടുമുണ്ടു്."

"തടവുകാരായ വെള്ളക്കാരുടെ സുഖസൗകര്യങ്ങൾ പ്രത്യേകം ശ്രദ്ധിയ്ക്കണം."

"എല്ലാം പറഞ്ഞേല്പിച്ചിട്ടുണ്ടു്."

"മുറിവേററവരുടെ കാര്യത്തിൽ വേണ്ടതു ചെയ്തിട്ടില്ലേ?"

"ശുശ്രൂഷയ്ക്കുള്ള ഏർപ്പാടുകൾ മുഴുവനും ചെയ്തിട്ടുണ്ടു്."

"ശരി. തടവുകാരോടും മുറിവേററവരോടും ശത്രുക്കളുടെ നിലയിൽ പെരുമാറാൻ പാടില്ലെന്നു പ്രത്യേകം മനസ്സിലാക്കണം. അവരുടെ സുഖസൗകര്യങ്ങൾ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിയ്ക്കണം. മനസ്സിലായോ?"

"അടിയൻ."

"പടത്തലവൻെറ ചുമതലയിലാണ് മുറിവേററവരും തടവുകാരും. എല്ലാം വേണ്ടപോലെ നിറവേററിക്കൊള്ളണം."

പടത്തലവൻ തമ്പുരാൻെറ ആജ്ഞയും വാങ്ങി തിരുമുമ്പിൽനിന്നു പിൻവാങ്ങി.

ജനങ്ങൾ ഒരവസാനമില്ലാതെ വീണ്ടും വീണ്ടും വന്നുകൊണ്ടിരിയ്ക്കുകയാണെന്നു കണ്ടു കൂടാളിയജമാനൻ ത

മ്പുരാനുമായി എന്തോ രഹസ്യാലോചനകൾ നടത്തി. തമ്പുരാൻെറ പ്രതിഷേധമെല്ലാം പറഞ്ഞൊതുക്കി അദ്ദേഹം ജനങ്ങളെ അഭിമുഖീകരിച്ച് ഇപ്രകാരം പറഞ്ഞു:

"പ്രിയപ്പെട്ട ജനങ്ങളേ! ഇനിയിന്നു തിരുമനസ്സിനെ മുഖംകാണിയ്ക്കാൻ സൗകര്യമില്ലെന്ന വിവരം വ്യസനപൂർവ്വം ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. കമ്പനിയുമായുള്ള യുദ്ധം വിജയപൂർവ്വം അവസാനിച്ചതുകൊണ്ട് ഭരണകാര്യങ്ങളെക്കുറിച്ചു അവിടുത്തേയ്ക്കു ഗൗരവപൂർവ്വം പലതും ചിന്തിയ്ക്കാനുണ്ട്. അതുകൊണ്ടു നിങ്ങളെല്ലാവരും നമ്മുടെ പൊന്നുതിരുമേനിയ്ക്കു സിദ്ധിച്ച വിജയത്തിൽ സന്തോഷിച്ചുകൊണ്ടു തിരിച്ചുപോകണം. നാളെമുതൽ എന്നും രാവിലെ തൻെറ പ്രിയപ്പെട്ട നാട്ടുകാരെ പഴശ്ശിക്കൊട്ടാരത്തിൽവെച്ചു തിരുമേനി കാണുന്നതായിരിയ്ക്കും. എല്ലാവക്കും ഇപ്പോൾ തിരിച്ചു പോകാം."

കൂടാളിയജമാനൻെറ അഭ്യർത്ഥന സ്വീകരിച്ചു ജനങ്ങൾ ഒന്നൊഴിയാതെ സമാധാനചിത്തരായി തിരിച്ചു പോകാൻ തുടങ്ങി. അപ്പോഴുണ്ട് പടിഞ്ഞാറുഭാഗത്തുനിന്നു ഒരു ആർപ്പും വിളിയും ജനബഹളവും കേൾക്കുന്നു. എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. ഒരു വലിയ പുരുഷാരം ആർത്തുവിളിച്ചുകൊണ്ടു വരികയാണ്. മുമ്പിൽ കൈതേരി അമ്പു കയ്യും വീശി നടക്കുന്നുണ്ട്. അമ്പുവിനെ തിരിച്ചറിഞ്ഞ തമ്പുരാൻ ഒരു പുഞ്ചിരിയോടുകൂടി നാടുവാഴികളെ നോക്കിപ്പറഞ്ഞു:

"അമ്പു കല്പനയിലും കവിഞ്ഞു് എന്തെങ്കിലുമൊന്നു ചെയ്യാതിരിയ്ക്കില്ല. അവൻെറ ആവേശം അത്രവലുതാണ്."

"ഈ ബഹളത്തിൻെറ കാരണം മനസ്സിലായില്ലല്ലോ!" കൂടാളിയജമാനൻ പറഞ്ഞു.

"നാം പറഞ്ഞില്ലേ, കൈതേരി അമ്പുവിൻെറ ആവേശത്തിൽക്കവിഞ്ഞു അതിന്നു മറെറാരു കാരണവും ആവശ്യമില്ല."

"കമ്പനിക്കാരുടെ സഹായസൈന്യത്തെ തോല്പിച്ചിട്ടുണ്ടാവും." കൂടാളിയജമാനൻ തന്നെയാണ് പറഞ്ഞതു്.

"അതിൽ സംശയിയ്ക്കാനില്ല." തമ്പുരാൻ ദൃഢസ്വരത്തിൽ പറഞ്ഞു: "കൂത്തുപറമ്പിൽ അത്രയും പ്രബലമായ ഏർപ്പാടുകളാണു ചെയ്തതു്."

തമ്പുരാൻ സംസാരിച്ചു തീരുന്നതിന്നിടയിൽ കൈതേരി അമ്പുവിൻെറ നേതൃത്വത്തിലുള്ള ആ ജനസമൂഹം തമ്പുരാൻെറ സന്നിധിയിലെത്തിക്കഴിഞ്ഞു. ആർപ്പും ബഹളവുമെല്ലാം തമ്പുരാൻെറ സാന്നിദ്ധ്യം മനസ്സിലായതോടെ നിലച്ചു. ജനസമൂഹം അല്പം അകന്നു് നിലയുറപ്പിച്ചു. അമ്പു മുമ്പോട്ടു വന്നു തമ്പുരാനെ താണു തൊഴുതു ഒരുവശത്തേയ്ക്കു മാറിനിന്നു.

"വിജയാഘോഷമായിരിയ്ക്കും, ഇല്ലേ അമ്പു?" തമ്പുരാൻ അലസമായി ചോദിച്ചു.

ആ ബഹളവും പ്രകടനവുമൊന്നും തമ്പുരാന്ന ഇഷ്ടപ്പെട്ടിട്ടില്ലെന്നു മനസ്സിലാക്കി അല്പം പരിഭ്രമത്തോടെ അമ്പു കാര്യങ്ങരം വിവരിയ്ക്കാൻ തുടങ്ങി.

"തിരുവുള്ളക്കേടു തോന്നരുതു്. അടിയൻ എന്തൊക്കെ ചെയ്തിട്ടും ജനങ്ങളെ ഒതുക്കിനിത്താൻ കഴിഞ്ഞില്ല. അവർ പഴയംവീടനെ പിടിച്ചുകൊണ്ടു വന്നിട്ടുണ്ടു്."

പഴയംവീടൻെറ പേരു കേട്ടപ്പോരം നാടുവാഴികളുടെ മുഖം ചുവക്കുകയും, "എവിടെ ആ രാജ്യദ്രോഹി?" എന്നു ചോദിച്ചുകൊണ്ടു അവരിൽപ്പലരും മുമ്പോട്ടു പായുകയും ചെയ്തു. തമ്പുരാൻെറ കരുണാമസൃണമായ ഒരു ദൃഷ്ടിവിക്ഷേപം അവരെ സ്വസ്ഥാനങ്ങളിൽ അടക്കിനിത്തി. അല്പനേരത്തേയ്ക്കു് ആരും ഒന്നും മിണ്ടിയില്ല. എന്താണു് കല്പനയുണ്ടാവുന്നതെന്നറിയാൻ ഉൽക്കണ്ഠപ്പെട്ടുകൊണ്ടു എല്ലാവരും തമ്പുരാൻെറ മുഖത്തേയ്ക്കു നോക്കി. ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ തമ്പുരാൻ അമ്പുവിൻെറ മുഖത്തേയ്ക്കു നോക്കി.

"പഴയംവീടനെ എവിടെവെച്ചു പിടിച്ചു?"

"തലശ്ശേരിനിന്നു പുറപ്പെട്ട കമ്പനിപ്പട്ടാളത്തിൻെറ കൂടെ പഴയംവീടനുമുണ്ടായിരുന്നു."

"കുലദ്രോഹി!" കൂടാളിയജമാനനാണു് പറഞ്ഞതു്. "രാജ്യദ്രോഹി! സ്വന്തം നാട്ടിനേയും നാട്ടാരേയും കമ്പനിയ്ക്കു് ഒററിക്കൊടുക്കാൻ പുറപ്പെട്ടതാണു്. അവൻെറ ലക്ഷ്യം പുരളിമലയിലെ സങ്കേതമായിരിക്കണം."

തമ്പുരാനതു കേട്ട ഭാവമേ നടിച്ചില്ല. കൂടാളിയജമാനൻെറ അഭിപ്രായം കേട്ടു് അവിടെ കൂടിയവരെല്ലാം

അരിശംകൊണ്ടു പല്ലു കടിച്ചു. ചന്തുവിനെ കയ്യിൽ കിട്ടിയാൽ പിച്ചിച്ചീന്താൻ അവക്കോരോരുത്തക്കും കൊതിയുണ്ടായിരുന്നു. തമ്പുരാൻ അമ്പുവിനോടു വീണ്ടും ചോദ്യങ്ങൾ തുടങ്ങി.

"കമ്പനിപ്പട്ടാളത്തിൻെറ ഒരുമിച്ചു പഴയംവീടനും പടവെട്ടിയോ?"

"അതടിയനറിയില്ല. കമ്പനിപ്പട്ടാളത്തെ ഒടുക്കി പടനായകന്മാരെ തടവുകാരാക്കിപ്പിടിച്ചു കഴിഞ്ഞശേഷം കുറെ നാട്ടുകാർ കൂടി പഴയംവീടനെ പിടിച്ചു കെട്ടി എന്നെ ഏല്പിച്ചതാണ്. പഴയംവീടൻ വേഷം മാറി രക്ഷപ്പെടാൻ നോക്കിയപ്പോൾ ആരോ ചിലർ തിരിച്ചറിഞ്ഞു പിടികൂടിയെന്നു കേട്ട് ഒരു ഏറ്റുമുട്ടലിനുശേഷം അവർ പഴയംവീടനെ പിടിച്ചുകെട്ടി. അടിയനു പഴയംവീടനേയുംകൊണ്ടു അവിടെ നില്ക്കാൻ ധൈര്യമുണ്ടായില്ല. ജനങ്ങൾ അത്രമാത്രം ക്ഷോഭിച്ചിരുന്നു. അവർ വല്ല അവിവേകവും പ്രവത്തിച്ചെങ്കിലോ എന്നു വിചാരിച്ച് അടിയൻ വേഗത്തിൽ പഴയംവീടനേയുംകൊണ്ട് ഇങ്ങോട്ടു പോന്നതാണ്."

"അതു നന്നായി" തമ്പുരാൻ പറഞ്ഞു. "ആട്ടെ, പഴയംവീടനെ നമ്മുടെ മുമ്പിൽ ഹാജരാക്കൂ." കല്പന കേട്ട ഉടനെ പട്ടാളക്കാരാൽ വളയപ്പെട്ടു ചന്തുവിനെ ആൾക്കൂട്ടത്തിൽനിന്നു മുമ്പോട്ടു കൊണ്ടുവന്നു തമ്പുരാൻെറ സന്നിധിയിൽ നിത്തി.

"അവനെ കൊല്ലണം", "അവനെ ജീവനോടെ ചുടണം", "തൊലിയുരിക്കണം" എന്നെല്ലാമുള്ള ശബ്ദത്തിലൂടെ ആ വിശ്വാസവഞ്ചകൻെറ പേരിലുള്ള അമ

ഷം ജനങ്ങൾ പുറത്തു കാട്ടി. അവർ അല്പനേരത്തേയ്ക്കു തമ്പുരാൻെറ സാന്നിദ്ധ്യം തന്നെ മറന്നുകഴിഞ്ഞു. ബഹളം തെല്ലൊന്നടങ്ങിയപ്പോൾ, രണ്ടു കൈകളും പിന്നിൽച്ചേർത്തു ബലമായി കെട്ടിയ നിലയിൽ, തൻെറ മുമ്പിൽ നില്ക്കുന്ന ചന്തുവിനെ നോക്കി തമ്പുരാൻ ഇത്രയും പറഞ്ഞു.

"ഇവനെ നാം വധിയ്ക്കാനോ മററതരത്തിൽ ശിക്ഷിയ്ക്കാനോ ഉദ്ദേശിയ്ക്കുന്നില്ല. പഴശ്ശിയുടെ പടവാൾ നീചരക്തംകൊണ്ടു പങ്കിലമാവാൻ പാടുള്ളതല്ല. അത് ഈ നാട്ടിൻെറ സ്വാതന്ത്ര്യത്തിനും നാട്ടാരുടെ ക്ഷേമത്തിനും വേണ്ടിയാണ് ഇന്നുവരെ പ്രവർത്തിച്ചതു്. ഇനി പ്രവർത്തിപ്പിയ്ക്കുന്നതും അതിനു വേണ്ടിയായിരിയ്ക്കും."

"പഴയംവീടൻെറ കുററത്തിനു ചേർന്ന ശിക്ഷ ദൈവത്തിൻെറ കയ്യിൽ മാത്രമാണുള്ളതു്. അവിടുത്തെ അവകാശത്തിൽ കൈവെയ്ക്കാൻ നാമുദ്ദേശിയ്ക്കുന്നില്ല. നാം പഴയംവീടനെ വെറുതെ വിടാൻ തീരുമാനിച്ചിരിയ്ക്കുന്നു. നാട്ടുകാർ നമ്മുടെ തീരുമാനത്തോടു യോജിയ്ക്കുമെന്നു നമുക്കുറപ്പുണ്ടു്."

ആരും എതിരഭിപ്രായമൊന്നും പറഞ്ഞില്ല. ആൾക്കൂട്ടത്തിൽനിന്നു തലയ്ക്കൽ ചന്തു മുമ്പോട്ടുവന്നു. തമ്പുരാൻെറ കാലടികളിൽ കമ്പിട്ടിരുന്ന് അയാൾ വിങ്ങിവിങ്ങി കരയാൻ തുടങ്ങി. ധീരനായ ആ കുറിച്യപ്രമാണി മുമ്പൊരിയ്ക്കലും കരയുന്നതു തമ്പുരാൻ കണ്ടിട്ടില്ല. തമ്പുരാനു പരിഭ്രമമായി. എത്ര ആലോചിച്ചിട്ടും അദ്ദേഹത്തിന്നതിൻെറ കാരണം കണ്ടെത്താൻ കഴിഞ്ഞില്ല. ഒടുവിൽ ചന്തുവിനോടുതന്നെ ചോദിയ്ക്കാമെന്നു കരുതി

വാത്സല്യസമേതം തമ്പുരാൻ ചന്തുവിനെ വിളിച്ചു ചോദിച്ചു:

"ചന്തു, എന്തിനാ ചന്തു കരയുന്നതു്?"

"പൊന്നുതിരുമേനീ, സഹിയ്ക്കാഞ്ഞിട്ടാണ്" ചന്തു വിങ്ങിവിങ്ങി പറഞ്ഞു.

"എന്തു വ്യസനമായാലും നാം തീൎത്തുതരും; പറയു. അവിടെനിന്നു എഴുന്നേല്ക്കു" തമ്പുരാൻ കല്പിച്ചു.

ചന്തു തമ്പുരാൻെറ കല്പന അനുസരിച്ചു് എഴുന്നേററു തൊഴുതുകൊണ്ടവിടെ നിന്നു. എല്ലാവരും പഴയംവീട്ടിൽ ചന്തുവിനെ വിട്ടു തലയ്ക്കൽച്ചന്തുവിനെ നോക്കാൻ തുടങ്ങി. തമ്പുരാൻ രണ്ടടി മുമ്പോട്ടുവെച്ചു ചന്തുവിനെ സമീപിച്ചു അയാളുടെ പുറം തലോടിക്കൊണ്ടു ചോദിച്ചു. "എന്താ ചന്തു, എന്തുവ്യസനമാണു നിനക്ക്?" ആ ചോദ്യത്തിൽ ചന്തുവിനോടുള്ള തൻെറ വാത്സല്യം മുഴുവനും കലൎന്നിരുന്നു. തനിയ്ക്കുവേണ്ടി അന്നുവരെ ജീവിയ്ക്കുകയും തൻെറ മഹത്തായ വിജയങ്ങളിൽ മുഴുവനും നല്ലൊരു പങ്കു വഹിയ്ക്കുകയും ചെയ്തു കുറിച്ച്യപ്രമാണി, അന്നു താൻ നേടിയ പ്രശസ്തവിജയത്തിൽ മററാരേക്കാളും സന്തോഷിയ്ക്കേണ്ടതാണെന്നു തമ്പുരാനു നിശ്ചയമുണ്ടു്. എന്നാൽ അതിനു പകരം ആ ധീരനായ പടയാളി കരയുകയാണ്! തമ്പുരാൻ തൻെറ വത്സലശിഷ്യൻെറ മറുപടിയ്ക്കുവേണ്ടി അക്ഷമയോടെ കാത്തുനിന്നു.

തലയ്ക്കൽ ചന്തുവാകട്ടെ, തൻെറയും തമ്പുരാൻെറയും മുമ്പിൽ ബന്ധനസ്ഥനായി നില്ക്കുന്ന പഴയംവീട്ടിൽ ചന്തുവിനെ രൂക്ഷമായൊന്നു നോക്കി, എല്ലാവരും കേൾക്കെ തമ്പുരാനോടു പറഞ്ഞു:

"പൊന്നുതിരുമേനീ, ഈ മഹാപാപിയെ അടിയ നേല്പിച്ചുതരണം. പൊന്നുതിരുമേനിയെ നശിപ്പിയ്ക്കാ നൊരുങ്ങിയ ഇവനിനി ജീവിയ്ക്കാൻ പാടില്ല. അടിയൻ പാവമാണ്. രാജ്യകാര്യങ്ങളൊന്നും അറിയാത്തവനാ ണ്. എങ്കിലും ഈ മഹാപാപിയെ അടിയനറിയാം. രണ്ടു മാസമായി അടിയനും അടിയൻെറ കൂട്ടകാരും ഇ വനെ പിൻതുടരുകയാണ്. ഇവനെ വെറുതെ വിട്ടാൽ ആപത്തുണ്ടാവും. അടിയനെ ഏല്പിച്ചുതരുവാൻ തിരു വുള്ളമുണ്ടാവണം......"

ചന്തു പറഞ്ഞു നിർത്തിയപ്പോറം ജനക്കൂട്ടത്തിൽനി ന്നു നേരിയ ആഹ്ലാദപ്രകടനമുണ്ടായി. പക്ഷേ യാതൊ ന്നും തമ്പുരാൻെറ ദൃഢനിശ്ചയത്തെ ഇളക്കാൻ പര്യാപ്ത മായിരുന്നില്ല. തലയ്ക്കൽച്ചന്തുവിൻെറ ഉദ്ദേശശുദ്ധി യെ വേണ്ടത്ര മാനിച്ചുകൊണ്ടുതന്നെ തമ്പുരാൻ പറഞ്ഞു:

"ചന്തു, പ്രതികാരേച്ഛ ബുദ്ധിയുള്ളവക്ക ചേൎന്നത ല്ല. അവനെ വെറുതെ വിടാൻതന്നെ നാം തീരുമാനി ച്ചു. അതിൻെറ ഫലം എന്തായാലും നാം അനുഭവിച്ചു കൊള്ളാം. ചന്തുവിനും അതിഷ്ടമല്ലേ?"

അനുസരണത്തോടെ ചന്തു തലതാഴ്ത്തി. തമ്പു രാൻ അമ്പുവിൻെറ നേക്ക നോക്കി ഇപ്രകാരം ആജ്ഞാ പിച്ചു.

"അമ്പൂ, പഴയംവീടൻെറ കെട്ടഴിയ്ക്കൂ." എല്ലാ വരും അത്ഭുതംകൊണ്ടു ശ്വാസമടക്കിപ്പിടിച്ചു നിന്നു. അമ്പു പഴയംവീടൻെറ കെട്ടഴിച്ചു. തലതാഴ്ത്തി ഒന്നും മിണ്ടാതെ നില്ക്കുന്ന ചന്തുവിനെ നോക്കാൻതന്നെ ആ ക്കും മനസ്സുണ്ടായിരുന്നില്ല. തമ്പുരാൻ തുടൎന്നു കല്പിച്ചു:

"അവനെ വിട്ടേയ്ക്കു. നമ്മുടെ നാട്ടിൽവെച്ചു് ആരും അവനെ ദ്രോഹിച്ചുപോകരുതു്!"

പഴയംവീടൻ തല താഴ്ത്തിക്കൊണ്ടു ജനങ്ങളുടെ ഇടയിലേയ്ക്കു നടന്നു. ജനങ്ങൾ ഒരു അറയ്ക്കുന്ന ജന്തുവിനെന്നപോലെ അയാൾക്കു വഴി മാറിക്കൊടുത്തു. എല്ലാം കഴിഞ്ഞു് തമ്പുരാനു ചുററംകൂടിയ പടത്തലവന്മാരും നാടുവാഴികളുമൊഴിച്ചു മറെറല്ലാവരും പിരിഞ്ഞുപോകാൻ തുടങ്ങി. ജനങ്ങൾ തോരണങ്ങളും കുലവാഴകളുംകൊണ്ടു അലങ്കരിച്ചൊരുക്കിയ വഴികളിലൂടെ തമ്പുരാൻ പരിവാരസമേതം പഴശ്ശിക്കൊട്ടാരത്തിലേക്കു് എഴുന്നെള്ളി.

---

THE KERALA BOOK DEPOT
HUZUR ROAD : CALICUT-1.

1247

വിദേശീയരുടെ ആധിപത്യത്തിനു മുമ്പിൽ തല കുനിയ്ക്കാതെ അവസാനനിമിഷം വരെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടി വീരസ്വർഗ്ഗം വരിച്ച പഴശ്ശി കേരളവർമ്മരാജയുടെ ചരിത്രം നമുക്കു വളരെ കുറച്ചു മാത്രമേ കിട്ടീട്ടുള്ളു. വെള്ളക്കാരായ ചരിത്രകാരന്മാർ കൂടി പഴശ്ശിയെ ബഹുമാനിച്ചിരുന്നുവെന്നു് അവരുടെ ഡയറിക്കുറിപ്പുകളിൽനിന്നും, കത്തിടപാടുകളിൽനിന്നും തെളിയുന്നുണ്ടു്. പുരളിമലയിലെ ഗുഹാകൾക്കും വയനാടൻകുന്നുകളിലെ ശിലാതലങ്ങൾക്കും സംസാരിയ്ക്കാനുള്ള കഴിവുണ്ടായിരുന്നുവെങ്കിൽ പഴശ്ശിയുടെ വീരകഥകൾ പലതും അവ നമുക്കു പറഞ്ഞുതരുമായിരുന്നു!!

അന്നു വിദേശീയക്കെതിരായി പഴശ്ശിത്തമ്പുരാൻ നടത്തിയ നിരവധി ധീരസമരങ്ങളിലൊന്നിന്റെ ചെറിയയൊരംശമെടുത്തു് ഇവിടെ വിവരിയ്ക്കാനേ ശ്രമിച്ചിട്ടുള്ളു. നാം നേടിയ സ്വാതന്ത്ര്യത്തിന്റെ വില നമ്മുടെ കുട്ടികൾക്കു വേണ്ടപോലെ മനസ്സിലാവേണമെങ്കിൽ അതിനുവേണ്ടി ആത്മാർപ്പണമനുഷ്ഠിച്ച വീരാത്മാക്കളുടെ ചരിത്രങ്ങൾ അവർ വായിച്ചറിയുകയും പഠിയ്ക്കുകയും വേണം. ജിജ്ഞാസുക്കളായ ഇന്നാട്ടിലെ കുട്ടികൾക്കു ചരിത്രപരമായ ഒരു ചെറിയകഥ കൊടുക്കാൻ കഴിഞ്ഞതിൽ ഇതെഴുതിയ ആൾക്കു സന്തോഷമുണ്ടു്. കുപ്പുകൈ.

GRANTHASALA
KIDARAUZHI

---

KERALA EDITION

കേരള ബുക്കു് ഡിപ്പോ : കോഴിക്കോട്_1